# PLUS ONE SOCIOLOGY

തെളിമ

edu help programme

## STUDY MATERIAL




COMPILED BY:

**ALPHONSA JOSEPH**

GVHSS PAYYOLI, KOZHIKODE



HIGHER SECONDARY NATIONAL SERVICE SCHEME

## പ്ലസ് വൺ സോഷ്യോളജി-നോട്ട്സ്

## അധ്യായം 1

## സാമൂഹ്യശാസ്ത്രവും സമൂഹവും

### എന്താണ് സമൂഹ ശാസ്ത്രം?

- സമൂഹത്തെകുറിച്ചു പഠിക്കുന്ന ശാസ്ത്ര ശാഖയാണ് സാമൂഹ്യശാസ്ത്രം
- സമൂഹം എന്നാൽ മനുഷ്യ ബന്ധങ്ങളുടെ ചങ്ങലയാണ്
- പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യ കാലഘട്ടത്തിലാണ് സാമൂഹ്യശാസ്ത്രം ഉദ്ഭവിച്ചത്
- സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഏറ്റവും പ്രായം കുറഞ്ഞ വിഷയമാണ് സോഷിയോളജി
- ആഗസ്ററ് കോംറ്റെ, സെയിന്റ് സൈമൺ, എമിലി ദുർഖീം, ഹെർബെർട് സ്പെൻസർ തുടങ്ങിയ സാമൂഹ്യ ശാസ്ത്രജ്ഞന്മാർ സാമൂഹ്യ ശാസ്ത്രത്തിന്റെ വളർച്ചയിൽ വലിയ പങ്കു വഹിച്ചു
- ആഗസ്ററ് കോംറ്റെയാണ് സാമൂഹ്യ ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നത്
- സാമൂഹ്യ ശാസ്ത്രത്തിന്റെ രീതി ശാസ്ത്രീയമാണ്

**എന്തിനാണ് നാം സോഷ്യോളജി പഠിക്കുന്നത്?**

- സമൂഹത്തെക്കുറിച്ചു ശാസ്ത്രീയമായി മനസിലാക്കുന്നതിന്
- സാമൂഹ്യ സ്ഥാപനങ്ങളുമായി മനുഷ്യസമൂഹത്തിനുള്ള പരസ്പര ബന്ധം മനസിലാക്കുന്നതിന്
- കുറ്റകൃത്യ സമൂഹത്തെ നല്ല സമൂഹമാക്കി മാറ്റുന്നതിന്
- സംസ്കാരം, വിശ്വാസങ്ങൾ, സാമൂഹ്യ ഗണം തുടങ്ങിയവയുടെ വൈവിധ്യങ്ങളെക്കുറിച്ചും മാറ്റങ്ങളെക്കുറിച്ചും മനസിലാക്കുന്നതിന്

### സാമൂഹ്യശാസ്ത്രപരമായ ഭാവന: വ്യക്തിപരമായ പ്രശ്നങ്ങളും സാമൂഹ്യ പ്രശ്നങ്ങളും

- അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞനായ സി. റൈറ്റ് മിൽസ് ആണ് സാമൂഹ്യശാസ്ത്രപരമായ ഭാവന **(1959)** എന്ന ആശയം അവതരിപ്പിച്ചത്
- വ്യക്തിയും സമൂഹവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് സമൂഹശാസ്ത്ര പരമായ സങ്കൽപം
- സമൂഹ ശാസ്ത്രപരമായ ഭാവന എന്നത് സമൂഹശാസ്ത്രപരമായ വീക്ഷണമാണ്
- വ്യക്തിയുടെ സ്വകാര്യ പ്രശ്നങ്ങളും പ്രധാന സാമൂഹിക പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യാൻ ആണ് ഈ ആശയം ശ്രെമിക്കുന്നത്
- ഒരു കാര്യത്തെ സാമൂഹ്യപരമായി വീക്ഷിക്കാനുള്ള കഴിവാണിത്

- സാമൂഹ്യശാസ്ത്രപരമായ ഭാവനയുള്ള ഒരു വ്യക്തിക്കു സാഹചര്യങ്ങൾക്കനുസരിച്ചു തീരുമാനങ്ങളെടുക്കാനും സ്വയം മുന്നേറാനും കഴിയുന്നു
- സമൂഹത്തെ കുറിച്ചുള്ള വസ്തുനിഷ്ഠപരമായ നിരീക്ഷണത്തിനു **(Objective Observation)** ഈ വീക്ഷണം സഹായിക്കുന്നു
- വ്യക്തിയുടെ പ്രശ്നവും പൊതു പ്രശ്നവും തമ്മിലുള്ള ബന്ധത്തിനു സമൂഹത്തിന്റെ പശ്ചാത്തലവും പ്രധാനപ്പെട്ടതാണെന്നു മിൽസ് അഭിപ്രായപ്പെടുന്നു
- അത്കൊണ്ട് വ്യക്തിപരമായ പല പ്രശ്നങ്ങൾക്കും കാരണം സമൂഹം ആണെന്നും അത് പിന്നീട് സാമൂഹ്യ പ്രശ്നമായി മാറുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു
- ഇങ്ങനെ വ്യക്തിഗത പ്രശ്നങ്ങളും സാമൂഹ്യ പ്രശ്നനങ്ങളും തമ്മിലുള്ള ബന്ധത്തെ മനസിലാക്കുന്നതിനാണ് സാമൂഹ്യ ശാസ്ത്രപരമായ സങ്കൽപം എന്ന് പറയുന്നത്. ഉദാ: തൊഴിലില്ലായ്മ, പാർപ്പിടമില്ലായ്മ

**<u>സമൂഹശാസ്ത്രവും സാമാന്യബോധജ്ഞാനവും (Sociology and Common sense Knowledge)</u>**

- സാമൂഹ്യ ശാസ്ത്ര നിരീക്ഷണങ്ങൾ സാമാന്യ ബോധ ജ്ഞാനത്തിൽ നിന്ന് വ്യത്യസ്തമാണ്
- സാമാന്യ ബോധ ജ്ഞാനം സ്വാഭാവികവും വ്യക്തിപരവുമാണ്
- വ്യക്തികൾക്കു അവരുടെ അനുഭവങ്ങളിൽ കൂടിയോ ചുറ്റുപാടുകളിൽ നിന്നോ ലഭിക്കുന്ന ധാരണകളാണ് അവ
- അവ ചിലപ്പോൾ ശരിയോ തെറ്റോ ആകാം കാരണം അവയ്ക്ക് ശാസ്ത്രീയമായ അടിത്തറ ഇല്ല

| സമൂഹശാസ്ത്രം | സാമാന്യബോധജ്ഞാനം |
|---|---|
| ✓ ശാസ്ത്രീയമായ രീതിശാസ്ത്രം ഉപയോഗിക്കുന്നു<br>✓ കൃത്യമായ ചോദ്യങ്ങൾ ഉപയോഗിക്കുന്നു<br>✓ പഠനരീതികൾക്കും വിവരശേഖരണത്തിനും കൃത്യമായ രീതികൾ ഉപയോഗിക്കുന്നു<br>✓ കണ്ടെത്തലുകളെ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കുന്നു | ✓ ശാസ്ത്രീയ ചട്ടക്കൂടോ വിവരങ്ങളുടെ പുനഃ പരിശോധനയോ ഇല്ല<br>✓ സ്വയം പ്രതിഫലന സാധ്യത ഇല്ല<br>✓ സാമാന്യ ജ്ഞാന കണ്ടെത്തലുകൾ ചോദ്യം ചെയ്യപ്പെടാറില്ല |

| | |
|---|---|
| ✓ എല്ലാ അറിവുകളെയും ചോദ്യം ചെയ്യാൻ സാധിക്കുന്നു<br>✓ അറിവിന്റെ യാഥാർഥ്യത്തെ അറിയാൻ ശ്രമിക്കുന്നു | ✓ സാമാന്യ ജ്ഞാനത്തിൽ വിശ്വസിക്കണം എന്നത് നിർബന്ധമല്ല<br>✓ അത് ശെരിയോ തെറ്റോ ആകാം |

**സമൂഹ ശാസ്ത്ര നിർമ്മിതിയിൽ ധൈഷണിക ആശയങ്ങൾക്കുള്ള പങ്ക്**

- പരിണാമ സിദ്ധാന്തങ്ങളും ആധുനിക പൂർവ്വ സമൂഹങ്ങളെ കുറിച്ച് ഉള്ള ശാസ്ത്രീയ സിദ്ധാന്തങ്ങളും സമൂഹത്തെ പല വിഭാഗങ്ങളായി വർഗ്ഗീകരിക്കുന്നതിനും സാമൂഹിക വികസനത്തിലെ ഘട്ടങ്ങൾ വേർതിരിക്കുന്നതിനും സഹായിച്ചു
- സമൂഹത്തിന്റെ വിവിധ തരങ്ങൾ: നായാടി -സമാഹരണ സമൂഹങ്ങൾ, ഇടയ -കാർഷിക സമൂഹങ്ങൾ, കാർഷിക-വ്യവസായികേതര സംസ്കാരങ്ങൾ തുടങ്ങിയ ആധുനിക പൂർവ സമൂഹങ്ങൾ, വ്യവസായിക ആധുനിക സമൂഹങ്ങൾ
- ഈ വീക്ഷണം പ്രകാരം പാശ്ചാത്യർ വളരെ പുരോഗതി പ്രാപിച്ചവരും സംസ്കാര സമ്പന്നരുമാണെന്നു വിശ്വസിച്ചു. പാശ്ചാത്യേതര സമൂഹങ്ങളെ അപരിഷ്കൃതരും അവികസിതവുമായാണ് അവർ കണ്ടത്

**<u>പ്രധാന ധൈഷണിക ആശയങ്ങൾ</u>**

1. ഡാർവിന്റെ പരിണാമ സിദ്ധാന്തം
2. ഹെർബെർട് സ്പെൻസറിന്റെ സോഷ്യൽ ഡാർവിനിസം - സമൂഹത്തെ ഒരു ജൈവ വസ്തുവുമായി താരതമ്യം ചെയ്തു. സമൂഹത്തിന്റെ വികസനത്തിൽ പല ഘട്ടങ്ങൾ ഉണ്ടെന്നു ഇത് വാദിച്ചു
3. ജ്ഞാനോദയം: 17 -)ഠ നൂറ്റാണ്ടിന്റെ അവസാനത്തിലും 18 -)ഠ നൂറ്റാണ്ടിലും യൂറോപ്പിലുണ്ടായ ധൈഷണിക പ്രസ്ഥാനമാണ് ജ്ഞാനോദയം. ഇത് യുക്തിക്കും വ്യക്തിവാദത്തിനും ഊന്നൽ നൽകി
4. ശാസ്ത്രവിപ്ലവവും ശാസ്ത്രവിജ്ഞാനത്തിന്റെ വളർച്ചയും
5. സാമൂഹ്യ പ്രശ്നങ്ങൾ പഠിക്കാനുള്ള സാമൂഹ്യ സർവ്വേകളുടെ ആരംഭം
6. അഗസ്റ്റ് കോംറ്റിനെ പോലെയുള്ള പാശ്ചാത്യ ചിന്തകന്മാരുടെ ആശയങ്ങൾ

**സമൂഹശാസ്ത്ര നിർമ്മിതിയെ സഹായിച്ച ഭൗതിക പ്രശ്നങ്ങൾ**

**<u>പ്രധാന ഭൗതിക പ്രശ്നങ്ങൾ</u>**

1. വ്യാവസായിക വിപ്ലവം: മുതലാളിത്തം അടിസ്ഥാനമാക്കിയുള്ള വ്യാവസായിക വിപ്ലവം സാമ്പത്തിക പ്രവർത്തനങ്ങൾ വളരാൻ സഹായകമായി
    - മുതലാളിത്തം പുതിയ മനോഭാവങ്ങളും സ്ഥാപനങ്ങളും സൃഷ്ടിച്ചു
    - മുതലാളിത്തത്തിന്റെ പ്രധാന ലക്ഷ്യം ലാഭമായിരുന്നു
    - മുതലാളിത്തത്തിന്റെ വളർച്ചയോടെ വിപണികൾ വളർന്നു
    - സാധനങ്ങളും സേവനങ്ങളും അധ്വാനവും ചരക്കുകളായി മാറി
2. കൃഷി കേന്ദ്രീകൃതമായിരുന്ന ഇംഗ്ലണ്ട് വ്യവസായ കേന്ദ്രീകൃത സമൂഹമായി
3. വ്യവസായവൽക്കരണത്തോടെ തൊഴിലാളികൾ തരം താഴ്ത്തപ്പെട്ടു. ഗിൽഡിലും ഗ്രാമത്തിലും കുടുംബത്തിലും തൊഴിലാളികൾക്ക് ലഭിച്ചിരുന്ന സംരക്ഷണം നഷ്ടമായി
4. നഗര കേന്ദ്രങ്ങൾ വികസിച്ചു. ഫാക്ടറികളും, തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ചേരികൾ, പുതിയ സാമൂഹ്യ ബന്ധങ്ങളും പ്രവർത്തനങ്ങളും രൂപപ്പെട്ടു
5. ക്ലോക്ക് സമയത്തിന്റെ പ്രാധാന്യം വർധിച്ചു
6. ഫാക്ടറികളിൽ ജോലി സമയം കൃത്യമായി പാലിക്കപ്പെട്ടു

ഈ മാറ്റങ്ങൾ എല്ലാം സാമൂഹ്യ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കുകയും സാമൂഹ്യ ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് കാരണമാകുകയും ചെയ്തു

<u>സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി</u>

- സമൂഹ ശാസ്ത്രത്തിന്റെ വ്യാപ്തി വളരെ വിപുലമാണ്
- സമൂഹ ശാസ്ത്രം ശ്രദ്ധ നൽകുന്നത് വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ വിശകലനത്തിനാണ്
- എല്ലാ വ്യക്തികളും തമ്മിൽ പരസ്പര പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്
- ഉദാ: കച്ചവടക്കാരനും ഉപഭോക്താവും, ടീച്ചറും വിദ്യാർത്ഥികളും
- അത്പോലെ ദേശീയ പ്രശ്നങ്ങളായ തൊഴിലില്ലായ്മ, ജാതി സംഘർഷം, വനത്തിന്മേലുള്ള ഗോത്ര ജനതയുടെ അവകാശങ്ങൾ നിഷേധിക്കുന്ന രാഷ്ട്ര നിയമങ്ങൾ, ഗ്രാമീണ പ്രശ്നങ്ങൾ എന്നിവയും സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ഭാഗമാണ്
- ആഗോളപ്രശ്നങ്ങളായ തൊഴിൽ നിയന്ത്രണങ്ങൾ, യുവജനങ്ങളിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം, രാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് വിദേശ സർവ്വകലാശാലകളുടെ കടന്നുവരവ് തുടങ്ങിയവയും സാമൂഹ്യ ശാസ്ത്രത്തിന്റെ പഠന മേഖലകളാണ്

- പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിവിധ പ്രശ്നങ്ങൾ സാമൂഹ്യ ശാസ്ത്രത്തിന്റെ പഠന മേഖലയാണ്. അതിനാൽ സാമൂഹ്യ ശാസ്ത്രത്തിന്റെ വ്യാപ്തി വളരെ വ്യാപിച്ചു കിടക്കുന്നു
- സമൂഹ ശാസ്ത്രം എന്ത് പഠിക്കുന്നു എന്നതിനേക്കാൾ എങ്ങനെ പഠിക്കുന്നു എന്നുള്ളതാണ് പ്രധാനം
- സാമൂഹ്യ ശാസ്ത്രത്തിൽ പഠിക്കുന്നത് സ്വന്തം സമൂഹത്തെക്കുറിച്ചും മനുഷ്യ ജീവിതത്തെക്കുറിച്ചും ആയതിനാൽ സമൂഹത്തെ വസ്തുനിഷ്ഠമായി നോക്കിക്കാണാനും ചുറ്റുപാടുമുള്ള പരിസ്ഥിതിയെ വിലയിരുത്താനും ഈ പഠനം സഹായിക്കുന്നു
- സമൂഹ  തൊഴിൽപരമായ സാധ്യതകളും ഉണ്ട്. ഗവേഷണം, ബിസിനസ്, ഗവൺമെന്റ്, വ്യവസായം, സാമൂഹ്യ പ്രവർത്തനം, ഭരണ നിർവ്വഹണം തുടങ്ങി വിവിധ മേഖലകളിൽ സാമൂഹ്യ ശാസ്ത്രജ്ഞന്റെ ആവശ്യം വർധിച്ചു കൊണ്ടിരിക്കുന്നു

**<u>സോഷ്യോളജിയും മറ്റു സമൂഹ ശാസ്ത്ര വിഷയങ്ങളുമായുള്ള ബന്ധം:</u>**

- സാമൂഹ്യ ശാസ്ത്രത്തിൽ വ്യത്യസ്ത വിഷയങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. അതിൽ ഒന്നാണ് സമൂഹശാസ്ത്രം അഥവാ സോഷ്യോളജി
- നരവംശശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്ര മീമാംസ, ചരിത്രം, മനഃ ശാസ്ത്രം എന്നിവയെല്ലാം സാമൂഹ്യ ശാസ്ത്രങ്ങളിൽ ഉൾപ്പെടുന്നു. ഇവ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്
- പ്രധാനമായും സമൂഹ ശാസ്ത്രവും മറ്റു സാമൂഹ്യ ശാസ്ത്ര വിഷയങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു

**<u>സമൂഹ ശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും</u>**

| സമൂഹശാസ്ത്രം | സാമ്പത്തിക ശാസ്ത്രം |
|---|---|
| **1.** സമൂഹശാസ്ത്രവും സാമ്പത്തികശാസ്ത്രവും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. രണ്ടും പരസ്പ രാശ്രിതങ്ങളാണ്.<br>**2.** സാമ്പത്തികക്രമം സാമ്പത്തികേതര ശക്തികളായ കുടുംബം, സമുദായം തുടങ്ങിയവയുമായി ബന്ധ പ്പെട്ടാണിരിക്കുന്നത്. | **1.** സാധനങ്ങളുടേയും സേവനങ്ങളുടേയും ഉല്പാദനം, വിതരണം എന്നിവയെക്കുറിച്ചുള്ള പഠനമാണ്<br>**2.** വില, ചോദനം, വിതരണം, പണത്തിന്റെ ഒഴുക്ക് സമ്പാദ്യം, നിക്ഷേപം എന്നിവ പഠിക്കുന്നു<br>**3.** സമ്പത്തിനെക്കുറിച്ചുള്ള പഠനമാണ്. സമ്പത്തിന്റെ ഉറവിടങ്ങളായ ഉല്പാദനം, |

| | |
|---|---|
| 3. ഈ ബന്ധങ്ങളെ അന്വേഷിക്കാനും അപഗ്രഥിക്കാനും സമൂഹശാസ്ത്രജ്ഞർ സഹായിക്കുന്നു. | വിതരണം, ഉപഭോഗം എന്നിവ പഠിക്കുന്നു<br>4. സാമ്പത്തിക പെരുമാറ്റത്തിന്റെ കൃത്യമായ നിയമങ്ങൾ രൂപപ്പെടുത്തുക എന്നതാണ് സാമ്പത്തിക വിശകലനത്തിന്റെ പ്രധാന ലക്ഷ്യം. |

**സാമ്പത്തികശാസ്ത്രവും സമൂഹശാസ്ത്രവും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്.**

- സാമ്പത്തികശാസ്ത്രപഠനം മനുഷ്യന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു. വ്യക്തി സംഘടനകൾക്കോ അവയുടെ പരസ്പര പ്രവർത്തനങ്ങൾക്കോ (Interaction) അതു ശ്രദ്ധ നൽകുന്നില്ല.
- എന്നാൽ സമൂഹശാസ്ത്രജ്ഞനാകട്ടെ മനുഷ്യന്റെ എല്ലാവിധ പരസ്പര പ്രവർത്തനങ്ങളും പഠനവിധേയമാക്കുന്നു.
- സമൂഹശാസ്ത്രം സമൂഹത്തിന്റെ പഠനമാണ്. എന്നാൽ സാമ്പത്തികശാസ്ത്രമാകട്ടെ സമ്പത്തിന്റെ പഠനമാണ്.

**<u>സമൂഹശാസ്ത്രവും രാഷ്ട്രമീമാംസയും</u>**

| സമൂഹശാസ്ത്രം | രാഷ്ട്രമീമാംസ |
|---|---|
| 1. സമൂഹത്തിന്റെ എല്ലാ തലങ്ങളെക്കുറിച്ചുമുള്ള പഠനമാണ് സമൂഹശാസ്ത്രം<br>2. ഗവൺമെന്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾക്ക് സമൂഹശാസ്ത്രം ഊന്നൽ നൽകുന്നു.<br>3. സമൂഹശാസ്ത്രം എല്ലാതരത്തിലുള്ള സാമൂഹ്യബന്ധങ്ങളെക്കുറിച്ചും പഠിക്കുന്നു<br>4. സമൂഹശാസ്ത്രം സാമൂഹ്യനിയന്ത്രണത്തിന്റെ എല്ലാ മാർഗ്ഗങ്ങളെക്കുറിച്ചും പഠിക്കുന്നു. | 1. പരമ്പരാഗത രാഷ്ട്രമീമാംസ രണ്ടു വിഷയങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. രാഷ്ട്രീയ സിദ്ധാന്തത്തിലും, ഗവൺമെന്റ് ഭരണത്തിലും. രാഷ്ട്രീയ പെരുമാറ്റത്തിന് അത് പ്രാധാന്യം നൽകിയിരുന്നില്ല<br>2. ഗവൺമെന്റിനകത്തുള്ള പ്രക്രിയകൾക്കാണ് രാഷ്ട്രമീമാംസ ശ്രദ്ധയേകുന്നത്.<br>3. രാഷ്ട്രമീമാംസ രാഷ്ട്രീയ ബന്ധങ്ങളെക്കുറിച്ചുമാത്രം പഠിക്കുന്നു.<br>4. രാഷ്ട്രമീമാംസ ഗവൺമെന്റിന്റെ നിയന്ത്രണങ്ങളെക്കുറിച്ചുമാത്രമാണ് പഠിക്കുന്നത്. |

<u>**സമൂഹശാസ്ത്രവും ചരിത്രവും**</u>

| സമൂഹശാസ്ത്രം | ചരിത്രം |
|---|---|
| 1. സമകാലികമായ, ഈയിടെ സംഭവിച്ച കാര്യങ്ങളിലാണ് സമൂഹശാസ്ത്രജ്ഞന്മാർ ശ്രദ്ധിക്കുന്നത്<br>2. കാര്യകാരണ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനാണ് സമൂഹശാസ്ത്രം ശ്രദ്ധയേകിയത്.<br>3. സമൂഹശാസ്ത്ര ജ്ഞന്മാർ മുഖ്യമായും താല്പര്യം കാണിച്ചത് ഭൂബന്ധങ്ങളിലുള്ള മാറ്റങ്ങളെക്കുറിച്ചും, കുടുംബത്തിനകത്തെ ലിംഗപരമായ ബന്ധങ്ങളെക്കുറിച്ചും ആണ്<br>4. സമൂഹശാസ്ത്രം മൂർത്തമായ യാഥാർത്ഥ്യങ്ങളിൽ നിന്ന് വസ്തുതകൾ വേർത്തിരിച്ചെടുക്കാനും അവയെ തരംതിരിക്കാനും സാമാന്യവൽക്കരിക്കാനുമാണ് ശ്രമിക്കുന്നത്. | 1. ചരിത്രകാരന്മാർ ഭൂതകാലത്തെക്കുറിച്ചാണ് പഠിക്കുന്നത്. കഴിഞ്ഞകാല സംഭവങ്ങളെ അത് പഠി ക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു.<br>2. യഥാർത്ഥ സംഭവങ്ങളെ ചിത്രീകരിക്കുക, അവ യഥാർത്ഥത്തിൽ എങ്ങനെ സംഭവിച്ചുവെന്ന് സ്ഥാപിക്കുക എന്നീ കാര്യങ്ങളിലാണ് മുൻകാലങ്ങളിൽ ചരിത്രകാരന്മാർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.<br>3. പരമ്പരാഗത ചരിത്രം രാജാക്കന്മാരുടേയും യുദ്ധങ്ങളുടേയും ചരിത്രമാണ്.<br>4. ചരിത്രം മൂർത്തമായ (Concrete) വിശദാംശങ്ങളെക്കുറിച്ചാണ് പഠിക്കുന്നത് |

**സമൂഹശാസ്ത്രവും സമൂഹവും ചരിത്രവും സമൂഹശാസ്ത്രവും തമ്മിൽ ചില സാമ്യങ്ങളുണ്ട്.**

- രണ്ടു വിഷയങ്ങളും തമ്മിൽ പരസ്പ പ്രവർത്തനം നിലനിൽക്കുന്നുണ്ട്. രണ്ടു ശാസ്ത്രങ്ങളും പരസ്പരം വിവരങ്ങൾ കടംകൊള്ളുന്നു.
- ചരിത്രകാരന്മാർ വിശകലനങ്ങൾക്കായി സമൂഹശാസ്ത്രത്തിലെ രീതികളും സങ്കൽപങ്ങളും ഇപ്പോൾ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്.
- ചരിത്രത്തിലെ വിവരങ്ങൾ ഉപയോഗിച്ച് സമൂഹശാസ്ത്രജ്ഞൻ സാമാന്യവൽക്കരണങ്ങൾ നടത്തുന്നു. സമൂഹശാസ്ത്രത്തിലെ സാമാന്യവൽക്കരണങ്ങൾ ഉപയോഗിച്ച് ചരിത്രകാരന്മാർ ചരിത്ര സംഭവങ്ങൾ പരിശോധിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു.

- ഇന്ന് ചരിത്രം കൂടുതൽ സാമൂഹികമാണ്. സാമൂഹിക ചരിത്രമാണ് ചരിത്രത്തിന്റെ ഉള്ളടക്കം. ഭരണാധികാരികളുടെ പ്രവർത്തനങ്ങൾ, യുദ്ധങ്ങൾ, രാജവാഴ്ച എന്നിവയെക്കാൾ ചരിത്രകാരന്മാർ പ്രാധാന്യം നൽകുന്നത് സാമൂഹ്യ മാതൃകകൾക്കും, ലിംഗപരമായ ബന്ധങ്ങൾക്കും, വഴക്കങ്ങൾക്കും, ആചാരങ്ങൾക്കും, പ്രധാന സ്ഥാപനങ്ങൾക്കുമാണ്.

<u>**സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും (Sociology and Social Anthropology)**</u>

- മനുഷ്യന്റെ ലളിത സമൂഹങ്ങളെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ് നരവംശശാസ്ത്രം
- മനുഷ്യന്റെ പ്രാരംഭ കാലം മുതൽ ഉള്ള വികാസങ്ങളെക്കുറിച്ചാണ് പ്രധാനമായും നരവംശശാസ്ത്രം പഠിക്കുന്നത്
- ഭൗതിക നരവംശശാസ്ത്രം, സാംസ്കാരികചരിത്രം, ഭാഷാശാസ്ത്രം തുടങ്ങിയ വിഷയങ്ങളെല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു

**നരവംശ ശാസ്ത്രത്തിനു പ്രധാനമായും രണ്ടു ശാഖകൾ ഉണ്ട്**

1. **സമൂഹനരവംശശാസ്ത്രവും**
2. **സാംസ്കാരിക നരവംശശാസ്ത്രവും**

- ഇവ രണ്ടും സമൂഹശാസ്ത്രത്തിന്റെ പഠനവുമായി വളരെ ബന്ധപ്പെട്ടതാണ്
- സമൂഹശാസ്ത്രവും നരവംശശാസ്ത്രവും തമ്മിൽ ഉറ്റബന്ധമുണ്ടെങ്കിലും ചില കാര്യങ്ങളിൽ വ്യത്യാസങ്ങളുണ്ട്.

**സമൂഹശാസ്ത്രവും നരവംശശാസ്ത്രവും: ബന്ധങ്ങൾ**

- ഇവ രണ്ടും പഠിക്കുന്നത് മനുഷ്യനെക്കുറിച്ചാണ്
- മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയിൽ ഈ രണ്ടു ശാസ്ത്രങ്ങളും പഠനം നടത്തുന്നു
- സമൂഹ ശാസ്ത്രത്തിന്റെ ചില മേഖലകളിൽ പഠനം നടത്താൻ നരവംശ ശാസ്ത്രത്തിന്റെ സഹായം തേടാറുണ്ട്
  ഉദാ: കുടുംബം, ഗോത്രം, നാടോടി സംസ്കാരം എന്നിവ
- സമൂഹ ശാസ്ത്രവും നരവംശ ശാസ്ത്രവും ഇരട്ട സഹോദരിമാരാണ് എന്ന് എ. എൽ. ക്രൊബെർ അഭിപ്രായപ്പെടുന്നു

**സമൂഹ ശാസ്ത്രവും നരവംശ ശാസ്ത്രവും: വ്യത്യാസങ്ങൾ**

| സമൂഹശാസ്ത്രം | നരവംശശാസ്ത്രം |
|---|---|
| 1. സമൂഹശാസ്ത്രം സമകാലിക സമൂഹങ്ങളെക്കുറിച്ചു പഠിക്കുന്നു.<br>2. സമൂഹശാസ്ത്രം ആധുനികവും സങ്കീർണവുമായ സമൂഹങ്ങളുടെ പഠനമാണ്.<br>3. സമൂഹത്തിന്റെ ഭാഗങ്ങളായ ബ്യൂറോക്രസി, മതം, ജാതി, സാമൂഹ്യ ചലന ക്ഷമത **(Social mobility)** എന്നിവ കൂടുതലായി പഠിക്കുന്നു<br>4. സമൂഹശാസ്ത്ര പഠന രീതി എന്നത് സർവേ, ചോദ്യാവലി തുടങ്ങിയ മാർഗങ്ങളിലൂടെ ശേഖരിക്കുന്ന പരിമാണാത്മക വിവരങ്ങളാണ് **(Quantitative data).**<br>5. സാമൂഹ്യ ശാസ്ത്രജ്ഞർ വിവിധ സാമൂഹ്യ സ്ഥാപങ്ങളായ കുടുംബം, വിവാഹം, തുടങ്ങിയവ പൂർണ്ണമായി പഠിക്കുന്നു | 1. പ്രാകൃതസമൂഹങ്ങളെ അഥവാ ലളിതസമൂഹങ്ങളെ പഠിക്കുന്നു.<br>2. ലളിതസമൂഹങ്ങൾ ഉള്ള പ്രദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പഠനങ്ങളാണ് നരവംശശാസ്ത്രം നടത്തിയത്. ഉദാ: ആന്തമാൻ ദ്വീപുകൾ, ന്യൂറസ് അല്ലെങ്കിൽ മെലനേഷ്യ<br>3. സമൂഹനരവംശശാസ്ത്രത്തിന്റെ പഠന രീതി ഫീൽഡ് വർക്ക് ആണ്. പഠിക്കാനുദ്ദേശിക്കുന്ന സമൂഹങ്ങളിൽ താമസിച്ച് ആ സമൂഹത്തിന്റെ വംശത്തെക്കുറിച്ചു **(Ethnography)** വിവരശേഖരണം നടത്തുകയും ചെയ്യുന്നു<br>4. നരവംശ ശാസ്ത്രം ഒരു സമൂഹത്തെ മുഴുവനായി പഠിക്കുന്നു. അവർ പഠിക്കുന്ന സമൂഹത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പൂർണ്ണമായി പഠിക്കുകയും വിശകലനം നടത്തുകയും ചെയുന്നു |

**<u>സമൂഹശാസ്ത്രവും മനശ്ശാസ്ത്രവും (Sociology and Psychology)</u>**

- മനുഷ്യ മനസ്സിന്റെ പെരുമാറ്റത്തിന്റെ ശാസ്ത്രമാണ് ഇത്
- ഒരു വ്യക്തിയുമായി ബന്ധപ്പെട്ട പഠനമാണ് മനശ്ശാസ്ത്രം
- ഒരു വ്യക്തിയുടെ പഠനവും ബുദ്ധിയും ഓർമയും പ്രചോദനവും നാഡീവ്യൂഹവും പ്രതികരണസമയവും പ്രതീക്ഷയും സ്വപ്നങ്ങളും ആശങ്കകളുമൊക്കെയാണ് ഇതിന്റെ പഠന വിഷയങ്ങൾ
- സമൂഹ ശാസ്ത്രത്തിന്റെയും മനഃ ശാസ്ത്രത്തിന്റെയും പരസ്പര ബന്ധമുള്ള പഠന മേഖലകളിൽ നിന്നാണ് സമൂഹമനശ്ശാസ്ത്രം **(social psychology)** എന്ന പഠന ശാഖ രൂപം കൊണ്ടത്

**സമൂഹശാസ്ത്രവും മനശ്ശാസ്ത്രവും: ബന്ധങ്ങൾ**

- മനശ്ശാസ്ത്രവും സമൂഹശാസ്ത്രവും ഒരു വ്യക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെങ്കിലും സാമൂഹികസംഘങ്ങളിലും പൊതു സമൂഹത്തിലും അയാൾ എങ്ങനെ പെരുമാറുന്നു എന്നത് പഠിക്കാൻ ഇവ രണ്ടും പരസ്പരം സഹായിക്കുന്നു
- സമൂഹത്തിലെ മനുഷ്യരുടെ പരസ്പര പ്രവർത്തനങ്ങളും ഇടപെടലുകളും മനസിലാക്കുന്നതിന് സമൂഹശാസ്ത്രത്തിനു മനഃ ശാസ്ത്രത്തിന്റെ സഹായം വേണ്ടി വരും
- സാമൂഹ്യ മാറ്റത്തെ സ്വാധീനിക്കുന്ന മനഃശാസ്ത്ര ഘടകങ്ങൾ പഠിക്കാൻ സഹായിക്കുന്നു
- സമൂഹശാസ്ത്രം സാമൂഹികപെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്നു. ഇതിനും മനഃ ശാസ്ത്രത്തിന്റെ സഹായം ആവശ്യമാണ്
- സാമ്പത്തിക-രാഷ്ട്രീയവ്യവസ്ഥ, കുടുംബം, രക്തബന്ധം, സംസ്കാരം, നാട്ടുനടപ്പുകൾ, മൂല്യങ്ങൾ തുടങ്ങിയ സമൂഹത്തിന്റെ വ്യത്യസ്ത വശങ്ങൾ വ്യക്തിത്വത്തെ എങ്ങനെ രൂപപ്പെടുത്തുന്നു എന്നും അത് പഠിക്കുന്നു.

**സമൂഹശാസ്ത്രവും മനശ്ശാസ്ത്രവും: വ്യത്യാസങ്ങൾ**

സമൂഹ ശാസ്ത്രവും മനഃ ശാസ്ത്രവും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ട്

| സമൂഹ ശാസ്ത്രം | മനഃ ശാസ്ത്രം |
|---|---|
| 1. സമൂഹ ശാസ്ത്രം സാമൂഹികമാണ്. അത് സമൂഹത്തെ കേന്ദ്രീകരിച്ചുള്ളതാണ്<br>2. സമൂഹശാസ്ത്രം വ്യക്തിയെ പഠിക്കുന്നത് സമൂഹത്തിലെ ഒരു അംഗമെന്ന നിലയിലാണ്<br>3. സമൂഹശാസ്ത്രം സാമൂഹ്യ പ്രക്രിയകളെ വിശകലനം ചെയ്യുന്നു<br>4. സമൂഹശാസ്ത്രം ഫീൽഡ് വർക്കിന് പ്രാധാന്യം നൽകുന്നു | 1. മനഃ ശാസ്ത്രം വ്യക്തിയെക്കുറിച്ചു പഠിക്കുന്നു. അത് വ്യക്തിയെ കേന്ദ്രീകരിച്ചുള്ളതാണ്<br>2. മനഃശാസ്ത്രം മനുഷ്യനെ പഠിക്കുന്നത് സാംസ്കാരിക ചുറ്റുപാടുമായി ഇടപെഴകി ജീവിക്കുന്ന വ്യക്തി എന്ന നിലയിലാണ്<br>3. മനഃശാസ്ത്രം മാനസിക പ്രക്രിയകളെ വിശകലം ചെയ്യുന്നു<br>4. മനഃശാസ്ത്രം പരീക്ഷണ രീതിക്ക് പ്രാധാന്യം നൽകുന്നു |

## അധ്യായം 2

## പദങ്ങളും സങ്കല്പങ്ങളും സമൂഹ ശാസ്ത്രത്തിൽ

അവയുടെ ഉപയോഗവും

## സാമൂഹിക സംഘങ്ങളും സമൂഹവും

മനുഷ്യന്റെ സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട രണ്ടു വസ്തുതകൾ

1. ഓരോ സമൂഹത്തിലും -അവ പുരാതനമോ, ഫ്യൂഡലോ, ആധുനികമോ, ഏഷ്യനോ, യൂറോപ്യനോ, ആഫ്രിക്കനോ ആകട്ടെ - മാനവ സംഘങ്ങളും കൂട്ടായ്മകളും നില നിൽക്കുന്നു
2. എല്ലാ തരത്തിലുള്ള സംഘങ്ങളും കൂട്ടായ്മകളും വ്യത്യസ്ത സമൂഹങ്ങളിൽ വ്യത്യസ്തമാണ്

## സാമൂഹിക സംഘം എന്നാൽ എന്ത്?

- രണ്ടോ അതിലധികമോ വ്യക്തികൾ നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുകയോ ആശയ വിനിമയം നടത്തുകയോ ചെയ്യുമ്പോൾ സാമൂഹിക സംഘം രൂപം കൊള്ളുന്നു
- പൊതുവായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയാണു വ്യക്തികൾ സാമൂഹിക സംഘങ്ങൾ രൂപീകരിക്കുന്നത്

## സഞ്ചയം

- ഒരേ സ്ഥലത്തു ഒരേ സമയത്തു എത്തിച്ചേരുന്ന ജനക്കൂട്ടത്തെയാണ് 'സഞ്ചയം' എന്ന് പറയുന്നത്
- അവർ തമ്മിൽ നിശ്ചിത ബന്ധം ഒന്നും ഉണ്ടായിരിക്കില്ല
- ഇത് ഒരു സാമൂഹിക സംഘമല്ല

  ഉദാ: റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, ബസ് സ്റ്റോപ്പ് എന്നിവിടങ്ങളിലെ യാത്രക്കാർ, സിനിമാ പ്രേക്ഷകർ

## അർദ്ധ സംഘങ്ങൾ

- സഞ്ചയങ്ങളെ അർദ്ധ സംഘങ്ങൾ എന്ന് വിളിക്കുന്നു
- ഒരു അർദ്ധ സംഘത്തിന് ഘടനയോ സംഘടനയോ ഇല്ല
- ഇതിലെ അംഗങ്ങൾ ഒന്നിച്ചു ചേരലിനെക്കുറിച്ചു അജ്ഞരോ ചെറിയ തോതിൽ അറിവുള്ളവരോ ആയിരിക്കും

  ഉദാ: സാമൂഹ്യ വർഗ്ഗങ്ങൾ, പദവി സംഘങ്ങൾ, പ്രായ സംഘങ്ങൾ, ലിംഗ സംഘങ്ങൾ, ജനക്കൂട്ടം

**അർദ്ധ സംഘങ്ങൾ എങ്ങനെയാണു സാമൂഹിക സംഘങ്ങളായി മാറുന്നത്?**

- ഒരു പ്രത്യേക വർഗ്ഗത്തിലെയോ ജാതിയിലെയോ, സമുദായത്തിലെയോ വ്യക്തികൾ ഒരു സംഘടിത സംഘമായി മാറുന്നത് അവരുടെ ഇടയിൽ 'നമ്മൾ' എന്ന വികാരം ഉണ്ടാകുമ്പോഴാണ്
- വർഗ്ഗവും ജാതിയും രാഷ്ട്രീയ പാർട്ടികൾക്ക് രൂപം കൊടുത്തതോടെ അർദ്ധ സംഘങ്ങൾ സാമൂഹിക സംഘങ്ങളായി മാറി
  ഉദാ: കൊളോണിയൽ വിരുദ്ധ സമരങ്ങൾ, വനിതാ പ്രസ്ഥാനങ്ങൾ, സംഘടനകൾ

**<u>സാമൂഹിക സംഘത്തിന്റെ സവിശേഷതകൾ</u>**

1. നിരന്തരമായ പരസ്പര പ്രവർത്തനം
2. പരസ്പര പ്രവർത്തനത്തിന്റെ സുസ്ഥിര മാതൃക
3. സംഘബോധം - ഓരോ വ്യക്തിയും സംഘത്തെക്കുറിച്ചും അതിന്റെ നിയമങ്ങൾ, ആചാരങ്ങൾ, ചിഹ്നങ്ങൾ എന്നിവയെക്കുറിച്ചും അറിവുള്ളവനായിരിക്കണം
4. പൊതു താല്പര്യം
5. പൊതു മാനദണ്ഡങ്ങളും മൂല്യങ്ങളും
6. ഒരു നിശ്ചിത ഘടന

- ഒരു നിശ്ചിത സമൂഹത്തിനകത്തെ പൊതു താല്പര്യവും സംസ്കാരവും മൂല്യങ്ങളും വഴക്കങ്ങളും പങ്കു വയ്ക്കുന്ന, തുടർച്ചയായി പരസ്പര പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയെയാണ് സാമൂഹിക സംഘം എന്ന് പറയുന്നത്

**<u>പല തരം സംഘങ്ങൾ</u>**

- സംഘങ്ങളെ പല വിഭാഗങ്ങളായി തിരിക്കാം. പരമ്പരാഗത സമൂഹത്തിലെ സംഘങ്ങളും ആധുനിക സമൂഹത്തിലെ സംഘങ്ങളും വ്യത്യസ്തമാണ്.
- പരമ്പരാഗത സമൂഹങ്ങളിൽ ജനങ്ങൾ തമ്മിൽ വളരെ അടുത്തതും ഉറ്റവും മുഖാമുഖവുമുള്ള പരസ്പര പ്രവർത്തനം ഉണ്ടായിരുന്നു.
- ആധുനിക സമൂഹങ്ങളിൽ ജനങ്ങൾ തമ്മിൽ അത്തരത്തിലുള്ള അടുപ്പമോ മറ്റു ബന്ധമോ നിലനിൽക്കുന്നില്ല. ഔപചാരികവും അകന്നതും വിദൂരവുമായ പരസ്പരപ്രവർത്തനമാണ് ആധുനിക സമൂഹങ്ങളിൽ നിലനിൽക്കുന്നത്.

**<u>പ്രാഥമികവും ദ്വിതീയവുമായ സാമൂഹിക സംഘങ്ങൾ (Primary and Secondary Social Groups)</u>**

- സാമൂഹിക സംഘങ്ങളെ പ്രാഥമികസംഘങ്ങൾ, ദ്വിതീയ സംഘങ്ങൾ എന്നിങ്ങനെ വർഗ്ഗീകരികരിക്കാം

**<u>പ്രാഥമികസംഘങ്ങൾ:</u>**

- ഉറ്റവരും മുഖാമുഖ ബന്ധമുള്ളവരും പരസ്പരം സഹകരിക്കുന്നവരുമായ ജനങ്ങളുടെ ഒരു ചെറു സംഘത്തെയാണ് പ്രാഥമിക സംഘം എന്നു പറയുന്നത്. പ്രാഥമിക സംഘങ്ങളിലെ അംഗങ്ങൾക്ക്
- ആത്മബന്ധവും സംഘബോധവുമുണ്ട്. പ്രാഥമിക സംഘങ്ങൾ വ്യക്തിയെ ലക്ഷ്യമാക്കിയുള്ളവയാണ്.
- സൗഹ്യദം, മുഖാമുഖ ബന്ധം, സഹകരണം എന്നിവയാണ് ഇത്തരം സംഘങ്ങളുടെ മുഖ്യ സവിശേഷതകൾ.

  ഉദാ: കുടുംബം, ഗ്രാമം, ചങ്ങാതി കൂട്ടങ്ങൾ

**<u>ദ്വിതീയ സംഘങ്ങൾ:</u>**

- ഇവ വലിപ്പമുള്ളവയാണ്. ഔപചാരികവും വ്യക്തിപരമല്ലാത്തതുമായ ബന്ധങ്ങളാണ് ഇവിടെ നിലനിർത്തുന്നത്. ദ്വിതീയ സംഘങ്ങൾ ലക്ഷ്യോന്മുഖമാണ് (Goal-oriented).
- ഈ സംഘങ്ങൾക്കു എന്തെങ്കിലും ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. ലക്ഷ്യം നേടിക്കഴിഞ്ഞാൽ അവ നിലനിൽകണമെന്നില്ല.
- അതിനാൽ ദ്വിതീയ സംഘങ്ങൾ താൽക്കാലിക സ്വഭാവമുള്ളവയാണ്. ഉദാ:വിദ്യാലയങ്ങൾ സർക്കാർ ഓഫീസുകൾ, ആശുപത്രികൾ ...

**സമുദായവും സമൂഹവും - (Community and Society or Association)**

- ഒരു നിശ്ചിത ദേശത്ത് പൊതുവായ താൽപര്യങ്ങളോടും പ്രവർത്തനങ്ങളോടും കൂടി ജീവിക്കുന്ന വ്യക്തികളുടെ ഒരു സാമൂഹ്യ സംഘത്തെയാണ് സമുദായം എന്നുപറയുന്നത്.
- സമുദായം ഭൂമിശാസ്ത്രപരമായ ഒരു പ്രദേശമാണ്. ഭൂമിശാസ്ത്രപരമായ ഒരു ദേശത്ത് ഒരു കൂട്ടം ആളുകൾ കൂടിത്താമസിക്കാൻ തുടങ്ങുമ്പോൾ ഒരു സമുദായം രൂപം കൊള്ളുന്നു. സമുദായം സാമൂഹ്യ ജീവിതത്തിന്റെ കേന്ദ്രമാണ്.
- സാമൂഹ്യ പൊരുത്തം, നമ്മളൊന്ന് എന്ന വികാരം എന്നിവയാണ് സമുദായത്തിന്റെ പ്രധാന സവിശേഷതകൾ
- 'സമുദായം' എന്ന പദം ഉറ്റവും വ്യക്തിപരവും ദീർഘകാലം നിലനിൽക്കുന്നതുമായ മാനുഷിക ബന്ധങ്ങളെ സൂചിപ്പിക്കുന്നു.

- സമൂഹം എന്നത് അമൂർത്തമായ ഒരു ആശയമാണ്. ഓരോ മനുഷ്യനും ചുറ്റുമുള്ള മറ്റു മനുഷ്യരുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള ഇടപെടലുകൾ ബന്ധങ്ങളുടെ ഒരു ശൃംഖല സൃഷ്ടിക്കുന്നു. അങ്ങനെ മനുഷ്യർ തമ്മിലുള്ള ഇടപെടലുകളിലൂടെ സൃഷ്ടിക്കപ്പെടുന്ന ബന്ധങ്ങളുടെ ശൃംഖലയെയാണ് സമൂഹം എന്ന് പറയുന്നത്
- 'സമൂഹം' എന്ന പദം സമുദായത്തിനു വിപരീതമാണ്
- ആധുനിക നാഗരിക ജീവിതത്തിലെ വ്യക്തിപരമല്ലാത്ത, ഉപരിപ്ലവവും ക്ഷണഭംഗുരവുമായ ബന്ധങ്ങളാണ് അതിൽ നിലനിൽക്കുന്നത്.

**<u>സ്വഗണങ്ങളും അന്യഗണങ്ങളും (In-Groups and Out Groups)</u>**

**<u>സ്വഗണം</u>**

- ഒരു വ്യക്തി ഏതെല്ലാം ഗണങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നുവോ അവയെല്ലാം അയാളുടെ സ്വഗണങ്ങളാണ്. ഈ താദാത്മ്യബോധമാണ് സ്വഗണത്തിന്റെ പ്രധാന സവിശേഷത.
- നമ്മുടെ അല്ലെങ്കിൽ നമ്മൾ എന്ന വികാരമാണ് സ്വഗണത്തെ അന്യഗണങ്ങളിൽ നിന്ന് വേർതിരിക്കുന്നത്. നമ്മുടെ ഗണമാണ് (We group) സ്വഗണം

  ഉദാ: ഒരു പ്രത്യേക വിദ്യാലയത്തിലെ വിദ്യാർത്ഥികൾ, കുടുംബം, ജാതി, ലിംഗം, തൊഴിൽ, മതം

**<u>അന്യഗണം</u>**

- സ്വഗണത്തിലെ അംഗങ്ങളല്ലാത്ത ഗണങ്ങളെയാണ് അന്യഗണങ്ങൾ എന്നു പറയുന്നത്
- സ്വഗണങ്ങളിൽപ്പെട്ടവൻ അന്യഗണങ്ങളെ 'അവർ' 'അവരുടെ' എന്നൊക്കെ വിശേഷിപ്പിക്കുന്നു
- അന്യഗണത്തിലെ അംഗങ്ങൾ സ്വഗണങ്ങളിൽ നിന്നുള്ള അംഗങ്ങളുടെ വിദ്വേഷപരമായ പ്രതികരണങ്ങളെ നേരിടേണ്ടി വരാറുണ്ട്.
- അവരുടെ ഗണമാണ് (They group) അന്യഗണം.

  ഉദാ: കുടിയേറ്റക്കാർ

**<u>സൂചിത ഗണം (Reference Group)</u>**

- വ്യക്തികൾക്ക് ആഭിമുഖ്യമുള്ള ഗണങ്ങളെയാണ് സൂചിതഗണം എന്നു പറയുന്നത്.
- ചില ഗണങ്ങൾ മറ്റു ഗണങ്ങളെ നിരീക്ഷിക്കുകയും അതുപോലെ ആയിത്തീരാൻ അഭിലഷിക്കുകയും ചെയ്യും. അവർ ആ ഗണത്തിന്റെ ജീവിതരീതികൾ അനുകരിക്കും.
- ഏതു ഗണങ്ങളുടെ ജീവിതരീതികളാണോ അനുകരിക്കപ്പെടുന്നത് ആ ഗണങ്ങൾ സൂചിത ഗണങ്ങൾ എന്നറിയപ്പെടുന്നു.
- നാം അംഗങ്ങളല്ലാത്ത, എന്നാൽ നാം അനുകരിക്കാൻ ആഗ്രഹിക്കുന്ന സംഘമാണ് സൂചിത ഗണം

  ഉദാ:കായിക താരങ്ങളേയോ സിനിമാ താരങ്ങളേയോ മാതൃകയായി സ്വീകരിക്കുകയും അനുകരിക്കുകയും ചെയ്യുന്നത്
- സംസ്കാരം, ജീവിതരീതി, അഭിലാഷങ്ങൾ, ലക്ഷ്യപ്രാപ്തികൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ നൽകുന്ന പ്രധാന സ്രോതസ്സുകളാണ് സുചിത ഗണങ്ങൾ.

**<u>സമപ്രായക്കാരുടെ ഗണങ്ങൾ</u>**

- സമപ്രായക്കാരായ വ്യക്തികൾക്കിടയിലോ പൊതുവായ പ്രൊഫഷണൽ വിഭാഗങ്ങൾക്കിടയിലോ രൂപം കൊള്ളുന്നതാണ് ഇവ.
- ഇത് ഒരു പ്രാഥമിക ഗണമാണ്
- തുല്യരുടെ ഗണം എന്നും ഇതിനെ വിളിക്കുന്നു

  ഉദാ: ഒരു ക്ലാസ്സിലെ വിദ്യാർത്ഥികൾ, ഒരേ തൊഴിൽ ചെയ്യുന്നവരുടെ കൂട്ടം

**<u>സാമൂഹിക ശ്രേണീകരണം (Social Stratification)</u>**

- സമൂഹത്തിലെ ഗണങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഘടനാപരമായ അസമത്വങ്ങളെയാണ് സാമൂഹിക ശ്രേണീകരണം എന്നു പറയുന്നത്.
- ഓരോ സമൂഹവും പല തട്ടുകളായി അഥവാ അടുക്കുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ പല അടുക്കുകളുള്ള ഒരു ശ്രേണീക്രമമായാണ് സമൂഹം കാണപ്പെടുന്നത്.
- സമൂഹത്തിലെ ജനങ്ങളെ പല തട്ടുകളായി വിഭജിക്കുന്നതിനെ അല്ലെങ്കിൽ വേർതിരിക്കുന്നതിനെയാണ് സാമൂഹ്യ ശ്രേണീകരണം എന്നു പറയുന്നത്.
- ഒരു ശ്രേണിയുടെ മേൽത്തട്ടിൽ പ്രത്യേകാവകാശങ്ങളുള്ള ഉന്നതരും കീഴ്ത്തട്ടിൽ പ്രത്യേകാവകാശങ്ങൾ കുറഞ്ഞവരുമാണുള്ളത്. അധികാരം, നേട്ടം എന്നിവയിലുള്ള അസമത്വമാണ് സാമൂഹിക ശ്രേണീകരണത്തിനുള്ള മുഖ്യകാരണം

- ഓരോ വ്യക്തിയുടേയും കുടുംബത്തിന്റെയും ജീവിതത്തിന്റെ എല്ലാ തലങ്ങളേയും ശ്രേണീകരണം ബാധിക്കുന്നു. സാമൂഹിക ശ്രേണീകരണത്തിനുള്ള മുഖ്യ കാരണം അസമത്വമാണ്.
- ആരോഗ്യം, ദീർഘായുസ്സ്, സുരക്ഷിതത്വം, വിദ്യാഭ്യാസ വിജയം, തൊഴിൽ സാഫല്യം, രാഷ്ട്രീയ സ്വാധീനം എന്നിവയ്ക്കുള്ള അവസരങ്ങൾ അസമത്വത്തോടെയാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് സമൂഹത്തെ പല തട്ടുകളുള്ള ശ്രേണിയാക്കി മാറ്റുന്നു.

ചരിത്രപരമായി മാനവ സമൂഹങ്ങളിൽ നാലു തരത്തിലുള്ള ശ്രേണീകരണം നിലനിന്നിട്ടുണ്ട്.

**a) അടിമത്തം b) ജാതി c) എസ്റ്റേറ്റ് d) വർഗ്ഗം**

**<u>a.അടിമത്തം (Slavery):</u>**

- അസമത്വത്തിന്റെ ഏറ്റവും തീവ്രമായ രൂപമാണ് അടിമത്തം. വ്യക്തികൾ മറ്റുള്ളവരുടെ ഉടമസ്ഥതയിലുള്ള ഒരു സമ്പ്രദായമാണിത്.
- അടിമ യജമാനന്റെ സ്വത്താണ്. അവർക്ക് അവകാശങ്ങളൊന്നുമില്ല. അടിമത്തം പല കാലഘട്ടങ്ങളിലും പല സ്ഥലങ്ങളിലും നിലനിന്നിട്ടുണ്ട്.
- അടിമത്ത വ്യവസ്ഥയ്ക്ക് രണ്ടു പ്രധാന ഉദാഹരണങ്ങളുണ്ട്

  1) പാചീന ഗ്രീസും റോമും
  2) 18 ഉം 19 ഉം നൂറ്റാണ്ടുകളിലെ യു.എസ്.എ യിലെ തെക്കൻ സംസ്ഥാനങ്ങൾ
- അടിമത്തം ക്രമേണ നിർമാർജനം ചെയ്യപ്പെട്ടു. എന്നാൽ അടിമത്തത്തിന്റെ മറ്റൊരു രൂപമായ കരാർ തൊഴിൽ (bonded labour) ഇപ്പോഴും തുടരുന്നുണ്ട്.

**<u>b.എസ്റ്റേറ്റ് (Estate):</u>**

- യൂറോപ്പിൽ ഫ്യൂഡൽ കാലഘട്ടത്തിൽ നിലനിന്നിരുന്ന ഒരു സാമൂഹ്യവിഭജനത്തെയാണ് എസ്റ്റേറ്റ് എന്നു പറയുന്നത്.
- പ്രഭുവർഗ്ഗം, പുരോഹിതവർഗ്ഗം, സാധാരണക്കാർ എന്നിങ്ങനെയുള്ള അടുക്കുകൾ എസ്റ്റേറ്റ് എന്ന ശ്രേണീകരണത്തിൽ ഉണ്ടായിരുന്നു.

**<u>c.ജാതി (Caste)</u>**

- മറ്റൊരു ശ്രേണീകരണ വ്യവസ്ഥയാണ് ജാതി. ജാതി വ്യവസ്ഥയിൽ ഒരു വ്യക്തിയുടെ സ്ഥാനം ജന്മനാ ലഭി ക്കുന്നതാണ്. അല്ലാതെ പ്രയത്നം കൊണ്ട് ആർജിക്കുന്നതല്ല.
- ഇത് വർഗ്ഗ (class) ത്തിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ജാതി സമൂഹത്തിൽ ഒരു വ്യക്തിയുടെ പദവി ജന്മനാ 'ആരോപിത'മാണ്. അങ്ങനെ വർഗ്ഗ സമൂഹത്തിൽ നിന്ന് വ്യത്യസ്ഥമായി ഒരു വ്യക്തിയുടെ സ്ഥാനം ജാതി സമൂഹത്തിൽ പൂർണ്ണമായും നിർവ്വചിക്കപ്പെട്ടിരിക്കുന്നു.
- പരമ്പരാഗത ഇന്ത്യയിൽ വ്യത്യസ്ഥ ജാതികൾ ഒരു ശ്രേണി വ്യവസ്ഥയ്ക്ക് രൂപം നൽകിയിരുന്നു. ശുദ്ധാശുദ്ധ (Purity pollution) ബോധമായിരുന്നു ജാതിഘടനയുടെ അടിസ്ഥാനം. അതായത് ജാതിഘടനയിലെ ഓരോ സ്ഥാനവും നിർവ്വചിക്കപ്പെട്ടിരിക്കുന്നത് ശുദ്ധാശുദ്ധ സങ്കൽപത്തിന്റെ അടിസ്ഥാനത്തിലാണ്.
- ജാതിഘടനയിൽ ഏറ്റവും ഉയർന്ന സ്ഥാനം നൽകപ്പെട്ടിരുന്നത് ബ്രാഹ്മണ പുരോഹിത ജാതികൾക്കാണ്. അവർ ഏറ്റവും കൂടുതൽ ശുദ്ധരായതിനാൽ മറ്റുള്ളവരെക്കാൾ മുന്തിയവരാണ് എന്ന വിശ്വാസമായിരുന്നു ഇതിന്റെ അടിസ്ഥാനം.
- 'ജാതിക്കു പുറത്തുള്ളവർ' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന പഞ്ചമൻമാർ (panchamas) മറ്റു ജാതികളെക്കാൾ താഴ്ന്നവരായിരുന്നു.
- ചാതുർവർണ്യ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു സാമൂഹ്യ ഘടനയാണ് പരമ്പരാഗത ഇന്ത്യയിൽ നിലനിന്നിരുന്നത്.
- ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രന്മാർ എന്നിവരായിരുന്നു ഈ നാലു വർണ്ണങ്ങൾ.

**ഇന്ത്യയിലെ ജാതി വ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ?**

- ഉന്നത ജാതിക്കാർ അവരുടെ ശുദ്ധി നിലനിർത്തുന്നതിന് നിർണ്ണായകമായി കണ്ടിരുന്നത് സ്വഗണ വിവാഹവും താഴ്ന്ന ജാതിക്കാരുമായുള്ള ബന്ധം ഒഴിവാക്കലുമാണ്.
- എന്നാൽ നഗരവൽക്കരണം കൊണ്ടുവന്ന മാറ്റങ്ങൾ ഇതിനെ വെല്ലുവിളിച്ചു. ജാതിവ്യവസ്ഥയെ അത് അടിമുടി മാറ്റി മറിച്ചു
- ജാതിവ്യവസ്ഥയിൽ ഏറ്റവും വലിയ മാറ്റങ്ങൾ വരുത്തിയത് നഗരവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങളാണ്.

- നഗരവൽക്കരണം ജാതീയമായ വിവേചനങ്ങളെ വെല്ലുവിളിച്ചു ഇത്തരത്തിലുള്ള മാറ്റങ്ങൾ സംഭവിച്ചുവെങ്കിലും വിവേചനം ഇല്ലാതാക്കുക എളുപ്പമായിരുന്നില്ല.
- തീവ്രമായ ജാതി വിവേചനം ഇന്നും നിലനിൽക്കുന്നുണ്ട്.
- ജനാധിപത്യത്തിന്റെ പ്രവർത്തനം ജാതിവ്യവസ്ഥയെ കാര്യമായി ബാധിച്ചു.
- തല്പര സംഘങ്ങൾ എന്ന നിലയിൽ ജാതികൾ കരുത്താർജിക്കുന്നതിന് ഇത് കാരണമായി. വിവേചനത്തിനിരയായ ജാതികൾ സമൂഹത്തിലെ അവരുടെ ജനാധിപത്യാവകാശങ്ങൾ പ്രഖ്യാപിക്കാനും ജാതിയുടെ അടിസ്ഥാനത്തിലുള്ള സംഘടനകൾ രൂപീകരിക്കാനും തുടങ്ങി

**<u>d.വർഗ്ഗം (Class)</u>**

- വർഗ്ഗത്തെ വിശദീകരിക്കാൻ സാമൂഹ്യ ശാസ്ത്രജ്ഞന്മാരായ മാർക്സിന്റേയും വെബറിന്റെയും നിർവ്വഹണ വാദികളുടേയും പ്രധാന ആശയങ്ങൾ സഹായകരമാണ്

**<u>കാൾ മാർക്സ്:</u>**

- ഉല്പാദനോപാദികളുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ് മാർക്സ് സാമൂഹിക വർഗ്ഗങ്ങളെ നിർവ്വചിച്ചത്.
- ഉല്പാദനോപാധികളായ ഭൂമി, ഫാക്ടറികൾ എന്നിവയുടെ ഉടമകളെ മുതലാളിത്ത വർഗ്ഗം എന്നും സ്വന്തം അദ്ധ്വാനം മാത്രം കൈമുതലായിട്ടുള്ളവരെ തൊഴിലാളിവർഗ്ഗം എന്നും വിശേഷിപ്പിച്ചു.
- ചരിത്രത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളിൽ യജമാനൻ, അടിമ, അഭിജാതൻ, സാധാരണക്കാർ, പ്രഭു, അടിയാൻ എന്നിങ്ങനെയുള്ള വർഗ്ഗങ്ങൾ നിലനിന്നിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

**<u>മാക്സ് വെബർ:</u>**

- ജീവിതാവസരങ്ങളുടെ അടിസ്ഥാനത്തിലാണ് വെബർ വർഗ്ഗത്തെ നിർവ്വചിക്കുന്നത്. വിപണിയുടെ പ്രാപ്തിയനുസരിച്ച് ലഭ്യമാകുന്ന നേട്ടങ്ങളേയും പ്രതിഫലങ്ങളേയുമാണ് 'ജീവിതാവസരങ്ങൾ' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്
- അസമത്വത്തിന്റെ അടിസ്ഥാനം സാമ്പത്തിക ബന്ധങ്ങളും പ്രതാപവും രാഷ്ട്രീയാധികാരവുമാണെന്ന് വെബർ വാദിച്ചു. അതിനാൽ രണ്ടിൽ കൂടുതൽ വർഗ്ഗങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

**<u>നിർവ്വഹണവാദ സിദ്ധാന്തം:</u>**

- ഒരു സമൂഹവും "വർഗ്ഗരഹിത'മല്ലെന്ന് നിർവ്വഹണവാദ സിദ്ധാന്തം വിശ്വസിക്കുന്നു. സമൂഹം വിഭജിതമാണ് എന്നു അവർ അംഗീകരിക്കുന്നു.
- ഈ പൊതുധാരണയിൽ നിന്നാണ് സാമൂഹിക ശ്രേണീകരണത്തെക്കുറിച്ചുള്ള നിർവ്വഹണവാദ സിദ്ധാന്തം ആരംഭിക്കുന്നത്.
- സാമൂഹിക ഘടനയിലെ പ്രധാന സ്ഥാനങ്ങളിൽ യോഗ്യരായ വ്യക്തികളെ പ്രതിഷ്ഠിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യകതയാണ്. ഇതാണ് ലോകത്തെല്ലായിടത്തും ശ്രണീകരണം ഉണ്ടാകാനുള്ള കാരണമെന്ന് നിർവ്വഹണവാദികൾ വാദിച്ചു.
- അങ്ങനെ സാമൂഹിക അസമത്വം അഥവാ ശ്രേണീകരണം ബോധപൂർവ്വമല്ലാതെ രൂപപ്പെട്ടു വന്നതാണ്. പ്രധാന സ്ഥാനങ്ങളിൽ ഏറ്റവും യോഗ്യരായ വ്യക്തികൾ നിയമിക്കപ്പെടുന്നുണ്ടെന്ന് സമൂഹങ്ങൾ ഉറപ്പുവരുത്തുന്നത് ഇതുപയോഗിച്ചാണെന്ന് നിർവ്വഹണവാദികൾ പറയുന്നു
- പരമ്പരാഗത ജാതിവ്യവസ്ഥയിൽ സാമൂഹിക ശ്രേണീകരണം സുസ്ഥിരവും കർശനവുമാണ്. കൂടാതെ തലമുറകളായി അവ സംക്രമിക്കുകയും ചെയ്യുന്നു.
- എന്നാൽ ആധുനിക വർഗ്ഗവ്യവസ്ഥ തുറന്നതും നേട്ടത്തെ അടിസ്ഥാനമാക്കിയുള്ളതുമാണ്. വർഗ്ഗവ്യവസ്ഥയിലെ പദവി സ്വപ്രയത്നം കൊണ്ട് ആർജ്ജിച്ചെടുക്കുന്നതാണ്.
- ഉദാ: ജനാധിപത്യ സമൂഹങ്ങളിൽ ഏറ്റവും അധസ്ഥിത വർഗ്ഗത്തിലോ ജാതിയിലോ പെട്ട ഒരു വ്യക്തിക്ക് ഉന്നതസ്ഥാനത്ത് എത്തുന്നതിന് ഒരു നിയമ തടസ്സവുമില്ല.

| ജാതി | വർഗ്ഗം |
|---|---|
| ജാതിയുടെ അടിസ്ഥാനം ജനനവും ശുദ്ധി-അശുദ്ധി സങ്കൽപ്പവുമാണ്. | വർഗ്ഗത്തിന്റെ അടിസ്ഥാനം സാമ്പത്തികമാണ്. |
| ജാതി ജന്മം കൊണ്ടു നേടുന്നു. | ആർജ്ജിച്ചെടുക്കുന്നു |
| ജാതി പരമ്പരാഗതമാണ്. | പരമ്പരാഗതമല്ല. |
| ജാതി വ്യവസ്ഥയ്ക്ക് മതത്തിന്റെ അംഗീകാരമുണ്ട്. | മതത്തിന്റേയോ നിയമത്തിന്റേയോ അംഗീകാരമില്ല. |
| ജാതി നിർണ്ണയിക്കപ്പെടുന്നത് ജനനത്തിന്റെ അടിസ്ഥാനത്തിലാണ് | വർഗ്ഗപദവി നിർണ്ണയിക്കപ്പെടുന്നത് സ്വത്തിന്റെയും കഴിവുകളുടേയും അടിസ്ഥാനത്തിലാണ്. |
| ഇന്ത്യയുടെ മാത്രം പ്രത്യേകതയാണ്. | സാർവ്വത്രികമാണ്. |

**<u>പദവിയും പങ്കും (Status and Role)</u>**

- ഒരു വ്യക്തിക്ക് സമൂഹത്തിലോ ഗണത്തിലോ ഉള്ള 'സ്ഥാന'ത്തെയാണ് പദവി എന്നു പറയുന്നത്. ഓരോ സമൂ ഹത്തിലും ഓരോ ഗണത്തിലും അത്തരത്തിലുള്ള അനേകം സ്ഥാനങ്ങളുണ്ട്. ഓരോ വ്യക്തിയും അത്തരത്തിലുള്ള പല സ്ഥാനങ്ങളും വഹിക്കുന്നുണ്ട്.
- പദവി സാമൂഹിക സ്ഥാനത്തെ സൂചിപ്പിക്കുന്നു. ഓരോ പദവിക്കും വ്യക്തമായി നിർവ്വചിക്കപ്പെട്ട അവകാശങ്ങളും കടമകളും നൽകപ്പെട്ടിട്ടുണ്ട്.
- പദവിയുടെ ചലനാത്മകമായ, പെരുമാറ്റപരമായ തലമാണ് പങ്ക്.
- പദവികൾ വഹിക്കാനും പങ്ക് നിർവ്വഹിക്കാനുള്ളതുമാണ്.
- ആധുനിക സങ്കീർണ്ണ സമൂഹത്തിൽ ഓരോ വ്യക്തിയും പല തരത്തിലുള്ള വ്യത്യസ്ത പദവികൾ വഹിക്കുന്നു.

  ഉദാ: ഒരു വിദ്യാർത്ഥി, അധ്യാപകന് ഒരു വിദ്യാർത്ഥി ആണ്. പലവ്യഞ്ജനക്കാരന് ഒരു ഉപഭോക്താവാകാം, ബസ് ഡ്രൈവർക്ക് യാത്രക്കാരനാവാം, കൂടപ്പിറപ്പുകൾക്ക് ഒരു സഹോദരനോ സഹോദരിയോ ആകാം, ഡോക്ടർക്ക് രോഗിയുമാകാം.
- ചെറുതും ലളിതവുമായ സമൂഹങ്ങളിൽ ഒരു വ്യക്തി വഹിക്കുന്ന പദവികൾ വളരെ കുറവായിരിക്കും
- എന്നാൽ ആധുനിക സമൂഹങ്ങളിൽ ഒരു വ്യക്തി പലതരം പദവികൾ വഹിക്കുന്നുണ്ട്. ഇവയെ
- സമൂഹശാസ്ത്രപരമായി "പദവിക്കൂട്ടം' (Status set) എന്ന് പറയുന്നു. വ്യക്തികൾ അവരുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത പദവികൾ ആർജിക്കുന്നു

  ഉദാ: ഒരു പുത്രൻ പിതാവും, മുത്തച്ഛനും, മുതുമുത്തച്ഛനും ആയിത്തീരുന്നു. ഇതിനെ 'പദവികമം' (status sequence) എന്നു വിളിക്കുന്നു.
- കാരണം ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ പിന്തുർച്ചയായോ ക്രമമായോ ആർജ്ജിച്ച പദവിയെയാണ് അത് സൂചിപ്പിക്കുന്നത്.

**പദവികൾ രണ്ടുതരമുണ്ട്:**

**<u>ആരോപിതവും (Ascribed) ആർജ്ജിതവും (Achieved)</u>**

- ഒരു വ്യക്തിക്ക് ജനനം കൊണ്ടോ, ഇച്ഛാപൂർവ്വമല്ലാതെയോ ലഭ്യമാകുന്ന സാമൂഹിക സ്ഥാനത്തെയാണ് ആരോപിത പദവി എന്നു പറയുന്നത്.

- ഉദാ: പ്രായം, ജാതി, ലിംഗം, വംശം ബന്ധുത്വം എന്നിവകൊണ്ട് ലഭിക്കുന്ന പദവികളെല്ലാം ആരോപിത പദവികളാണ്. ലളിതവും പരമ്പരാഗതവുമായ സമൂഹങ്ങളിൽ ആരോപിത പദവികളാണുള്ളത്
- വ്യക്തിപരമായ കഴിവ്, നേട്ടങ്ങൾ, മൂല്യങ്ങൾ, തെരഞ്ഞെടുക്കൽ (choices) എന്നിവയിലൂടെ ഒരു വ്യക്തി ഇച്ഛാനുസരണം നേടിയെടുക്കുന്ന സാമൂഹിക സ്ഥാനത്തെയാണ് ആർജ്ജിത പദവി എന്ന പറയുന്നത്.
- വിദ്യാഭ്യാസ യോഗ്യതകളും വരുമാനവും തൊഴിൽ വൈദഗ്ദ്യവുമാണ് ഇതിന്റെ അടിസ്ഥാനങ്ങൾ. ഉദാ: വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പദവികൾ

**പദവികൾ:**
- → ആരോപിത പദവി (കൽപിത) പദവി
- → ആർജ്ജിത പദവി

- ആധുനിക സമൂഹങ്ങൾ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. അതിലെ അംഗങ്ങൾക്ക് അവരുടെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് അന്തസ്സും മതിപ്പും നൽകപ്പെടുന്നത്.
- പരമ്പരാഗത സമൂഹങ്ങളിൽ വ്യക്തി കളുടെ പദവി നിർവ്വചിക്കപ്പെട്ടതും ജന്മനാ ആരോപിതവുമാണ്. നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള ആധുനിക സമൂഹങ്ങളിലും ആരോപിത പദവിയ്ക്ക് പ്രാധാന്യമുണ്ട്

**പദവിയും അന്തസ്സും പരസ്പരബന്ധമുള്ള പദങ്ങളാണ്...**

- ഓരോ പദവിക്കും ചില അവകാശങ്ങളും മൂല്യങ്ങളും നൽകപ്പെട്ടിട്ടുണ്ട്. മൂല്യങ്ങൾ വ്യക്തിയുടെ സാമൂഹ്യ പദവിയുമായി ബന്ധപ്പെട്ടവയാണ്
- ഒരു വ്യക്തി അയാളുടെ / അവളുടെ പ്രവൃത്തികൊണ്ടോ പ്രകടനം (Performance) കൊണ്ടോ ആർജ്ജിക്കുന്ന സാമൂഹിക പദവിയുമായി മൂല്യങ്ങൾക്ക് ബന്ധമില്ല. പദവിയോടോ അല്ലെങ്കിൽ സ്ഥാനമാനങ്ങളോടോ (office) ബന്ധപ്പെട്ടിരിക്കുന്ന മൂല്യത്തെയാണ് അന്തസ്സ് എന്നു പറയുന്നത്.
- അന്തസ്സിന്റെ ഏറ്റകുറച്ചിലിനനുസരിച്ചു ജനങ്ങൾ പദവിയുടെ വിതാനം (rank) നിർണ്ണയിക്കാറുണ്ട്.
- ഒരു തൊഴിലിന് നൽകപ്പെടുന്ന അന്തസ്സ് സമൂഹങ്ങൾക്കും കാലഘട്ടത്തിനുമനുസരിച്ചു വ്യത്യാസ പ്പെട്ടിരിക്കും
- ഒരു പ്രത്യേക പദവിയിലിരിക്കുന്ന ഒരാളിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്ന പെരുമാറ്റത്തെയാണ് പങ്ക് എന്നു പറയുന്നത്. ജനങ്ങൾ അവരുടെ പങ്കു നിർവ്വഹിക്കുന്നത് സാമൂഹിക പ്രതീക്ഷകൾക്കനുസരിച്ചാണ്.

ഉദാ: ഒരു കുട്ടി പെരുമാറാൻ പഠിക്കുന്നത് മറ്റുള്ളവർ അവളുടെ പെരുമാറ്റം എങ്ങനെ കാണുകയും വിലയിരുത്തുകയും ചെയ്യുമെന്നതിനെ ആശ്രയിച്ചാണ്.

**ധർമ്മ സംഘട്ടനം (role conflicts)**

- പങ്കിനെക്കുറിച്ചുള്ള വ്യത്യസ്തമായ ധാരണകൾ ധർമ്മ സംഘട്ടന (role conflicts)ത്തിനു കാരണമാവുന്നു.
- ഒന്നോ അതിലധികമോ പദവികളുമായി ബന്ധപ്പെട്ട് ധർമ്മങ്ങൾ (roles) ക്കിടയിൽ ഉണ്ടാകുന്ന പൊരുത്തക്കേടിനെയാണ് ധർമ്മ സംഘട്ടനം എന്നു പറയുന്നത്.
- രണ്ടോ അതിലധികമോ ധർമ്മങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന വിരുദ്ധപ്രതീക്ഷകളിൽ നിന്നാണ് ധർമസംഘട്ടനം ഉണ്ടാകുന്നത്.
- ഒരേ വ്യക്തി തന്നെ രണ്ടോ അതിലധികമോ ധർമ്മങ്ങൾ നിർവ്വഹിക്കുമ്പോൾ അത് പൊരുത്തക്കേടുകളും വിരുദ്ധ പ്രതീക്ഷകളും സൃഷ്ടിക്കുന്നു. വ്യക്തി ഒരു ധർമ്മം നിർവ്വഹിക്കുമ്പോൾ മറ്റു ധർമ്മങ്ങളുമായി ബന്ധപ്പെട്ട പ്രതീക്ഷകൾ തെറ്റുകയും അപ്പോൾ ധർമ്മ സംഘട്ടനം ഉണ്ടാവുകയും ചെയ്യുന്നു.
  ഉദാ: ഒരു മധ്യവർഗ്ഗ കുടുംബത്തിലെ ജോലിക്കാരിയായ സ്ത്രീക്ക് വീട്ടിൽ അമ്മയായും ഭാര്യയായും തൊഴിൽ സ്ഥലത്ത് ഒരു വിദഗ്ദയായും ധർമ്മം നിർവ്വഹിക്കേണ്ടി വരുന്നു.

**ധർമ്മസ്ഥിരത (Role stereotyping)**

- പങ്കിന്റെ മറ്റൊരു സവിശേഷതയാണ് 'ധർമ്മസ്ഥിരത" (Role stereotyping)
- സമൂഹത്തിലെ ചില അംഗങ്ങൾക്ക് ചില സവിശേഷ ധർമ്മം രൂപപ്പെടുത്തുന്ന പ്രക്രിയയാണിത്.
- ഉദാ: പുരുഷൻമാരുടെ ധർമ്മം കുടുംബം പോറ്റലും സ്ത്രികളുടെ ധർമ്മം വീട്ടുജോലിയുമാണെന്ന് സമൂഹം നിർണയിക്കുന്നു.
- പങ്കുകളും പദവികളും നൽകപ്പെട്ടതോ ഉറച്ചതോ അല്ല. വിവേചനമുണ്ടാക്കുന്ന പങ്കുകൾക്കും പദവികൾക്കുമെതിരെ ജനങ്ങൾ പോരാടാൻ ശ്രമിച്ചിട്ടുണ്ട്.
  ഉദാ: ജാതി, വംശ, ലിംഗ വിവേചനത്തിനായി നടന്ന പോരാട്ടങ്ങൾ

**സമൂഹവും സാമൂഹിക നിയന്ത്രണവും (Society and Social Control)**

- നിയന്ത്രിക്കാനാകാത്ത അംഗങ്ങളെ ശരിയായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരുന്നതിന് സമൂഹം ഉപയോഗിക്കുന്ന മാർഗ്ഗങ്ങളെയാണ് സാമൂഹിക

നിയന്ത്രണം എന്ന് പറയുന്നത്. നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി വ്യക്തികളുടെ മേൽ സമൂഹം ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളാണിത്.

- സമൂഹത്തിൽ സമാധാനവും സന്തോഷവും നിലനിൽക്കണമെങ്കിൽ ഓരോ വ്യക്തിയും ചില സാമാന്യ മര്യാദകളും പെരുമാറ്റച്ചട്ടങ്ങളും പാലിക്കേണ്ടതാവശ്യമാണ്. അതിനു വേണ്ടി സമൂഹം വ്യക്തികളുടെ മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ഓരോ സമൂഹത്തിനും അതിലെ അംഗങ്ങളെ നിയന്ത്രിക്കാൻ സ്വന്തമായ മാർഗ്ഗങ്ങളുണ്ട്.
- സമൂഹത്തിന്റെ നിലനിൽപ്പിന് സാമൂഹ്യനിയന്ത്രണം അനിവാര്യമാണ്

**സാമൂഹ്യ നിയന്ത്രണത്തിന്റെ വിവിധ തരങ്ങൾ**

**ഔപചാരികവും അനൗപചാരികവുമായ സാമൂഹിക നിയന്ത്രണം**

**ഔപചാരിക സാമൂഹിക നിയന്ത്രണം:**

- സാമൂഹിക നിയന്ത്രണത്തിനായി ക്രോഡീകരിക്കപ്പെട്ടതും ചിട്ടയോടുകൂടിയതുമായ ഔപചാരിക സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ അത് ഔപചാരിക സാമൂഹിക നിയന്ത്രണം എന്നറിയപ്പെടുന്നു
- അവ ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടവയാണ്. ഔപചാരിക സാമൂഹിക നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ഏജൻസികളും സംവിധാനങ്ങളുമുണ്ട്. ഉദാ: പോലീസും നിയമവും രാഷ്ട്രവും.
- ഔപചാരിക സാമൂഹിക നിയന്ത്രണത്തിന്റെ ലംഘനം ശിക്ഷാർഹമാണ്.
- ആധുനിക സമൂഹത്തിൽ സാമൂഹിക നിയന്ത്രണത്തിനായുള്ള ഔപചാരിക സംവിധാനങ്ങൾക്കും ഏജൻസികൾക്കുമാണ് ഊന്നൽ കൊടുക്കുന്നത്.

**അനൗപചാരിക സാമൂഹിക നിയന്ത്രണം**:

- ഓരോ സമൂഹത്തിലും മറ്റൊരു തരത്തിലുള്ള സാമൂഹിക നിയന്ത്രണവും നിലനിൽക്കുന്നു. ഇതിനെ അനൗപചാരിക സാമൂഹിക നിയന്ത്രണം എന്നു വിളിക്കുന്നു.
- അത് വ്യക്തിപരവും, അനൗപചാരികവും, ക്രോഡീകരിക്കാത്തതുമാണ്.
- പുഞ്ചിരി, മുഖം ചുളിക്കൽ, ശരീരഭാഷ, നെറ്റിചുളിക്കൽ, വിമർശനം, പരിഹാസം, ചിരി തുടങ്ങിയവ അതിലുൾപ്പെടുന്നു.
- സാമൂഹിക നിയന്ത്രണത്തിന്റെ അനൗപചാരിക രീതികൾ സമൂഹത്തിൽ അനുസരണശീലവും ക്രമവും നടപ്പിലാക്കാൻ പര്യാപ്തമല്ല. കാരണം അവ ലംഘിക്കുന്നവരെ നിയമപരമായി ശിക്ഷിക്കാൻ സാധ്യമല്ല.

- അനൗപചാരികമായ സാമൂഹിക നിയന്ത്രണത്തിന് വ്യത്യസ്തമായ ഏജൻസികളുണ്ട്. കുടുംബം, മതം, ബന്ധുത്വം തുടങ്ങിയവ അതിലുൾപ്പെടുന്നു.
- ശിക്ഷ, നാട്ടുനടപ്പുകൾ, പൊതുജനാഭിപ്രായം തുടങ്ങിയവയും അതിലുൾപ്പെടുന്നുണ്ട്.

<u>**ഗുണാത്മകവും (positive) നിഷേധാത്മകവുമായ (negative) സാമൂഹിക നിയന്ത്രണം**</u>

- സമൂഹത്തിലെ അംഗങ്ങളുടെ നല്ലതും സമൂഹം പ്രതീക്ഷിക്കുന്നതുമായ പെരുമാറ്റത്തിന് പാരിതോഷികങ്ങൾ നൽകാറുണ്ട്. ഇതിനെ ഗുണാത്മക പ്രതിഫലം (positive sanction) എന്നു പറയുന്നു.
  ഉദാ: പ്രതിഫലം (sanction), സാമൂഹികമായി പ്രതീക്ഷിക്കപ്പെടുന്ന പെരുമാറ്റങ്ങൾ അനുസരിക്കുന്നതിനുള്ള പാരിതോഷികമോ, അനുസരിക്കാത്തതിനുള്ള ശിക്ഷയോ ആണ് പ്രതിഫലം.
- വ്യതിയാനങ്ങൾ നിയന്ത്രിക്കുന്നതിനും നിയമങ്ങൾ നടപ്പിലാക്കുന്നതിനും നിഷേധാത്മക പ്രതിഫലം (ശിക്ഷ) ഉപയോഗിക്കാറുണ്ട്.
- സമൂഹത്തിലെയോ സംഘത്തിലെയോ ഭൂരിഭാഗം അംഗങ്ങളും മുറുകെ പിടിക്കുന്ന വഴക്കങ്ങളും മൂല്യങ്ങളും അനുസരിക്കാതെയുള്ള പ്രവർത്തന രീതികളെയാണ് വ്യതിയാനം (deviance) എന്നു പറയുന്നത്.
- സംസ്കാരങ്ങളുടേയും ഉപസംസ്കാരങ്ങളുടേയും മൂല്യ സങ്കല്പമനുസരിച്ച് വ്യതിയാനം വ്യത്യാസപ്പെട്ടിരിക്കും. അതുപോലെ വ്യതിയാന സങ്കൽപം കാലാനുസൃതമായി വെല്ലുവിളികൾ നേരിടുകയും മാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്യും.
  ഉദാ: സ്ത്രീകൾ ബഹിരാകാശ സഞ്ചരിയാകുന്നത് വ്യതിയാനമായി കണക്കാക്കിയ ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ അതേസമയം മറ്റൊരു കാലത്ത് അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**സാമൂഹിക നിയന്ത്രണങ്ങളെക്കുറിച്ച് സമൂഹശാസ്ത്രജ്ഞന്മാർക്കിടയിലെ വ്യത്യസ്ത കാഴ്ചപ്പാടുകൾ.**

<u>**നിർവ്വഹണവാദികൾ:**</u>

- നിർവ്വഹണവാദികളായ സമൂഹശാസ്ത്രജ്ഞന്മാർ സമൂഹത്തെ സൗഹാർദ്ദപരമായാണ് കണ്ടത്.
- നിർവ്വഹണവാദികളുടെ വീക്ഷണത്തിൽ സാമൂഹിക നിയന്ത്രണം സൂചിപ്പിക്കുന്നത് രണ്ടു കാര്യങ്ങളാണ്.

1). വ്യക്തികളുടേയും സംഘത്തിന്റേയും പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിനുള്ള ബലപ്രയോഗത്തെ അത് സൂചിപ്പിക്കുന്നു.

2). സമൂഹത്തിൽ ചിട്ടയും ക്രമവും നിലനിർത്തുന്നതിനുള്ള മൂല്യങ്ങളും മാതൃകകളും നടപ്പിലാക്കുന്നതിനെയും അതു സൂചിപ്പിക്കുന്നു.

- വ്യക്തികളുടേയും സംഘങ്ങളുടേയും പെരുമാറ്റത്തിലുള്ള വ്യതിയാനങ്ങളെ നിയന്ത്രിക്കുക,വ്യക്തികൾക്കിടയിലെയും സംഘങ്ങൾക്കിടയിലേയും സംഘർഷങ്ങളും സംഘട്ടനങ്ങളും ശമിപ്പിച്ചുകൊണ്ട് സാമൂഹിക ക്രമവും സാമൂഹിക കെട്ടുറപ്പും നിലനിർത്തുക എന്നതാണ് സാമൂഹിക നിയന്ത്രണത്തിന്റെ ലക്ഷ്യമെന്ന് നിർവ്വഹണവാദികൾ പറയുന്നു. ഇങ്ങനെ സമൂഹത്തിന്റെ സുസ്ഥിരതയ്ക്ക് സാമൂഹ്യ നിയന്ത്രണം ആവശ്യമാണെന്ന് അവർ പറയുന്നു

<u>**സംഘട്ടനവാദികൾ:**</u>

- സംഘട്ടനവാദികളായ ചിന്തകർ (Conflict theorists) സമൂഹത്തെ അസമത്വവും അനീതിയും ചൂഷണവും നിറഞ്ഞ ഒന്നായി കാണുന്നു. സമൂഹത്തിലെ പ്രബല വർഗ്ഗങ്ങൾ മറ്റുള്ളവരുടെ മേൽ അവരുടെ മേധാവിത്വവും നിയന്ത്രണവും അടിച്ചേൽപ്പിക്കുന്നതിനുള്ള ഒരു സംവിധാനമായാണ് അവർ സാമൂഹ്യ നിയന്ത്രണത്തെ കാണുന്നത്
- വ്യക്തിയുടെ അല്ലെങ്കിൽ ഒരു സംഘത്തിന്റെ പെരുമാറ്റങ്ങളെ നിയന്ത്രിക്കുന്ന സാമൂഹിക പ്രക്രിയകൾ, രീതികൾ, തന്ത്രങ്ങൾ എന്നിവയെയാണ് സാമൂഹിക നിയന്ത്രണം സൂചിപ്പിക്കുന്നത്.
- വ്യക്തിയുടേയും സംഘത്തിന്റെയും പെരുമാറ്റത്തെ നിയന്ത്രിക്കാനുള്ള ബലപ്രയോഗം, സാമൂഹികക്രമം നിലനിർത്തുന്നതിനുള്ള മൂല്യങ്ങളും മാതൃകകളും എന്നിവയേയും അതു സൂചിപ്പിക്കുന്നു.

## അദ്ധ്യായം 3
## സാമൂഹിക സ്ഥാപനങ്ങളെ മനസ്സിലാക്കൽ

**എന്താണ് സാമൂഹിക സ്ഥാപനങ്ങൾ? സാമൂഹ്യ സ്ഥാപനത്തിന്റെ അർത്ഥം**

- സ്ഥാപിത നിയമങ്ങൾക്കനുസരിച്ചു അല്ലെങ്കിൽ ചട്ടങ്ങൾക്കും ആചാരങ്ങൾക്കും അനുസരിച്ചു പ്രവർത്തിക്കുന്ന സ്ഥാപനമാണ് സാമൂഹിക സ്ഥാപനങ്ങൾ
- വ്യക്തികളെ നിയന്ത്രിക്കുന്നതിനും അവർക്ക് അവസരങ്ങൾ നൽകുന്നതിനും ഉള്ള ഉപാധികളാണ് ഇവ
- ഒരു സ്ഥാപനത്തെ ഒരു ലക്ഷ്യമായി കണക്കാക്കാൻ സാധിക്കും
- കുടുംബത്തെയും വിദ്യാഭ്യാസത്തെയും മതത്തെയും രാഷ്ട്രത്തെയുമെല്ലാം ഒരു ലക്ഷ്യമായി ആണ് ജനങ്ങൾ കാണുന്നത്

**നിർവ്വഹണവാദ വീക്ഷണം**

- സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഉയർന്നു വരുന്ന സാമൂഹ്യ വഴക്കങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, ധർമബന്ധം എന്നിവയുടെ സങ്കീർണ്ണമായ കൂട്ടത്തെയാണ് നിർവ്വഹണ വാദികൾ സാമൂഹ്യ സ്ഥാപനങ്ങളായി കണക്കാക്കുന്നത്
- സാമൂഹികമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനാണ് സാമൂഹിക സ്ഥാപനങ്ങൾ നിലനിൽക്കുന്നത്
- നിർവ്വഹണവാദ വീക്ഷണം അനുസരിച്ചു ഔപചാരികവും അനൗപചാരികവുമായ സാമൂഹിക സ്ഥാപനങ്ങൾ സമൂഹത്തിൽ ഉണ്ട്
- അനൗപചാരിക സാമൂഹിക സ്ഥാപനങ്ങൾ - കുടുംബം, മതം
- ഔപചാരിക സാമൂഹിക സ്ഥാപനങ്ങൾ - നിയമവും വിദ്യാഭ്യാസവും

**സംഘട്ടനവാദ വീക്ഷണം**

- സമൂഹത്തിലെ എല്ലാ വ്യക്തികളും തുല്യരല്ലെന്നു ഇവർ അഭിപ്രായപ്പെടുന്നു
- കുടുംബപരമോ, മതപരമോ, രാഷ്ട്രീയമോ, സാമ്പത്തികമോ, നിയമപരമോ, വിദ്യാഭ്യാസപരമോ ആയ എല്ലാ സാമൂഹിക സ്ഥാപനങ്ങളും സമൂഹത്തിലെ പ്രബല വിഭാഗങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടിയാണു പ്രവർത്തിക്കുന്നത്
- അവർ വർഗ്ഗമോ, ജാതിയോ, ഗോത്രമോ, ലിംഗമോ ആകാം
- പ്രബല വിഭാഗങ്ങൾ രാഷ്ട്രീയ, സാമ്പത്തിക സ്ഥാപനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ഭരണ വർഗ്ഗത്തിന്റെ ആശയങ്ങൾ സമൂഹത്തിന്റെ ആശയങ്ങളാണെന്നു ഉറപ്പു വരുത്തുകയും ചെയ്യുന്നു

1.കുടുംബം: **<u>കുടുംബത്തെക്കുറിച്ചുള്ള നിർവ്വഹണവാദ സംഘട്ടനവാദ കാഴ്ചപ്പാട്</u>**

- സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് ആണ് കുടുംബം
- സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമിക ഗണം ആണ് കുടുംബം
- കുടുംബം സാർവ്വത്രികവും മാറ്റം ഇല്ലാത്തതുമായ സാമൂഹ്യ സ്ഥാപനം ആണ്
- കുടുംബം വിവാഹം ബന്ധുത്വം എന്നിവ എല്ലാ സമൂഹങ്ങളിലും വളരെ പ്രധാനപ്പെട്ടതാണ്. വ്യത്യസ്ത സമൂഹ സമൂഹങ്ങളിൽ വ്യത്യസ്തമായ സ്വഭാവമാണ് അവയ്ക്കുള്ളത്
- കുടുംബം സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പൊതു മണ്ഡലങ്ങളും ആയി ബന്ധപ്പെട്ടിരിക്കുന്നു

**നിർവഹണവാദ വീക്ഷണം**

- കുടുംബം പ്രധാനപ്പെട്ട ചുമതലകൾ നിർവഹിക്കുന്നുണ്ട് എന്ന് നിർവ്വഹണ വാദികൾ അഭിപ്രായപ്പെടുന്നു
- ആധുനിക വ്യവസായിക സമൂഹങ്ങൾ നന്നായി പ്രവർത്തിക്കണമെങ്കിൽ സ്ത്രീകൾ കുടുംബം പരിപാലിക്കണം എന്നും പുരുഷന്മാർ കുടുംബത്തിന്റെ ജീവിതമാർഗ്ഗം സമ്പാദിക്കുന്നവർ ആയിരിക്കണമെന്നും നിർവഹണവാദ വീക്ഷണം വാദിക്കുന്നു

**<u>അണുകുടുംബം</u>**

- വ്യവസായിക സമൂഹത്തിന്റെ ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ ഏറ്റവും സജ്ജമായത് അണുകുടുംബം ആണെന്ന് നിർവ്വഹണ വാദികൾ അഭിപ്രായപ്പെടുന്നു
- കുടുംബത്തിന്റെ ഒരു രൂപമാണ് അണുകുടുംബം. അതിൽ ഭർത്താവ്, ഭാര്യ, അവരുടെ വിവാഹം കഴിക്കാത്ത മക്കൾ എന്നിവർ ഉൾപ്പെടുന്നു
- അണു കുടുംബത്തിലെ മുതിർന്ന ഒരാൾക്ക് പുറത്ത് ജോലി ചെയ്യാൻ കഴിയുമ്പോൾ മുതിർന്ന രണ്ടാമത്തെ ആൾക്ക് വീടിനെയും കുട്ടികളെയും ശ്രദ്ധിക്കാൻ കഴിയും എന്ന് നിർവ്വഹണ വാദികൾ ചൂണ്ടിക്കാട്ടുന്നു
- ഭർത്താവ് കുടുംബം പോറ്റുന്നവൻ എന്ന സജീവ ധർമ്മവും ഭാര്യ വീട്ടുകാര്യങ്ങൾ നോക്കുന്ന വൈകാരിക ധർമ്മവും സ്വീകരിച്ചു
- ഇത് അണു കുടുംബത്തിനകത്ത് ലിംഗ അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം കൊണ്ടുവന്നു
- അണു കുടുംബത്തിനും ലിംഗ അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനത്തിനും ആണ് നിർവഹണ വാദികൾ പ്രാധാന്യം നൽകിയത്

**അണുകുടുംബത്തിൽ നിന്ന് കൂട്ടുകുടുംബത്തിലേക്കുള്ള മാറ്റം**

- അണുകുടുംബത്തിൽ നിന്ന് കൂട്ടുകുടുംബത്തിലേക്കുള്ള മാറ്റം ഇന്ത്യയിൽ ഒരു പ്രധാന ചർച്ചാവിഷയമാണ്
- കൂട്ടുകുടുംബങ്ങൾ അതിവേഗം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ് എന്നാണ് ഇന്ത്യയിലെ പൊതുധാരണ. ഈ സാമാന്യധാരണ സമൂഹശാസ്ത്രം ചോദ്യംചെയ്യുന്നു
- കൂട്ടുകുടുംബങ്ങളിൽ നിന്നും അണു കുടുംബങ്ങളിലേക്ക് അല്ല മാറ്റം ഉണ്ടായിട്ടുള്ളതെന്നും നേരെ മറിച്ചാണ് സംഭവിച്ചിട്ടുള്ളത് എന്നും സമൂഹശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു
- അണുകുടുംബങ്ങൾ ഇന്ത്യയിൽ എല്ലാകാലത്തും നിലനിന്നിരുന്നു, പ്രത്യേകിച്ച് അധഃസ്ഥിത ജാതികൾക്കും വർഗ്ഗങ്ങൾക്കും ഇടയിലാണ് അണുകുടുംബങ്ങൾ കൂടുതലായി നിലനിന്നിരുന്നത്
- ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനു ശേഷം കൂട്ടുകുടുംബങ്ങളുടെ എണ്ണം കുത്തനെ വർധിച്ചു എന്നാണ് സമൂഹ ശാസ്ത്രജ്ഞനായ എ.എം ഷാ അഭിപ്രായപ്പെടുന്നത്. വർദ്ധിച്ചുവരുന്ന ആയുർദൈർഘ്യം ആണ് ഇതിന് കാരണമെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു
- 60 വയസ്സിന് മുകളിലുള്ള വൃദ്ധജനങ്ങളുടെ മൊത്തം ജനസംഖ്യ അനുപാതത്തിൽ വർധനവുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ പ്രായം ആയിട്ടുള്ളവർ കൂട്ടുകുടുംബങ്ങളിൽ ആണ് താമസിക്കുന്നത് എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്.
- കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്നുള്ള സാമാന്യബോധം തെറ്റാണെന്നു ഇത് സൂചിപ്പിക്കുന്നു

**സംഘട്ടനവാദ വീക്ഷണം**

- അണുകുടുംബം എന്ന നിർവ്വഹണ വാദ വീക്ഷണത്തെ സംഘട്ടന വാദികൾ ചോദ്യം ചെയ്യുന്നു
- സ്ത്രീകൾ വീട് ജോലികൾ ചെയ്യണം എന്നുള്ളത് ലിംഗപരമായ അനീതിയാണെന്നു സംഘട്ടന വാദികൾ പറയുന്നു
- സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും അനുഭവ പഠനങ്ങൾ ഇത് തെറ്റാണെന്ന് തെളിയിക്കുന്നു
- ആധുനിക സമൂഹത്തിൽ ധാരാളം സ്ത്രീകൾ ജോലിക്കു പോകുകയും സമ്പാദിക്കുകയും ചെയ്യുന്നു
- ചില പ്രത്യേക വ്യവസായങ്ങളിൽ തൊഴിൽ ചെയ്യുന്നത് സ്ത്രീകളാണ്

- ലിംഗപരമായ വേർതിരിവ് പുരുഷനെ വീടിന്റെ മേധാവിയാക്കുന്നു. എന്നാൽ ആധുനിക സമൂഹത്തിൽ സ്ത്രീകൾ കുടുംബ നാഥകളായ വീടുകൾ ധാരാളം കാണപ്പെടുന്നു

**<u>കുടുംബത്തിന്റെ വ്യത്യസ്ത രൂപങ്ങൾ</u>**

**വാസസ്ഥലത്തിന്റെ സ്വഭാവമനുസരിച്ച്** കുടുംബങ്ങളെ രണ്ടായി തരം തിരിക്കാം

- **മാതൃ സ്ഥാനീയ കുടുംബങ്ങൾ, പിതൃ സ്ഥാനീയ കുടുംബങ്ങൾ**
- **മാതൃസ്ഥാനീയ** കുടുംബങ്ങളിൽ നവദമ്പതിമാർ വധുവിന്റെ മാതാപിതാക്കന്മാരുടെ ഒപ്പം താമസിക്കുന്നു
- **പിതൃ സ്ഥാനീയ** കുടുംബങ്ങളിൽ നവദമ്പതിമാർ വരന്റെ മാതാപിതാക്കന്മാരുടെ ഒപ്പം താമസിക്കുന്നു

**അധികാരത്തിന്റെ അടിസ്ഥാനത്തിൽ** കുടുംബങ്ങളെ രണ്ടു രൂപങ്ങളായി തരംതിരിക്കാം

- **പിതൃ മേധാവിത്വ കുടുംബം, മാതൃ മേധാവിത്വ കുടുംബം**
- പുരുഷന് അധികാരവും ആധിപത്യവും ഉള്ള കുടുംബത്തെ ആണ് **പിതൃ മേധാവിത്വ** കുടുംബം എന്ന് പറയുന്നത്
- സ്ത്രീകൾക്ക് കൂടുതൽ അധികാരവും ആധിപത്യവും ഉള്ള കുടുംബങ്ങളാണ് **മാതൃ മേധാവിത്വ** കുടുംബങ്ങൾ എന്ന് അറിയപ്പെടുന്നത്. മാതാവിനു പൂർണ്ണ അധികാരം ഉള്ള കുടുംബങ്ങൾ ആയിരിക്കും

**വംശ പാരമ്പര്യത്തിന്റെ** അടിസ്ഥാനത്തിൽ കുടുംബങ്ങളെ രണ്ടായി തരംതിരിക്കാം

- **മാതൃ ദായ കുടുംബങ്ങൾ** എന്നും **പിതൃ ദായ കുടുംബങ്ങൾ** എന്നും
- വംശപാരമ്പര്യം മാതാവിലൂടെ നിലനിൽക്കുന്ന കുടുംബങ്ങളെയാണ് **മാതൃദായ** കുടുംബങ്ങൾ എന്നറിയപ്പെടുന്നത്
- വംശപാരമ്പര്യം പിതാവിലൂടെ നിലനിൽക്കുന്ന കുടുംബങ്ങളെയാണ് **പിതൃദായ** കുടുംബങ്ങൾ എന്നറിയപ്പെടുന്നത്

**<u>ദിശ കുടുംബം</u>**: ഒരു വ്യക്തി ജനിച്ച കുടുംബത്തെ ദിശ കുടുംബം എന്നു വിളിക്കപ്പെടുന്നു

**<u>പുനരുൽപാദന കുടുംബം:</u>** ഒരു വ്യക്തി വിവാഹംചെയ്ത് അയക്കപ്പെടുന്ന കുടുംബം പുനരുൽപാദന കുടുംബം എന്നു വിളിക്കപ്പെടുന്നു

**മറ്റ് സാമൂഹിക മണ്ഡലങ്ങളും ആയി കുടുംബങ്ങൾക്കുള്ള ബന്ധവും**

**കുടുംബത്തിലെ മാറ്റങ്ങളും**

- വീടും കുടുംബവും സമൂഹത്തിന്റെ മറ്റു മണ്ഡലങ്ങളും ആയി ബന്ധപ്പെട്ടാണിരിക്കുന്നത്

  ഉദാ: ജർമൻ ഏകീകരണത്തിന് അപ്രതീക്ഷിത പരിണിതഫലങ്ങൾ

- സ്ഥൂല സാമ്പത്തിക പ്രക്രിയകൾ കുടുംബത്തിലും ബന്ധുത്വത്തിലും പരിവർത്തനം ഉണ്ടാക്കുന്നു എന്നാൽ ഇത് എല്ലാ രാജ്യങ്ങളിലും പ്രദേശങ്ങളിലും ഒരുപോലെ ആയിക്കൊള്ളണമെന്നില്ല
- കൂടാതെ മാറ്റം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മുമ്പുള്ള അവസ്ഥയുടെ പൂർണമായ അന്ത്യമല്ല മാറ്റങ്ങളും തുടർച്ചയും ഒരുമിച്ചാണ് നിലനിൽക്കുന്നത്

**കുടുംബം എത്രമാത്രം ലിംഗവൽക്കരിക്കപ്പെട്ടിരിക്കുന്നു?**

- ആൺകുട്ടി മാതാപിതാക്കന്മാരെ വയസ്സുകാലത്ത് സംരക്ഷിക്കുമെന്നും പെൺകുട്ടി വിവാഹശേഷം വീടുവിട്ടു പോകും എന്നതാണ് ആളുകളുടെ പൊതുവെ ഉള്ള വിശ്വാസം
- ഇത് ആൺകുട്ടിക്ക് വേണ്ടി കൂടുതൽ പണം മുടക്കുന്നത് കാരണമാകുന്നു
- ആൺ ശിശുക്കളെകാൾ അതിജീവന സാധ്യത കൂടുതലുള്ളത് പെൺശിശുക്കൾക്ക് ആണ്. എന്നിട്ടും ഇന്ത്യയിൽ കുറഞ്ഞ പ്രായ വിഭാഗത്തിൽ ഉള്ള പെൺകുട്ടികളുടെ മരണനിരക്ക് ആൺകുട്ടികളെക്കാൾ താരതമ്യേന കൂടുതലാണ്
- പെൺഭ്രൂണഹത്യ മൂലം ലിംഗ അനുപാതത്തിൽ പെട്ടെന്നുള്ള ഇടിവ് ഉണ്ടായിട്ടുണ്ട്
- പഞ്ചാബ് ഹരിയാന മഹാരാഷ്ട്ര പടിഞ്ഞാറൻ ഉത്തർപ്രദേശ് തുടങ്ങിയ സമൃദ്ധമായ സംസ്ഥാനങ്ങളിൽ ലിംഗ അനുപാതത്തിൽ ഇടിവ് ഉണ്ടായിട്ടുണ്ട്
- പഞ്ചാബിൽ 1000 ആൺകുട്ടികൾക്ക് 793 പെൺകുട്ടികൾ എന്ന അവസ്ഥയിലേക്ക് കുട്ടികളുടെ ലിംഗ അനുപാതം കുറഞ്ഞു

പഞ്ചാബിലെയും ഹരിയാനയിലെയും ചില ജില്ലകളിൽ അത് 700-ൽ താഴെയായി കുറഞ്ഞു

<u>**വിവാഹം എന്ന സ്ഥാപനം**</u>

- എല്ലാ സമുദായങ്ങളിലും ചരിത്രപരമായി കാണപ്പെടുന്നതാണ് വിവാഹം. കുടുംബം രൂപീകരിക്കുക എന്നതാണ് വിവാഹത്തിന്റെ പ്രധാന ധർമ്മം
- വിവാഹമെന്നത് സാർവത്രികം ആയിട്ടുള്ള ഒരു സാമൂഹ്യ സ്ഥാപനം ആണ്
- ഇത് സാമൂഹികപരമായും സാംസ്കാരികപരമായും അംഗീകരിക്കപ്പെട്ടിട്ടുള്ള സാമൂഹ്യ സ്ഥാപനം ആണ്

<u>**വിവാഹത്തിന്റെ രൂപങ്ങൾ**</u>

- വിവാഹത്തിനു പല രൂപങ്ങളുണ്ട്. അവയുടെ അടിസ്ഥാനം
  1. പങ്കാളികളുടെ എണ്ണം
  2. ആർക്ക് ആരെ വിവാഹം കഴിക്കാം എന്നത് സംബന്ധിച്ച നിയമങ്ങൾ

1.പങ്കാളികളുടെ എണ്ണത്തിന് അടിസ്ഥാനത്തിൽ വിവാഹത്തെ രണ്ടായി തിരിക്കാം

(a). ഏക വിവാഹം

(b). ബഹു വിവാഹം

**ഏക വിവാഹം**

- ഒരു വ്യക്തിക്ക് ഒരേസമയം ഒരു പങ്കാളിയെ മാത്രമേ അനുവദിക്കുന്ന വിവാഹ രൂപമാണ് ഏക വിവാഹം
- ഒരു പുരുഷൻ ഒരു സ്ത്രീയെ അല്ലെങ്കിൽ ഒരു സ്ത്രീ ഒരു പുരുഷനെ മാത്രം വിവാഹം കഴിക്കുന്ന സമ്പ്രദായം ആണിത്
- ഏക വിവാഹമാണ് പൊതുവായി സമൂഹത്തിൽ അംഗീകരിച്ചിട്ടുള്ള വിവാഹരീതി

**ബഹു വിവാഹം**

- ഒരു വ്യക്തി ഒന്നിൽക്കൂടുതൽ പങ്കാളികളെ വിവാഹം കഴിക്കുന്നതിന് ആണ് ബഹു വിവാഹം എന്ന് പറയുന്നത്
- ഒരു പുരുഷൻ ഒന്നിൽ കൂടുതൽ സ്ത്രീകളെ വിവാഹം കഴിക്കുകയോ ഒരു സ്ത്രീ ഒന്നിൽ കൂടുതൽ പുരുഷന്മാരെ വിവാഹം കഴിക്കുകയോ ചെയ്യുന്ന രീതിയാണിത്

ബഹു വിവാഹത്തെ രണ്ടായി തിരിക്കാം

(a). ബഹുഭാര്യത്വം

(b).ബഹുഭർതൃത്വം

**ബഹുഭാര്യത്വം**

- ഒരു പുരുഷന് ഒരേസമയം രണ്ടോ അതിലധികമോ ഭാര്യമാർ ഉണ്ടായിരിക്കുന്ന സമ്പ്രദായത്തെയാണ് ബഹുഭാര്യത്വം എന്നുപറയുന്നത്.
- ഉദാഹരണം മുസ്ലിം കമ്മ്യൂണിറ്റി, ട്രൈബൽ കമ്മ്യൂണിറ്റി

**ബഹുഭർതൃത്വം**

- ഒരു സ്ത്രീക്ക് ഒരേസമയം രണ്ടോ അതിലധികമോ ഭർത്താക്കന്മാർ ഉണ്ടായിരിക്കുന്ന സമ്പ്രദായമാണ് ബഹുഭർതൃത്വം.
- ഉദാഹരണം ടിബറ്റൻസ്, ആദിവാസി സമൂഹങ്ങളായ റ്റൊഡാസ്, കോട്ടസ്

**അനുക്രമ ഏക വിവാഹം**

- ചില സമൂഹങ്ങളിൽ പങ്കാളിയുടെ മരണശേഷം അല്ലെങ്കിൽ വിവാഹമോചനത്തിനുശേഷം വ്യക്തികളെ വീണ്ടും വിവാഹം ചെയ്യാൻ അനുവദിക്കുന്നു
- ഇത്തരത്തിലുള്ള വിവാഹത്തിൽ ഒരു സമയത്ത് ഒന്നിലധികം പങ്കാളികളെ സ്വീകരിക്കാൻ അവർക്ക് അനുവാദമില്ല
- ഇത്തരത്തിലുള്ള ഏക വിവാഹത്തെ അനുക്രമ ഏക വിവാഹം എന്ന് വിളിക്കുന്നു.

**<u>അറേഞ്ച്ഡ് മാര്യേജ്</u>**

- ചില സമൂഹങ്ങളിൽ വിവാഹ പങ്കാളികളെ തിരഞ്ഞെടുക്കുന്നത് മാതാപിതാക്കളോ ബന്ധുക്കളോ ആയിരിക്കും
- വിവാഹ പങ്കാളികൾക്ക് തീരുമാനമെടുക്കാനുള്ള അവസരം ഉണ്ടായിരിക്കുകയില്ല എന്നാൽ ചില സമുദായങ്ങളിൽ വ്യക്തികൾക്ക് അവർക്ക് ഇഷ്ടമുള്ളവരെ വിവാഹ പങ്കാളികളായി തിരഞ്ഞെടുക്കാൻ അനുവാദമുണ്ട്

## <u>വിവാഹ നിയമങ്ങൾ</u>

**<u>സ്വഗണ വിവാഹത്തിന്റെയും ബഹിർഗണ വിവാഹത്തിന്റെയും നിയമങ്ങൾ</u>**

- ഓരോ സമൂഹത്തിലും വിവാഹ കാര്യത്തിൽ ചില നിയന്ത്രണങ്ങളും വിലക്കുകളും ഉണ്ട്
- അവ ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആണ്
- ആരെയൊക്കെ വിവാഹം കഴിക്കാം ആരെയൊക്കെ വിവാഹം കഴിക്കാൻ പാടില്ല എന്ന് വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്
- ഇണകളുടെ യോഗ്യത അയോഗ്യത എന്നിവ സംബന്ധിച്ച നിയമങ്ങളെ അടിസ്ഥാനമാക്കി വിവാഹ രൂപങ്ങളെ രണ്ടായി തരംതിരിച്ചിട്ടുണ്ട്

  (a). സ്വഗണവിവാഹവും

  (b). ബഹിർഗണ വിവാഹവും

**<u>സ്വഗണ വിവാഹം</u>**

- സ്വന്തം ഗണത്തിൽ നിന്നും ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമം ആണ് സ്വഗണ വിവാഹം
- സ്വന്തം ഗണത്തിന് പുറമേനിന്നുള്ള വിവാഹം ഇവിടെ ഇതിൽ അനുവദിക്കുന്നില്ല
- ഉദാ: ജാതി ഗോത്രം മുതലായ ഗണങ്ങളുടെ വിവാഹങ്ങൾ

**<u>ബഹിർഗണ വിവാഹം</u>**

- ഒരു വ്യക്തി സ്വന്തം ഗണത്തിന് പുറത്തുള്ളവരെ വിവാഹം ചെയ്യുന്ന സമ്പ്രദായമാണിത്
- സ്വഗണ വിവാഹത്തിന് നേർവിപരീതമാണ് ഇത്
- കുലം ജാതി വംശീയമോ മതപരമോ ആയ ഗണങ്ങൾ എന്നിങ്ങനെയുള്ള ഗണങ്ങളുമായി ബന്ധപ്പെട്ടവയാണ് ഇവ
- ചില ഗ്രാമങ്ങളിൽ <u>ഗ്രാമ ബഹിർഗണ</u> വിവാഹം അനുഷ്ഠിക്കപ്പെടുന്നുണ്ട്
- പെൺമക്കളെ സ്വന്തം വീട്ടിൽനിന്ന് വിദൂര ഗ്രാമങ്ങളിലെ കുടുംബങ്ങളിലേക്ക് വിവാഹം ചെയ്ത് അയക്കുന്നതാണ് ഗ്രാമ ബഹിർഗണ വിവാഹം

**<u>ബന്ധുത്വം - വിവിധ തരങ്ങൾ</u>**

- വിവാഹം വഴിയോ രക്തബന്ധം വഴി വ്യക്തികൾ തമ്മിലുണ്ടാകുന്ന ബന്ധത്തെയാണ് **ബന്ധുത്വം** എന്നു പറയുന്നത്
- വിവാഹം രക്തബന്ധം എന്നിവയാണ് ബന്ധുത്വത്തിന്റെ അടിസ്ഥാനം
- ബന്ധുത്വത്തെ രണ്ടായി തരം തിരിക്കാം

1. വൈവാഹിക ബന്ധുത്വം
2. സഗോത്ര ബന്ധുത്വം

**<u>1. വൈവാഹിക ബന്ധുത്വം</u>**

- വിവാഹത്തിലൂടെ ഉണ്ടാകുന്ന ബന്ധമാണ് വൈവാഹിക ബന്ധം
- ഉദാ: ഭർത്താവും ഭാര്യയും ഭർത്താവിന്റെ അച്ഛനും അമ്മയും മരുമകളും മരുമകനും

**<u>2. സഗോത്ര ബന്ധുത്വം</u>**

- രക്തബന്ധം വഴിയോ പൊതു പൂർവ്വികത്വം വഴിയോ ഉണ്ടാകുന്ന ബന്ധത്തിന് സഗോത്ര ബന്ധുത്വം എന്ന് പറയുന്നു
- ഉദാ: പിതാവ് -പുത്രൻ പിതാവിന്റെ സഹോദരൻ

**<u>2.സാമ്പത്തിക സാമൂഹ്യ സ്ഥാപനങ്ങൾ</u>**

**തൊഴിലും സാമ്പത്തിക ജീവിതവും**

**<u>എന്താണ് തൊഴിൽ?</u>**

- വേതനം പറ്റുന്ന ജോലിയാണ് തൊഴിൽ എന്ന് ആണ് ആധുനിക സങ്കല്പം
- എന്നാൽ പല തരത്തിലുള്ള ജോലികളെയും വേതനം പറ്റുന്ന ജോലികൾ ആയി കണക്കാക്കാൻ കഴിയില്ല
- അനൗപചാരിക സമ്പദ്വ്യവസ്ഥയിലെ പല തൊഴിലുകളും വേതനം പറ്റുന്ന തൊഴിലുകൾ അല്ല
- അനൗപചാരിക സമ്പത്ത് വ്യവസ്ഥ എന്നാൽ വ്യവസ്ഥാപിതമായ തൊഴിൽ മേഖലയ്ക്ക് പുറത്തുള്ള ഇടപാടുകളാണ്
- സേവനങ്ങൾ നൽകുന്നതിനുള്ള പണ കൈമാറ്റം, സാധനങ്ങളുടെയും സേവനങ്ങളുടെയും നേരിട്ടുള്ള കൈമാറ്റം എന്നിവ ഇതിൽ ഉൾപ്പെടുന്നു
- **<u>തൊഴിലിന്റെ നിർവ്വചനം</u>**: മാനുഷിക ആവശ്യങ്ങൾ നിറവേറ്റുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം ലക്ഷ്യമാക്കിക്കൊണ്ട് ചുമതലകൾ നിർവ്വഹിക്കുന്നതിന് തൊഴിൽ എന്ന് പറയുന്നു

**<u>ആധുനിക തൊഴിൽ രൂപങ്ങളും തൊഴിൽ വിഭജനവും</u>**

- ആധുനികപൂർവ്വ സമൂഹങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയും കാലിവളർത്തലും ആയിരുന്നു. എന്നാൽ ആധുനിക സമൂഹങ്ങളിൽ ജനങ്ങളിൽ ചെറിയൊരു വിഭാഗം മാത്രമേ കൃഷിയിൽ ഏർപ്പെടുന്നുള്ളൂ

ആധുനിക വ്യവസായ സമൂഹങ്ങളിൽ തൊഴിലിന് വളരെയേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട് അവയിൽ പ്രധാനപ്പെട്ടവ:

1. കൃഷി മേഖല വ്യവസായവൽക്കരിക്കപ്പെട്ടു. കൃഷി ചെയ്യുന്നതിനായി യന്ത്രങ്ങളാണ് ഉപയോഗിക്കപ്പെടുന്നത്. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ജനസംഖ്യയുടെ നല്ലൊരു ഭാഗവും ഗ്രാമീണരാണ്. കൃഷിയോ മറ്റു തൊഴിലുകളോ ആണ് അവർ ചെയ്യുന്നത്
2. സേവന മേഖലയുടെ വികസനം
3. ആധുനിക സമൂഹങ്ങളിലെ സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാന സവിശേഷത വളരെ സങ്കീർണമായ തൊഴിൽ വിഭജനമാണ്
4. തൊഴിലിനെ വ്യത്യസ്തമായ അനേകം തൊഴിലുകൾ ആയി തരംതിരിച്ചു ഓരോന്നിലും ജനങ്ങൾ പ്രത്യേക പരിജ്ഞാനം ആർജ്ജിച്ചു
5. ആധുനിക സമൂഹത്തിൽ തൊഴിലിന്റെ സ്ഥാന മാറ്റവും സംഭവിക്കാൻ കാരണമായി. വ്യവസായവൽക്കരണത്തിന് മുൻപ് മിക്ക തൊഴിലുകളും കുടുംബാംഗങ്ങൾ ചേർന്ന് വീടിനകത്ത് തന്നെയാണ് ചെയ്തിരുന്നത്. എന്നാൽ വ്യവസായവൽക്കരണംത്തോടെ അവ ഫാക്ടറികളിലേക്ക് മാറ്റപ്പെട്ടു
6. ഫാക്ടറികളിൽ ജോലി ചെയ്യുന്നവർക്ക് സവിശേഷ ജോലികൾ ചെയ്യാനുള്ള പരിശീലനം നൽകപ്പെട്ടു. ഈ ജോലിക്ക് അവർക്ക് കൂലി ലഭിക്കുകയും ചെയ്തു
7. തൊഴിലിനു മേൽനോട്ടം വഹിക്കുന്നതിനായി മാനേജർമാരെ നിയമിച്ചു. തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും അച്ചടക്കവും വർധിപ്പിക്കുകയായിരുന്നു അവരുടെ ചുമതല
8. ആധുനിക സമൂഹങ്ങളുടെ മറ്റൊരു പ്രധാന സവിശേഷത സാമ്പത്തിക പരസ്പരാശ്രയത്വം ആണ്

**<u>തൊഴിലിന്റെ രൂപാന്തരം</u>**

- ആധുനിക വ്യവസായ സമൂഹത്തിൽ തൊഴിലിൽ വളരെയധികം മാറ്റങ്ങൾ കാണപ്പെട്ടു. അവ പ്രധാനമായും :

a) വ്യവസായിക പ്രക്രിയകൾ ലളിതവൽക്കരിക്കപ്പെട്ടു
b) അവ സമയ ബന്ധിതവും സംഘടിതവും നിരീക്ഷണ വിധേയവുമായി
c) വൻതോതിലുള്ള ഉൽപ്പാദനത്തിന് വൻ വിപണികൾ ആവശ്യമായി വന്നു

d) പല ഘടകങ്ങൾ ചേർത്ത് ഒരു ഉൽപ്പന്നം നിർമ്മിക്കാൻ തൊഴിലാളികളുടെയും യന്ത്രസാമഗ്രികളുടെയും ഒരു ക്രമം രൂപപ്പെടുത്തി

e) ആധുനിക വ്യവസായിക ഉൽപ്പാദനത്തിന് വിലപിടിപ്പുള്ള യന്ത്രോപകരണങ്ങളും തൊഴിലാളികളുടെ പ്രവർത്തനമേന്മയുടെ തുടർച്ചയായ നിരീക്ഷണ സംവിധാനങ്ങളും ആവശ്യമായി വന്നു

f) അയഞ്ഞ ഉൽപാദനം, തൊഴിലിന്റെ വികേന്ദ്രീകരണം എന്നിവയിലേക്കുള്ള മാറ്റം സംഭവിച്ചു

മാറുന്ന വിപണി സാഹചര്യങ്ങൾക്കനുസരിച്ച് ഉൽപാദനം ക്രമീകരിക്കുന്നതിന് അയഞ്ഞ ഉല്പാദനം എന്ന് വിളിക്കുന്നത്.

g) ആഗോളവൽക്കരണ കാലഘട്ടത്തിൽ സ്ഥാപനങ്ങളും രാജ്യങ്ങളും തമ്മിൽ വളർന്നുവരുന്ന മത്സരമാണ് ഇത്തരത്തിലുള്ള ഒരു ഉൽപ്പാദന വ്യവസ്ഥയ്ക്ക് വഴിയൊരുക്കിയത്

**<u>3..രാഷ്ട്രീയ സ്ഥാപനങ്ങൾ</u>**

- സമൂഹത്തിൽ അധികാര വിതരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് രാഷ്ട്രീയ സ്ഥാപനങ്ങൾ
- രാഷ്ട്രീയ സ്ഥാപനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായകമായ രണ്ട് സങ്കൽപ്പങ്ങളാണ് **അധികാരവും ആധിപത്യവും**

**<u>അധികാരം</u>**

- മറ്റുള്ളവർ എതിർക്കുമ്പോൾ പോലും സ്വന്തം ഇച്ഛ നടപ്പിലാക്കാനുള്ള വ്യക്തിയുടെ അല്ലെങ്കിൽ സംഘത്തിന്റെ കഴിവിനെയാണ് അധികാരം എന്ന് പറയുന്നത്
- അധികാരം കാണിക്കുന്നവർ അങ്ങനെ ചെയ്യുന്നത് മറ്റുള്ളവരുടെ ചെലവിൽ ആണ്
- സമൂഹത്തിൽ ഒരു നിശ്ചിത അളവിൽ അധികാരമുണ്ട്
- സമൂഹത്തിലെ ചിലർക്ക് അധികാരമുണ്ട് മറ്റുള്ളവർക്ക് അധികാരമില്ല
- ഒരു വ്യക്തിക്കോ സംഘത്തിനോ ഒറ്റപ്പെട്ടിരിക്കുമ്പോൾ അധികാരമില്ല. മറ്റുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ടാണ് അധികാരം അവർക്ക് ലഭിക്കുന്നത്
  ഉദാ: കുടുംബത്തിലെ മുതിർന്നവർ വീട്ടു ചുമതലകൾ കുട്ടികളെ ഏൽപ്പിക്കുന്നു പ്രിൻസിപ്പൽ സ്കൂളിൽ അച്ചടക്കം നടപ്പിലാക്കുന്നു
- എന്നാൽ അധികാരം എങ്ങനെയാണ് അതിന്റെ ലക്ഷ്യം നേടുന്നതിനായി ഉപയോഗിക്കുന്നത് എന്നത് മനസ്സിലാക്കാൻ ആധിപത്യം എന്ന സങ്കല്പം സഹായിക്കുന്നു

**ആധിപത്യം**

- അധികാരം പ്രയോഗിക്കപ്പെടുന്നത് ആധിപത്യത്തിലൂടെയാണ് അധികാരത്തിന്റെ നിയമാനുസൃത രൂപമാണ് ആധിപത്യം
- നിയമസാധുതയെ അടിസ്ഥാനമാക്കിയാണ് ആധിപത്യം നിലകൊള്ളുന്നത്
- അതിനാൽ ആധിപത്യം സ്ഥാപനവൽകൃതമാണ്.
- ജനങ്ങൾ അധികാരികളുടെ അധികാരത്തെ അംഗീകരിക്കുന്നതിന് കാരണം അവരുടെ നിയന്ത്രണം നല്ലതും നീതിയുക്തവും ആയിരിക്കും എന്ന് കരുതുന്നതിനാലാണ്

**രാഷ്ട്ര രഹിത സമൂഹങ്ങൾ**

- രാഷ്ട്രത്തിന്റെ ആവിർഭാവത്തിനു മുൻപ് നിലനിന്നിരുന്ന സമൂഹങ്ങളാണ് രാഷ്ട്ര രഹിത സമൂഹങ്ങൾ എന്ന് പറയുന്നത്
- ഇത്തരം സമൂഹങ്ങളിൽ സാമൂഹ്യക്രമം നിലനിർത്തുന്നതിന് ആധുനിക ഭരണരീതികൾ ഉണ്ടായിരുന്നില്ല
- സാമൂഹ്യക്രമം നിലനിർത്തുന്നതിന് അനൗപചാരിക സംവിധാനങ്ങളാണ് രാഷ്ട്ര രഹിത സമൂഹങ്ങൾ ഉപയോഗിച്ചിരുന്നത്
- ബന്ധുത്വം, വിവാഹം, വാസസ്ഥലം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സഖ്യങ്ങൾ നിലനിർത്തുകയും ശത്രുക്കളെയും മിത്രങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആചാരങ്ങളും ചടങ്ങുകളും നടത്തപ്പെടുകയും ചെയ്തിരുന്നു
- എന്നാൽ ആധുനിക രാഷ്ട്രത്തിന് നിയതമായ ഘടനയും ഔപചാരികമായ നടപടിക്രമങ്ങളും ഉണ്ട്

**രാഷ്ട്രം എന്ന സങ്കല്പം**

- പാർലമെന്റും സിവിൽ ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഗവൺമെന്റ് ഒരു നിശ്ചിത ഭൂപ്രദേശം ഭരിക്കുന്നതിനാണ് രാഷ്ട്രം എന്ന് പറയുന്നത്
- ഗവൺമെന്റിന്റെ അധികാരത്തിന് ഒരു നിയമവ്യവസ്ഥയുടെ പിന്തുണ ഉണ്ടായിരിക്കും
- **നിർവഹണവാദ വീക്ഷണം:** രാഷ്ട്രം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നു
- **സംഘടനവാദ വീക്ഷണം:** സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങളാണ് രാഷ്ട്രം പ്രതിനിധീകരിക്കുന്നത്
- ജനസംഖ്യ, നിശ്ചിത പ്രദേശം, ഗവൺമെന്റ്, പരമാധികാരം എന്നിവയാണ് ഒരു രാഷ്ട്രത്തിന്റെ പ്രധാന ഘടകങ്ങൾ

**<u>ആധുനിക രാഷ്ട്രത്തിന്റെ മുഖ്യ സവിശേഷതകൾ</u>**

1. പരമാധികാരം
2. പൗരത്വം
3. ദേശീയത
4. ഗവണ്മെന്റ്

**<u>(a).പരമാധികാരം</u>**

- ഒരു നിശ്ചിത ഭൂപ്രദേശത്തിന് മേൽ രാഷ്ട്രം നടത്തുന്ന രാഷ്ട്രീയ ഭരണത്തെ ആണ് പരമാധികാരം എന്ന് പറയുന്നത്
- പരമാധികാരം രാഷ്ട്രത്തിന്റെ കുത്തകയാണ്
- പരമാധികാരം എന്നാൽ അന്തിമ അധികാരം എന്നാണർത്ഥം
- പരമാധികാരം രാഷ്ട്രങ്ങൾ നേടിയെടുത്തത് നിരന്തരമായ സമരങ്ങളിലൂടെയാണ്
- ഉദാ: ഫ്രഞ്ച് വിപ്ലവം ഇന്ത്യൻ സ്വാതന്ത്ര്യസമരം

**<u>(b). പൗരത്വം</u>**

- പൗരാവകാശങ്ങൾ, രാഷ്ട്രീയ അവകാശങ്ങൾ, സാമൂഹിക അവകാശങ്ങൾ എന്നിവ പൗരത്വ അവകാശങ്ങളിൽ ഉൾപ്പെടുന്നു
- **<u>പൗരാവകാശങ്ങൾ:</u>** ഇഷ്ടമുള്ളിടത്തു താമസിക്കാനുള്ള അവകാശം, അഭിപ്രായ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സമ്പാദിക്കാനുള്ള സ്വാതന്ത്ര്യം, നിയമത്തിനുമുന്നിൽ തുല്യമായ നീതി ലഭിക്കാനുള്ള അവകാശം
- **<u>രാഷ്ട്രീയ അവകാശങ്ങൾ</u>**: തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനും പൊതു സ്ഥാനങ്ങളിലേക്ക് മത്സരിക്കാനും ഉള്ള അവകാശങ്ങൾ, പ്രായപൂർത്തി വോട്ടവകാശം
- **<u>സാമൂഹിക അവകാശങ്ങൾ</u>**: ഓരോ വ്യക്തിക്കും ഏറ്റവും ചുരുങ്ങിയ നിലവാരത്തിൽ സാമ്പത്തിക പുരോഗതിയും സുരക്ഷയും അനുഭവിക്കാനുള്ള വിശേഷ അവകാശത്തെയാണ് സാമൂഹിക അവകാശം എന്ന് പറയുന്നത്. ആരോഗ്യപരിപാലനം, തൊഴിലില്ലായ്മ വേതനം, മിനിമം കൂലി എന്നിവ ഇതിൽ ഉൾപ്പെടുന്നു

**<u>ക്ഷേമ രാഷ്ട്രങ്ങൾ</u>**

- രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പാശ്ചാത്യ സമൂഹങ്ങളിൽ ക്ഷേമ രാഷ്ട്രങ്ങൾ സ്ഥാപിക്കപ്പെട്ടു. സാമൂഹിക അവകാശങ്ങൾ വിപുലീകരിക്കപ്പെട്ടതാണ് ക്ഷേമരാഷ്ട്രങ്ങൾ ഉടലെടുക്കാനുള്ള കാരണം

- എന്നാൽ വികസ്വര രാജ്യങ്ങളിൽ ഇത്തരം സാമൂഹിക അവകാശങ്ങൾ നിലനിന്നിരുന്നില്ല. ഈ സാമൂഹിക അവകാശങ്ങളെ രാഷ്ട്രത്തിന്റെ ബാധ്യതകൾ ആയിട്ടാണ് വികസ്വരരാജ്യങ്ങൾ കണ്ടത്
- അത് സാമ്പത്തിക വളർച്ചയെ തടസ്സപ്പെടുത്തുന്നതായിട്ടാണ് കണക്കാക്കിയത്

**<u>൩.ദേശീയത</u>**

- ഒരു ഏക രാഷ്ട്രീയ സമുദായത്തിന്റെ ഭാഗമാണെന്ന ബോധം പ്രദാനം ചെയ്യുന്ന ഒരു കൂട്ടം ചിഹ്നങ്ങളെയും വിശ്വാസങ്ങളെയും ദേശീയത എന്ന് വിളിക്കുന്നു
- ദേശീയത വ്യക്തികളിൽ ഐക്യബോധവും രാജ്യസ്നേഹവും ജനിപ്പിക്കുന്നു. ദേശീയത ഒരു ആധുനിക പ്രതിഭാസമാണ്. ആധുനിക രാഷ്ട്രങ്ങളുടെ ആവിർഭാവത്തോടെയാണ് ദേശീയത ഉയർന്നുവന്നത്
- ആഗോള വിപണിയുടെ ദ്രുതഗതിയിലുള്ള വ്യാപനവും കടുത്ത ദേശീയ വികാരങ്ങളും പോരാട്ടങ്ങളും സമകാലിക ലോകത്തിന്റെ സവിശേഷതയാണ് ഉദാ: ബ്രിട്ടീഷ്, ഇന്ത്യൻ...

**<u>4.മതമെന്ന സ്ഥാപനം</u>**

- മതത്തെക്കുറിച്ചുള്ള സാമൂഹ്യ ശാസ്ത്ര പരമായ പഠനം വളരെ പ്രധാനപെട്ടതാണ് മതത്തെക്കുറിച്ചുള്ള സാമൂഹ്യ ശാസ്ത്രപരമായ പഠനവും ദൈവശാസ്ത്രപരമായ പഠനവും വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു

1. മതങ്ങൾ എങ്ങനെ സമൂഹത്തിൽ പ്രവർത്തിക്കുന്നുവെന്നും അതിനു മറ്റു സ്ഥാപനങ്ങളും ആയുള്ള ബന്ധം എന്താണെന്നും അന്വേഷിച്ചുകൊണ്ടുള്ള അനുഭവ സിദ്ധമായ പഠനങ്ങളാണ് സമൂഹശാസ്ത്രം മതത്തെക്കുറിച്ച് നടത്തുന്നത്
2. സമൂഹശാസ്ത്രം താരതമ്യാത്മക രീതി ഉപയോഗിക്കുന്നു
3. മത വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും മറ്റു മേഖലയുമായി ബന്ധപ്പെടുത്തി കൊണ്ടാണ് സമൂഹശാസ്ത്രം പഠിക്കുന്നത്

**<u>സമൂഹ ശാസ്ത്രത്തിന്റെ മതത്തെക്കുറിച്ചുള്ള പഠനരീതികൾ</u>**

- **അനുഭവസിദ്ധപരമായ രീതി:** മതത്തെക്കുറിച്ച് വിധിനിർണയ സമീപനം ഒഴിവാക്കിക്കൊണ്ടുള്ള രീതിയെ അനുഭവസിദ്ധപരമായ രീതി എന്ന് പറയുന്നു
- **താരതമ്യ രീതി:** എല്ലാ സമൂഹങ്ങളെയും ഒരേ തലത്തിൽ കൊണ്ടുവന്ന് പക്ഷപാതമോ മുൻവിധിയില്ലാതെ പഠനം നടത്താൻ ഇത് സഹായിക്കുന്നു
- **സമൂഹശാസ്ത്രപരമായ വീക്ഷണം:** കുടുംബ ജീവിതം, സാമ്പത്തിക ജീവിതം, രാഷ്ട്രീയജീവിതം എന്നിവയുമായി ബന്ധപ്പെടുത്തി കൊണ്ട് മാത്രമേ മതത്തെക്കുറിച്ചു മനസ്സിലാക്കാൻ കഴിയുള്ളൂ എന്നാണ് സമൂഹ ശാസ്ത്രപരവുമായ വീക്ഷണം

**<u>മതങ്ങളുടെ പൊതുവായ സവിശേഷതകൾ</u>**

- മതപരമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും സംസ്കാരങ്ങൾക്ക് അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. എല്ലാ മതങ്ങൾക്കും പൊതുവായ ചില സവിശേഷതകളുണ്ട് അവ :

1. ആദരവും ഭയഭക്തി വികാരങ്ങളും ഉണർത്തുന്ന ഒരു കൂട്ടം ചിഹ്നങ്ങൾ
2. ആചാരങ്ങൾ അഥവാ ചടങ്ങുകൾ
3. വിശ്വാസികളുടെ ഒരു സമുദായം

**<u>ആചാരങ്ങൾ</u>**

- മതവുമായി ബന്ധപ്പെട്ട പലവിധ ആചാരങ്ങളുണ്ട്
- പ്രാർത്ഥന, മന്ത്രോച്ചാരണം, ഗാനാലാപം, ചില തരത്തിലുള്ള ഭക്ഷണം കഴിക്കൽ, ചില ഭക്ഷണങ്ങൾ കഴിക്കാതിരിക്കൽ, ചില ദിവസങ്ങളിൽ ഉപവാസം അനുഷ്ഠിക്കൽ തുടങ്ങിയവ ഇതിലുൾപ്പെടുന്നു
- ആചാരങ്ങൾ നടത്തുന്നത് മതപരമായ ചിഹ്നങ്ങളെ ലക്ഷ്യമാക്കിയാണ്
- ആചാരങ്ങളും അനുഷ്ഠാനങ്ങളും സാധാരണജീവിതത്തിലെ നടപടികൾ നിന്നും വ്യത്യസ്തമായിരിക്കും

**<u>മതപരമായ ആചാരങ്ങളുടെ സവിശേഷതകൾ</u>**

- മതപരമായ ആചാരങ്ങൾ ഒരു വ്യക്തി നിത്യജീവിതത്തിൽ സ്വകാര്യമായി അനുഷ്ഠിക്കുന്നവ ആണ്
- എന്നാൽ വ്യക്തികൾ കൂട്ടായി അനുഷ്ഠിക്കുന്ന ആചാരങ്ങളും എല്ലാ മതങ്ങളിലും നിലനിൽക്കുന്നുണ്ട്

- പള്ളികൾ, മുസ്ലിം പള്ളികൾ, അമ്പലങ്ങൾ, ദേവാലയങ്ങൾ തുടങ്ങിയ ചില പ്രത്യേക സ്ഥലങ്ങളിൽ ആണ് ഇത്തരത്തിലുള്ള ചടങ്ങുകളും അനുഷ്ഠാനങ്ങളും നടക്കുന്നത്
- മതം വിശുദ്ധ മണ്ഡലത്തെ കുറിച്ചുള്ളതാണ്
- ഒരു വിശുദ്ധ മണ്ഡലത്തിലേക്ക് പ്രവേശിക്കുമ്പോൾ വിവിധ മതങ്ങളിലെ അംഗങ്ങൾ ശിരസ്സ് മൂടുകയോ മൂടാതെ ഇരിക്കുകയോ ചെയ്യുന്നു പാദരക്ഷകൾ അഴിച്ചു വയ്ക്കുന്നു പ്രത്യേകതരം വസ്ത്രങ്ങൾ ധരിക്കുന്നു
- ഭയഭക്തി ബഹുമാനം, പുണ്യസ്ഥലങ്ങളോടോ സാഹചര്യങ്ങളോടോ ഉള്ള ആദരവ് എന്നിവയാണ് അവരിൽ കാണുന്ന പൊതുവായ സവിശേഷതകൾ

**മതത്തിന്റെ ആരംഭം**

- മതത്തിന്റെ ആരംഭത്തെ കുറിച്ച് പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നിലനിൽക്കുന്നുണ്ട്

**ഇ.ബി. ടൈലർ**

- മതത്തിന്റെ ആരംഭത്തെ കുറിച്ച് ഉള്ള അദ്ദേഹത്തിന്റെ സിദ്ധാന്തമാണ് **'ആനിമിസം'**
- അദ്ദേഹത്തിന് അഭിപ്രായത്തിൽ മതം ഉണ്ടായത് 'ആത്മാവ്' എന്ന ആശയത്തിൽ നിന്നാണ്

**ഹെർബർട്ട് സ്പെൻസർ**

- മതത്തിന്റെ ആരംഭം പ്രേതത്തോടുള്ള പേടിയിൽ നിന്നാണെന്നാണ് ഹെർബർട്ട് സ്പെൻസറുടെ അഭിപ്രായം
- അദ്ദേഹത്തിന്റെ സിദ്ധാന്തം **'പൂർവിക ആരാധന അഥവാ ആനിമിസം'** എന്നാണ് അറിയപ്പെടുന്നത്

**ജെയിംസ് ഫ്രേസർ**

- അദ്ദേഹത്തിന്റെ സിദ്ധാന്തം **'നാച്ചുറലിസം'** എന്നാണ് അറിയപ്പെടുന്നത് നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ പ്രകൃതി മനുഷ്യനെ പരാജയപ്പെടുത്തിയപ്പോഴാണ് മനുഷ്യൻ പ്രകൃതിയെ ദൈവമായി ആരാധിച്ചു തുടങ്ങിയത് എന്നാണ് ജെയിംസ് ഫ്രേസർ അഭിപ്രായപ്പെടുന്നത്

**എമിൽ ദുർഖേയിം**

- മതത്തെക്കുറിച്ചുള്ള മറ്റു സിദ്ധാന്തങ്ങളെല്ലാം എതിർത്തുകൊണ്ട് സാമൂഹ്യ ശാസ്ത്രപരമായ ഒരു സിദ്ധാന്തം കൊണ്ടുവന്ന വ്യക്തിയാണ് എമിലി ദുർഖേയിം
- മതപരമായ വിശ്വാസങ്ങൾ സാമൂഹികം ആണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം

- മതത്തിന് രണ്ട് തലങ്ങളുണ്ട് എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്- **ശുദ്ധവും അശുദ്ധവും**
- ശുദ്ധമായത് അശുദ്ധമായതിൽനിന്ന് വേർതിരിക്കപ്പെട്ടിരിക്കുന്നു
- വിശുദ്ധ വസ്തുക്കൾക്ക് പ്രകൃത്യാതീത ശക്തി ഉൾക്കൊള്ളുന്നുണ്ട് എന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്
- മതം ശുദ്ധമായതുമായി ബന്ധപ്പെട്ടിരിക്കുന്നു

**<u>മതത്തിന്റെ ഘടകങ്ങൾ</u>**

1. പോളിതേയ്സം (ബഹുദൈവ വിശ്വാസം)
2. മോണോതേയ്സം (ഏകദൈവവിശ്വാസം)

- **<u>പോളിതേയ്സം (ബഹുദൈവ വിശ്വാസം):</u>** ചില ആളുകൾ ഒരേ സമയം ഒന്നിൽ കൂടുതൽ ദൈവങ്ങളെ ആരാധിക്കുന്നു. അവരെയാണ് ബഹുദൈവവിശ്വാസികൾ എന്ന് വിളിക്കുന്നത്
- **<u>മോണോതേയ്സം (ഏകദൈവവിശ്വാസം)</u>**: ചില ആളുകൾ ഒരു ദൈവത്തെ മാത്രം ആരാധിക്കുന്നു. അവരെയാണ് ഏകദൈവ വിശ്വാസികൾ എന്ന് വിളിക്കുന്നത്

**<u>മതത്തിനു മറ്റു സാമൂഹിക സ്ഥാപനങ്ങളുമായുള്ള ബന്ധം</u>**

- മതം മറ്റു സാമൂഹിക സ്ഥാപനങ്ങളുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു അധികാരവും രാഷ്ട്രീയവുമായി ഇതിന് അടുത്ത ബന്ധമുണ്ട്

  ഉദാ: ജാതി വിരുദ്ധ പ്രസ്ഥാനങ്ങൾ, ലിംഗ വിവേചനത്തിനെതിരെയുള്ള പ്രസ്ഥാനങ്ങൾ
- മതം ഒരു വ്യക്തിയുടെ സ്വകാര്യ വിശ്വാസത്തിന്റെ മാത്രം കാര്യമല്ല. അതിൽ ഒരു പൊതുസ്വഭാവമുണ്ട്
- സമൂഹം പുരോഗതി പ്രാപിക്കുമ്പോൾ മതത്തിന്റെ സ്വാധീനം കുറയും എന്നാണ് ക്ലാസിക്കൽ സമൂഹ ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചിരുന്നത്
- എന്നാൽ സമൂഹത്തിന്റെ പല തലങ്ങളിലും മതത്തിന്റെ സ്വാധീനം ശക്തമായി നിലനിൽക്കുന്നുവെന്നാണ് ആധുനിക സംഭവങ്ങൾ കാണിക്കുന്നത്

**<u>മതത്തെക്കുറിച്ചുള്ള മാക്സ് വെബ്ബറിന്റെ സിദ്ധാന്തം</u>**

- **'പ്രൊട്ടസ്റ്റന്റ് എത്തിക്സ് ആൻഡ് സ്പിരിറ്റ് ഓഫ് ക്യാപ്പിറ്റലിസം'** എന്ന ബുക്കിലൂടെയാണ് അദ്ദേഹം മതത്തെക്കുറിച്ചുള്ള സിദ്ധാന്തം പ്രതിപാദിക്കുന്നത്
- മതവും സാമൂഹിക സാമ്പത്തിക പെരുമാറ്റത്തിന്റെ മറ്റു തലങ്ങളും തമ്മിലുള്ള ബന്ധത്തെ കുറിച്ചാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം പരാമർശിക്കുന്നത്

**മാക്സ് വെബറിന്റെ സിദ്ധാന്തത്തിലെ പ്രധാന ആശയങ്ങൾ:**

1. മുതലാളിത്തത്തിന്റെ ഉയർച്ചയിലും വളർച്ചയിലും കാൽവിനിസം എന്ന പ്രൊട്ടസ്റ്റന്റ് മതവിഭാഗം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്
2. ദൈവത്തിന്റെ മഹത്വത്തിനു വേണ്ടിയാണ് ലോകം സൃഷ്ടിക്കപ്പെട്ടത് എന്ന് കാൽവിനിസ്റ്റുകൾ വിശ്വസിച്ചു. അതിനാൽ ഏതൊരു തൊഴിലും ചെയ്യേണ്ടത് ദൈവത്തിന്റെ മഹത്വത്തിനായിരിക്കണം
3. കാൽവിനിസ്റ്റുകൾ ദൈവഹിതത്തിൽ വിശ്വസിച്ചു. ഒരു വ്യക്തി സ്വർഗ്ഗത്തിലേക്ക് ആണോ നരകത്തിലേക്ക് ആണ് പോകുന്നത് എന്ന് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുണ്ട് എന്നാണ് ഇതിനർത്ഥം
4. ഒരു വ്യക്തിക്ക് വിധിക്കപ്പെട്ടത് സ്വർഗ്ഗം ആണോ നരകം ആണോ എന്നറിയാൻ ആ വ്യക്തിക്ക് മാർഗമൊന്നുമില്ല. അതിനാൽ ദൈവനിശ്ചയത്തിന്റെ അടയാളങ്ങൾ ഈ ലോകത്ത് സ്വന്തം തൊഴിലുകളിൽ കാണുന്നതിന് ജനങ്ങൾ പരിശ്രമിച്ചു
5. ഒരാൾ തന്റെ തൊഴിലിൽ സ്ഥിരതയും വിജയവും കൈവരിച്ചാൽ അത് ദൈവം അയാളിൽ സന്തുഷ്ടനാണ് എന്നതിന്റെ അടയാളമായി വ്യാഖ്യാനിക്കപ്പെട്ടു
6. സമ്പാദിക്കുന്ന പണം ലൗകിക കാര്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല മനുഷ്യർ ദുർവ്യയം ഇല്ലാതെ ജീവിക്കണം
7. തങ്ങളുടെ സമ്പത്ത് അവർ ലാഭം ഉണ്ടാക്കുന്നതിനു വേണ്ടി നിക്ഷേപിക്കണം ഇങ്ങനെ നിക്ഷേപം ഒരു പുണ്യ പ്രവർത്തിയായി തീർന്നു
8. മുതലാളിത്തത്തിന്റെ അടിസ്ഥാനവും നിക്ഷേപമാണ്. മൂലധന നിക്ഷേപത്തിലൂടെ കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് മുതലാളിത്തം ശ്രമിക്കുന്നത്

അങ്ങനെ മതത്തിന് സാമ്പത്തിക വികസനത്തിൽ സ്വാധീനമുണ്ടെന്ന് വെബർ വാദിച്ചു

**മതം ഒരു സാമൂഹ്യ സ്ഥാപനം**

- മതം സമൂഹത്തിന്റെ ഒരു പ്രധാന ഭാഗമാണ്.
- അതിനാൽ സമൂഹത്തിൽ നിന്ന് വേർപെടുത്തി മതത്തെ പഠിക്കാൻ കഴിയില്ല
- സാമൂഹ്യ ശക്തികൾ മത സ്ഥാപനങ്ങളെ സ്വാധീനിക്കുന്നു
- രാഷ്ട്രീയ ചർച്ചകൾ, സാമ്പത്തിക സാഹചര്യങ്ങൾ, നിയമങ്ങൾ എന്നിവ മതപരമായ പെരുമാറ്റത്തെ സ്വാധീനിക്കുന്നു
- പരമ്പരാഗത സമൂഹങ്ങളിലെ സാമൂഹ്യ ജീവിതത്തിൽ മതം പ്രധാന പങ്കുവഹിക്കുന്നുണ്ട്
- മതപരമായ ചിഹ്നങ്ങളും അനുഷ്ഠാനങ്ങളും സമൂഹത്തിന്റെ ഭൗതികവും കലാപരവുമായ സംസ്കാരത്തോട് ചേർന്നിരിക്കുന്നു

**5.വിദ്യാഭ്യാസമെന്ന സ്ഥാപനം**

- വിദ്യാഭ്യാസം ഒരു ആജീവനാന്ത പ്രക്രിയയാണ്
- അത് ഔപചാരികമോ അനൗപചാരികമോ ആകാം
- സ്കൂൾ വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്
- സ്കൂൾ ഉന്നത വിദ്യാഭ്യാസത്തിലേക്കും തൊഴിലിലേക്കും ഉള്ള ഒരു ചവിട്ടുപടിയാണ്
- നമുക്ക് ആവശ്യമായ സാമൂഹിക വൈദഗ്ധ്യം നാം ആർജ്ജിക്കുന്നത് സ്കൂളിൽ നിന്നാണ്
- ലളിത സമൂഹങ്ങളിലെ വിദ്യാഭ്യാസവും ആധുനിക സമൂഹങ്ങളിലെ വിദ്യാഭ്യാസവും തമ്മിൽ ഗുണാത്മകമായ വ്യത്യാസങ്ങളുണ്ട്

**ഔപചാരിക വിദ്യാഭ്യാസം**

- ആധുനിക സങ്കീർണ സമൂഹങ്ങളിൽ ഔപചാരികവിദ്യാഭ്യാസം ആണ് നിലനിൽക്കുന്നത്
- സാമ്പത്തിക തൊഴിൽവിഭജനം, വീടുകളിൽനിന്ന് തൊഴിലിന്റെ സ്ഥാനമാറ്റം, സവിശേഷ പഠനത്തിന്റെയും വൈദഗ്ധ്യം ആർജ്ജിക്കേണ്ടതിന്റെയും ആവശ്യകത, രാഷ്ട്ര വ്യവസ്ഥകളുടെയും രാജ്യങ്ങളുടെയും ഉയർച്ച, ചിഹ്നങ്ങളുടേയും ആശയങ്ങളുടെയും കൂട്ടങ്ങൾ തുടങ്ങിയവ ആധുനിക സമൂഹങ്ങളിൽ കാണുന്നു.
- അതിനാൽ ആധുനിക സമൂഹങ്ങളിൽ വിദ്യാഭ്യാസം ഔപചാരികവും വ്യക്തവും ആയിരിക്കണം
- ആധുനിക സങ്കീർണ സമൂഹങ്ങൾ സാർവത്രിക മൂല്യങ്ങളിൽ അധിഷ്ഠിതമാണ്
- എന്നാൽ ലളിത സമൂഹങ്ങൾ കുടുംബം, ബന്ധുക്കൾ, ഗോത്ര, ജാതി, മതം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക മൂല്യങ്ങളെയാണ് ആശ്രയിക്കുന്നത്

**എമിൽ ദുർഖൈം**

- "വിദ്യാർത്ഥികൾ ഏത് സാമൂഹിക വിഭാഗത്തിൽ പെട്ടവരായാലും വിദ്യാഭ്യാസം അവരിൽ ചില ആശയങ്ങളും മനോവികാരങ്ങളും ശീലങ്ങളും ഉറപ്പിക്കണം" എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.
- "വിദ്യാഭ്യാസം നൽകുന്ന ഈ പൊതു അടിത്തറയില്ലാതെ ഒരു സമൂഹത്തിനും അതിജീവിക്കാനാവില്ല" എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി
- പ്രത്യേക തൊഴിലിനായി വിദ്യാഭ്യാസം കുട്ടികളെ പരിശീലിപ്പിക്കണം

- സമൂഹത്തിലെ മൂല്യങ്ങളെ ഉൾക്കൊള്ളാൻ അത് കുട്ടികളെ പ്രാപ്തരാക്കണം

**<u>നിർവഹണവാദ വീക്ഷണം</u>**

- നിർവ്വഹണ വാദികൾ സാമൂഹിക ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസത്തെ വിലയിരുത്തുന്നത്
- അവരുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസം സാമൂഹ്യഘടനയെ നിലനിർത്തുകയും നവീകരിക്കുകയും ചെയ്യുന്നു. കൂടാതെ അത് സംസ്കാരത്തെ പ്രസരിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു
- വ്യക്തികളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ സമ്പ്രദായം പ്രധാന പങ്കുവഹിക്കുന്നു. ഒരു വ്യക്തിയുടെ കഴിവുകൾ വികസിപ്പിച്ചെടുത്തു കൊണ്ട് അവരുടെ പദവികൾ തെരഞ്ഞെടുക്കുന്നതിന് വിദ്യാഭ്യാസം അവസരമൊരുക്കുന്നു

**<u>വിദ്യാഭ്യാസത്തിന്റെ ആവശ്യകത</u>**

- ചിലർ സമൂഹത്തെ ശ്രേണികരിക്കുന്നതിനുള്ള ഒരു ഏജന്റ് ആയാണ് വിദ്യാഭ്യാസത്തെ കാണുന്നത്. വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളിലെ അസമത്വം സാമൂഹിക ശ്രേണീകരണത്തിന്റെ സൃഷ്ടിയാണെന്ന് അവർ വാദിക്കുന്നു
- സാമൂഹിക സാമ്പത്തിക പശ്ചാത്തലം അനുസരിച്ചാണ് കുട്ടികൾ വ്യത്യസ്ത തരത്തിലുള്ള സ്കൂളുകളിൽ പോകുന്നത്
- ചില തരത്തിലുള്ള സ്കൂളുകളിൽ പോകുന്നതുകൊണ്ട് അവർക്ക് പ്രത്യേക ആനുകൂല്യങ്ങളും അവസരങ്ങളും ലഭിക്കുന്നു
- പലതരത്തിലുള്ള സ്കൂളുകൾ വരേണ്യ വർഗ്ഗത്തിനും ബഹു ജനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വിടവിനെ വർധിപ്പിക്കുന്നുവെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നു
- പ്രത്യേക സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ കൂടുതൽ ആത്മവിശ്വാസം ഉള്ളവരായിരിക്കും എന്നാൽ ഇങ്ങനെയുള്ള മികച്ച സ്കൂളുകളിൽ പഠിക്കാൻ അവസരം നിഷേധിക്കപ്പെട്ടവരുടെ അവസ്ഥ വിപരീതമായിരിക്കും
- അതേസമയം സ്കൂളിൽ പോകാൻ കഴിയാത്തവരും ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നവരും ധാരാളമുണ്ട്
- ലിംഗ പരവും ജാതീയവുമായ വിവേചനം വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളെ ബാധിക്കാറുണ്ട്

## അധ്യായം 4
## സംസ്കാരവും സാമൂഹ്യവൽക്കരണവും

### സംസ്കാരം എന്നാൽ എന്ത്?

- സംസ്കാരം എന്നത് ഒരു പൊതു ധാരണയാണ്
- സമൂഹത്തിൽ എങ്ങനെ പെരുമാറണം എന്നതിന് സംസ്കാരം ആവശ്യമാണ്
- സംസ്കാരം ഊർജസ്വലവും സാമൂഹികവും ആണ്. സംസ്കാരം മനുഷ്യൻ സാമൂഹികമായി ആർജ്ജിക്കുന്നതാണ്
- സംസ്കാരം ആർജ്ജിക്കപ്പെടുന്നതും വളർന്നു വരുന്നതും സമൂഹത്തിലെ മറ്റുള്ളവരുമായുള്ള പരസ്പര ബന്ധത്തിലൂടെയാണ്. സംസ്കാരങ്ങൾ പൂർണമല്ല
- അവ എല്ലായിപ്പോഴും മാറുകയും പരിണമിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു
- ചില ഘടകങ്ങൾ സംസ്കാരത്തോട് കൂട്ടിച്ചേർക്കപ്പെട്ടുന്നു, ചിലത് വിട്ടുകളയുന്നു, ചില ഘടകങ്ങൾ വികാസം പ്രാപിക്കുകയോ ചുരുങ്ങുകയും ചെയ്യുന്നു
- സംസ്കാരം എന്ന പൊതുധാരണ വികസിപ്പിച്ചെടുക്കാനുള്ള വ്യക്തികളുടെ കഴിവാണ് മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്

### നിർവ്വചനം

### എഡ്വേർഡ് ടൈലർ (E.B.Tylor):

- ബ്രിട്ടീഷ് പണ്ഡിതനായ എഡ്വേർഡ് ടൈലർ അദ്ദേഹത്തിന്റെ **'പ്രാകൃത സംസ്കാരം'** എന്ന പുസ്തകത്തിൽ ആണ് സംസ്കാരത്തെ കുറിച്ച് നിർവചിച്ചത്
- "സമൂഹത്തിലെ ഒരു അംഗമെന്ന നിലയിൽ മനുഷ്യൻ ആർജ്ജിച്ച വിജ്ഞാനം, വിശ്വാസങ്ങൾ, കല, സദാചാരം, നിയമം, ആചാരം, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയുടെ സങ്കീർണ്ണമായ ആകെത്തുകയാണ് സംസ്കാരം"

### മലിനോവ്സ്കി:

- നരവംശ ശാസ്ത്രത്തിലെ 'നിർവ്വഹണവാദ' ത്തിന്റെ സ്ഥാപകനായ മലിനോവ്സ്കി നിർവ്വചിച്ചിരിക്കുന്നത് ഇങ്ങനെയാണ്
- "പൂർവ്വജീത വസ്തുക്കൾ, സാധനങ്ങൾ, സാങ്കേതിക പ്രക്രിയകൾ, ആശയങ്ങൾ, ശീലങ്ങൾ, മൂല്യങ്ങൾ എന്നിവയടങ്ങുന്നതാണ് സംസ്കാരം"

### ക്ലിഫോർഡ് ഗീർട്സ്:

- "മനുഷ്യൻ അവൻ സ്വയം നെയ്തെടുത്ത പ്രാധാന്യത്തിന്റെ വലകളിൽ തൂങ്ങി കിടക്കുന്ന ഒരു ജീവിയാണ്. ആ വളകളെ ഞാൻ സംസ്കാരമായി കരുതുന്നു"

**ലെസ്ലി വൈറ്റ്:**

- ഒരു വസ്തു നിഷ്ഠ യാഥാർഥ്യത്തിനു അർത്ഥം ചേർക്കുന്ന ഒരു മാർഗ്ഗമായാണ് അദ്ദേഹം സംസ്കാരത്തെ കാണുന്നത്
- അമേരിക്കയിലെ നരവംശ ശാസ്ത്രജ്ഞരായ **ആൽഫ്രഡ് ക്രൊബേർ, ക്ലയ്ഡ് ക്ലൂക്ഹോൻ** എന്നിവർ സംസ്കാരത്തെക്കുറിച്ചു സമഗ്രമായ പഠനം നടത്തി
- അവരുടെ ബുക്ക് -1952 ൽ പ്രസിദ്ധീകരിച്ച - **"Culture: A Critical Review of Concepts and Definitions"**

**സംസ്കാരത്തിന്റെ പ്രത്യേകതകൾ**

**സംസ്കാരം എന്നാൽ:-**

1. ചിന്ത, മനോഭാവം, വിശ്വാസം എന്നിവയുടെ ഒരു രീതി
2. ഒരു ജനതയുടെ മൊത്തം ജീവിതരീതി
3. പെരുമാറ്റത്തിൽ നിന്നുള്ള അമൂർത്തീകരണം
4. അഭ്യസിച്ച പെരുമാറ്റം
5. പഠന സഞ്ചയങ്ങളുടെ ഒരു കലവറ
6. വ്യക്തി തന്റെ ഗണത്തിൽ നിന്ന് ആർജ്ജിക്കുന്ന സാമൂഹ്യ പൈതൃകം
7. അവർത്തിത പ്രശ്നങ്ങളോടുള്ള ഒരു കൂട്ടം നിലവാരപ്പെടുത്തിയ പൊരുത്തപ്പെടൽ
8. പെരുമാറ്റത്തെ നൈതികമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

**സംസ്കാരത്തിന്റെ മാനങ്ങൾ**

- സംസ്കാരത്തിനു മൂന്നു മാനങ്ങളുണ്ട് ജ്ഞാനാത്മകം, നൈതികം, ഭൗതികം

**a.ജ്ഞാനാത്മകം**

- നാം കാണുന്നതും കേൾക്കുന്നതും ആയ കാര്യങ്ങളെ കുറിച്ച് ഒരു അവബോധം സൃഷ്ടിച്ചുകൊണ്ട് അവയ്ക്ക് അർത്ഥമേകുന്നതിനെയാണ് ജ്ഞാനാത്മകം എന്ന് പറയുന്നത്
- ഉദാ: ഒരു സെൽ ഫോൺ അടിക്കുമ്പോൾ അത് നമ്മുടേതാണ് എന്ന് തിരിച്ചറിയുന്നത്, ഒരു രാഷ്ട്രീയ നേതാവിന്റെ കാർട്ടൂൺ തിരിച്ചറിയുന്നത്

**b.നൈതികം**

- ഇത് പെരുമാറ്റ നിയമങ്ങളെ സൂചിപ്പിക്കുന്നു
- ഉദാ: മറ്റുള്ളവരുടെ കത്തുകൾ തുറക്കാതിരിക്കുക
  മരണാനന്തരചടങ്ങുകൾ നിർവഹിക്കുക

**c.ഭൗതികം**

- ഭൗതികവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും ഇതിലുൾപ്പെടുന്നു
- ഉപകരണങ്ങൾ യന്ത്രങ്ങൾ എന്നിവയെല്ലാം ഭൗതികവസ്തുക്കൾ ഉൾപ്പെടുന്നു
- ഉദാ: ഇന്റർനെറ്റ് ചാറ്റിങ്

  അരിപ്പൊടി കൊണ്ട് കോലം ഇടുന്നത്

**a.സംസ്കാരത്തിന്റെ ജ്ഞാനാത്മക തലങ്ങൾ**

- ജ്ഞാനാത്മകം എന്നാൽ അവബോധമുണ്ടാക്കുക എന്നാണ് അർത്ഥം
- നമ്മുടെ ചുറ്റുപാടുകളിൽ നിന്നും നമുക്ക് ലഭിക്കുന്ന വിവരങ്ങളെ കുറിച്ച് അവബോധമോ ധാരണയോ ഉണ്ടാകുന്നതിനെ ആണ് ജ്ഞാനാത്മകം എന്നു പറയുന്നത്
- സംസ്കാരത്തിന്റെ ജ്ഞാനാത്മക തലങ്ങൾ തിരിച്ചറിയാൻ പ്രയാസമാണ്
- സംസ്കാരത്തിന്റെ ഭൗതിക തലങ്ങൾ തൊട്ടറിയാനും കാണാനും കേൾക്കാനും കഴിയുന്നതാണ്. എന്നാൽ ജ്ഞാനാത്മക തലം തിരിച്ചറിയുക എളുപ്പമല്ല
- വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും നമുക്ക് അവബോധം ഉണ്ടാക്കിയെടുക്കാൻ സാധിക്കും
- സാക്ഷര സമൂഹങ്ങളിൽ പുസ്തകങ്ങളിലൂടെയും വായനയിലൂടെയും അവബോധം ഉണ്ടാക്കി എടുക്കാൻ സാധിക്കുന്നു
- എന്നാൽ നിരക്ഷര സമൂഹങ്ങളിൽ ഐതിഹ്യങ്ങളും കഥകളും വിവരണങ്ങളും വഴിയായി വാമൊഴി ആയിട്ടാണ് അവബോധം കൈമാറുന്നത്
- **വാൾട്ടർ ഓങ്** അദ്ദേഹത്തിന്റെ ബുക്കായ **Orality and Literacy** ൽ 1971-ലെ ഒരു പഠനം അനുസരിച്ച് 3000 ഭാഷകളിൽ 78 എണ്ണത്തിനു മാത്രമേ സ്വന്തമായി സാഹിത്യം ഉള്ളു എന്ന് ചൂണ്ടിക്കാണിക്കുന്നു
- എഴുതപ്പെട്ടിട്ടില്ലാതെ വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഇത്തരം വിവരങ്ങൾക്ക് പ്രത്യേക സവിശേഷതകൾ ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു

**b.സംസ്കാരത്തിന്റെ നൈതിക തലങ്ങൾ**

- സംസ്കാരത്തിന്റെ നൈതിക തലത്തിൽ നാട്ടുരീതികൾ, നാട്ടുനടപ്പുകൾ, ആചാരങ്ങൾ, കീഴ്‌വഴക്കങ്ങൾ, നിയമങ്ങൾ എന്നിവ ഉൾപ്പെടുന്നു
- ഇവ വ്യത്യസ്ത സന്ദർഭങ്ങളിലെ സാമൂഹ്യ പെരുമാറ്റത്തിന് മാർഗനിർദേശം നൽകുന്ന മൂല്യങ്ങളും നിയമങ്ങളും ആയിരിക്കും
- ജനങ്ങൾ സാമൂഹിക വഴക്കങ്ങൾ പിന്തുടരുന്നു കാരണം സാമൂഹ്യ വൽക്കരണത്തിന്റെ ഫലമായി അത് ജനങ്ങൾ ശീലമാക്കിയിട്ടുള്ളതാണ്

**<u>സാമൂഹിക വഴക്കങ്ങളും നിയമങ്ങളും</u>**

- സാമൂഹിക വഴക്കങ്ങൾ അന്തർലീനമായ ചട്ടങ്ങളാണ്
- എന്നാൽ നിയമങ്ങൾ വ്യക്തമായ ചട്ടങ്ങളാണ്
- ഫ്രഞ്ച് സമൂഹ ശാസ്ത്രജ്ഞനായ **പിയറി ബോർഡിയോ** പറയുന്നത് ' മറ്റൊരു സംസ്കാരത്തിന്റെ വഴക്കങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ അവയിൽ അന്തർലീനമായ ചില ധാരണകൾ ഉണ്ടെന്ന് നാം ഓർത്തിരിക്കണം ' എന്നാണ്
- ഉദാ: ഒരു വ്യക്തി തനിക്ക് ലഭിച്ച സഹായത്തിന് നന്ദി പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ പെട്ടെന്ന് തന്നെ ഒരു മടക്ക സമ്മാനം നൽകാൻ പാടില്ല കാരണം അതിനെ ഒരു സൗഹൃദ പ്രകടനമായി അല്ല മറിച്ച് ഒരു ബാധ്യത ഒഴിവാക്കാൻ ഉള്ള ശ്രമമായാണ് കരുതുക

**<u>നിയമം</u>**

- ഗവൺമെന്റിനാൽ നിർവചിക്കപ്പെട്ട ഒരു ഔപചാരിക ഉത്തരവാണ് നിയമം
- പൗരന്മാർ അത് അനുസരിക്കണം. നിയമങ്ങൾ സ്പഷ്ടമായവയാണ്
- എല്ലാ സമൂഹത്തിനും ബാധകമാണ്. നിയമലംഘനം ശിക്ഷാർഹമാണ്
- രാഷ്ട്രം കൊണ്ടുവരുന്ന നിയമങ്ങൾ എല്ലാവർക്കും ബാധകമാണ്

**<u>വഴക്കങ്ങൾ</u>**

- നിയമങ്ങളും വഴക്കങ്ങളും തമ്മിൽ വ്യത്യാസമുണ്ട്
- വഴക്കങ്ങൾ പദവിക്ക് അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും
- സമൂഹത്തിലെ പ്രബല വിഭാഗങ്ങൾക്ക് പ്രബലമായ വഴക്കങ്ങൾ ആണ് ബാധകം
- ഈ വഴക്കങ്ങൾ വിവേചനപരമായിരിക്കും

  ഉദാ: ദളിതരെ ഒരേ കിണറ്റിൽ നിന്ന് വെള്ളം എടുക്കാൻ വഴക്കങ്ങൾ അനുവദിക്കുന്നില്ല. സ്ത്രീകൾക്ക് പൊതുസ്ഥലങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അനുവാദം നൽകാതിരിക്കുന്നത്

**<u>c.സംസ്കാരത്തിന്റെ ഭൗതിക തലങ്ങൾ</u>**

- സംസ്കാരത്തിന് ഒരു ഭൗതിക തലമുണ്ട്
- മനുഷ്യർ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഭൗതികവസ്തുക്കൾ ആണ് ഇതിൽ ഉൾപ്പെടുന്നത്
- ഉപകരണങ്ങൾ, സാങ്കേതികവിദ്യകൾ, യന്ത്രങ്ങൾ, വാർത്താവിനിമയം, ഉല്പാദന ഉപകരണങ്ങൾ എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു

  ഉദാ: മൊബൈൽ ഫോൺ, എടിഎം, റഫ്രിജറേറ്റർ, കമ്പ്യൂട്ടർ
- ഇത് സാങ്കേതിക ഉപകരണങ്ങളിൽ ഉള്ള ആശ്രയത്വത്തെ കാണിക്കുന്നു

**<u>ഭൗതികവും ഭൗതികേതരവും</u>**

- സംസ്കാരത്തിന് രണ്ട് പ്രധാന മാനങ്ങളുണ്ട് - ഭൗതികവും ഭൗതികേതരവും
- ഉത്പാദനം വർധിപ്പിക്കുന്നതിനും ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനും ഭൗതിക തലങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്
- ജ്ഞാനാത്മകവും നൈതികവുമായ തലങ്ങളാണ് ഭൗതികേതര സംസ്കാരത്തിൽ ഉൾപ്പെടുന്നത്. ഇത് ആശയങ്ങളുടെ മേഖലയാണ്
- ഒരു സംസ്കാരത്തിന്റെ ഒരുമിച്ചുള്ള പ്രവർത്തനത്തിന് ഭൗതികവും ഭൗതികേതരവുമായ തലങ്ങൾ യോജിച്ചു പ്രവർത്തിക്കണം

**<u>സാംസ്കാരിക ചലന മാന്ദ്യം</u>**

- ഭൗതിക മാനങ്ങൾ അതിവേഗം മാറുകയും ഭൗതികേതര തലങ്ങളിൽ വളരെ സാവധാനത്തിൽ മാറ്റം ഉണ്ടാവുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന അവസ്ഥയ്ക്കാണ് സാംസ്കാരിക ചലനം മാന്ദ്യം എന്ന് പറയുന്നത്
- സാങ്കേതികവിദ്യയിലെ മുന്നേറ്റങ്ങളും ആയി ഒത്തുപോകാൻ കഴിയാതെ വരുമ്പോഴാണ് ഭൗതികേതര മാറ്റങ്ങൾ പിന്നിലേക്ക് പോകുന്നത്
- ഭൗതിക സംസ്കാരവും ഭൗതികേതര സംസ്കാരവും തമ്മിലുള്ള വിടവിനാണ് സംസ്കാരിക ചലനം മാന്ദ്യം എന്ന് പറയുന്നത്
- **വില്യം എഫ്. ഓഗ്ബെൻ** ആണ് ഈ ആശയം കൊണ്ടുവന്നത്
- ഭൗതിക സംസ്കാരത്തിൽ വളരെ വേഗത്തിൽ മാറ്റങ്ങൾ സംഭവിക്കുകയും ഭൗതികേതര സംസ്കാരത്തിൽ വളരെ പതിയെ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്യുന്നു

**<u>സംസ്കാരവും സ്വത്വവും</u>**

- സ്വത്വം അഥവാ വ്യക്തിത്വം പൈതൃകമായി ലഭിക്കുന്നതല്ല
- വ്യക്തിയും സംഘവും അവരുടെ സ്വത്വം രൂപപ്പെടുത്തുന്നത് മറ്റുള്ളവരുമായുള്ള അവരുടെ ബന്ധങ്ങളിലൂടെയാണ്
- ഒരു വ്യക്തിയുടെ സ്വത്വം അയാൾ വഹിക്കുന്ന സാമൂഹിക പങ്ക് വെളിവാക്കപ്പെടുന്നു
- ആധുനിക സമൂഹത്തിലെ ഓരോ വ്യക്തിയും പലതരത്തിലുള്ള പങ്കുവഹിക്കുന്നുണ്ട്
- ഓരോ വ്യക്തിയും അവരുടെ പങ്ക് നിർവഹിക്കുന്നതിനോടൊപ്പം അതിന് അനുബന്ധിച്ചുള്ള അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നുണ്ട്
- അതിനോടൊപ്പം തന്നെ അവ എന്താണെന്ന് തിരിച്ചറിയപ്പെടുകയും അംഗീകരിക്കുകയും ചെയ്യണം
- ഇതിന് ഒരു പ്രത്യേക ഭാഷ പ്രധാന പങ്കുവഹിക്കുന്നു

- ഉദാ: സ്കൂളിലെ വിദ്യാർത്ഥികൾ അവരുടെ അധ്യാപകരെ അഭിസംബോധന ചെയ്യുന്ന ഭാഷാരീതി

**<u>ഉപസംസ്കാരം</u>**

- ഒരു സംസ്കാരത്തിൽ തന്നെ പല ഉപ സംസ്കാരങ്ങൾ ഉണ്ട്
  ഉദാ: വരേണ്യവർഗ സംസ്കാരം, യുവതൊഴിലാളിവർഗ്ഗ സംസ്കാരം
- ഉപ സംസ്കാരങ്ങൾക്ക് അവരുടേതായ ശൈലി, അഭിരുചി, സംഘടന എന്നിവയുണ്ട്
- അവയുടെ സംസാരരീതി, വസ്ത്രധാരണം, പ്രത്യേകതരം സംഗീതത്തോടുള്ള താല്പര്യം, സംഘത്തിലെ മറ്റ് അംഗങ്ങളും ആയുള്ള പരസ്പരപ്രവർത്തനം എന്നിവയിലൂടെ സംസ്കാരങ്ങളെ തിരിച്ചറിയാൻ സാധിക്കും
- ഉപ സംസ്കാരങ്ങൾ ഒത്തൊരുമയുള്ള ഒരു യൂണിറ്റ് ആയിട്ടാണ് പ്രവർത്തിക്കുന്നത്
- അതിലെ അംഗങ്ങൾക്ക് അവരുടേതായ സ്വത്വം ഉണ്ട്
- അംഗങ്ങൾക്കിടയിൽ നേതാക്കന്മാരും അണികളും ഉണ്ടാകാമെങ്കിലും സംഘത്തിനുവേണ്ടി എല്ലാ അംഗങ്ങളും നില കൊള്ളുകയും അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു
- ഉദാ: സ്പോർട്സ് ക്ലബ്

**<u>വംശീയ കേന്ദ്രോത്മുഖത</u>**

- മറ്റു സംസ്കാരങ്ങളിലെ ജനങ്ങളുടെ വിശ്വാസങ്ങളെയും പെരുമാറ്റത്തെയും സ്വന്തം സംസ്കാരത്തിന്റെ കാഴ്ചപ്പാടിൽ വിലയിരുത്തുന്നതിന് ആണ് വംശീയ കേന്ദ്രോത്മുഖത എന്ന് പറയുന്നത്
- സ്വന്തം സംസ്കാരം മറ്റുള്ളവരുടെ സംസ്കാരത്തെക്കാൾ മെച്ചപ്പെട്ടതാണെന്ന ധാരണയാണ് ഈ സങ്കൽപ്പത്തിന് അടിസ്ഥാനം
- സ്വന്തം വംശത്തിന്റെ സാംസ്കാരിക മേധാവിത്വത്തെ ഉയർത്തിപ്പിടിക്കുന്നു
  ഉദാ: ഇന്ത്യയിൽ പാശ്ചാത്യ വിദ്യാഭ്യാസം സ്ഥാപിച്ച **മെക്കാളെ പ്രഭുവിന്റെ വിദ്യാഭ്യാസ മിനിറ്റ്സ്**

**<u>സാർവ്വജനീനത</u>**

- കേന്ദ്രോത്മുഖതയുടെ വിപരീതമാണ് സാർവ്വജനീനത
- സാർവ്വജനീന വാദം മറ്റ് സംസ്കാരങ്ങളുടെ വ്യത്യസ്തകൾക്ക് വിലകൽപ്പിക്കുന്നു
- സാർവജനീനമായ കാഴ്ചപ്പാടുള്ള ഒരു വ്യക്തി മറ്റുള്ളവരുടെ മൂല്യങ്ങളെയും വിശ്വാസങ്ങളെയും സ്വന്തം സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നില്ല

- സാർവ്വജനീനത വ്യത്യസ്ത സാംസ്കാരിക പ്രവണതകളെ ആദരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. സ്വന്തം സംസ്കാരത്തെ സമ്പുഷ്ടമാക്കുന്നു
- സാംസ്കാരിക കൈമാറ്റത്തെയും കടം വാങ്ങലിനെയും അത് പ്രോത്സാഹിപ്പിക്കുന്നു

  ഉദാ: ഇംഗ്ലീഷ് ഭാഷ, ഹിന്ദി ചലച്ചിത്ര സംഗീതം, ഇന്ത്യൻ നാടോടി സംഗീതം
- ആധുനിക സമൂഹം സാംസ്കാരിക വ്യത്യാസങ്ങളെ ആദരിക്കുന്നു
- വിദേശ സംസ്കാരങ്ങളിലെ സ്വാധീനങ്ങളെ അത് ഉൾക്കൊള്ളുകയും തദ്ദേശ സംസ്കാരവുമായി ഒത്തുപോകാൻ അനുവദിക്കുകയും ചെയ്യുന്നു
- അങ്ങനെ വ്യത്യസ്ത ശൈലികൾ, രൂപങ്ങൾ, സ്വരങ്ങൾ, സൃഷ്ടികൾ എന്നിവ സ്വീകരിക്കുന്നതിലൂടെ സാർവ്വജനീന സംസ്കാരത്തിന് ഒരു സ്വത്വം ലഭിക്കുന്നു
- വ്യത്യസ്ത സ്വാധീനങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സ്വന്തം സംസ്കാരത്തെ സമ്പുഷ്ടമാക്കാൻ ഒരു സാർവ്വജനീന വീക്ഷണം സഹായിക്കുന്നു

<u>**സാംസ്കാരിക മാറ്റം**</u>

- സമൂഹങ്ങൾ അവരുടെ സംസ്കാരത്തിന്റെ മാതൃകകളെ മാറ്റുന്ന രീതിയാണ് സാംസ്കാരിക മാറ്റം എന്ന് പറയുന്നത്. ഈ മാറ്റം **ആന്തരികമോ ബാഹ്യമോ** ആകാം

<u>**ആന്തരിക കാരണങ്ങൾ**</u>

- പുതിയ കാർഷിക രീതികൾ കൈക്കൊള്ളുമ്പോൾ കാർഷിക ഉൽപാദനം വർദ്ധിക്കുന്നു അതൊരു കാർഷിക-ഭക്ഷ്യ ഉപയോഗത്തിനും ജീവിതത്തിന്റെ ഗുണമേന്മയിലും മാറ്റങ്ങൾ കൊണ്ടുവരും

<u>**ബാഹ്യ കാരണങ്ങൾ**</u>

- ആക്രമണത്തിന്റെയോ കോളനിവൽക്കരണംത്തിന്റെയോ രൂപത്തിലുള്ള ബാഹ്യമായ ഇടപെടലുകൾ ഒരു സമൂഹത്തിന്റെ സംസ്കാരത്തിൽ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന കാരണങ്ങളാണ്

**സാംസ്കാരിക മാറ്റങ്ങൾ ഉണ്ടാകുന്നത് എങ്ങനെ?**

**പാരിസ്ഥിതിക മാറ്റങ്ങൾ**

- പാരിസ്ഥിതിക മാറ്റങ്ങളിലൂടെയും മറ്റു സംസ്കാരങ്ങളുമായി ഉള്ള ബന്ധങ്ങളിലൂടെയും സാംസ്കാരിക മാറ്റങ്ങൾ സംഭവിക്കാം
- പരിസ്ഥിതിയിൽ ഉള്ള മാറ്റങ്ങൾ ഒരു ജനതയുടെ ജീവിത രീതി മാറ്റിമറിക്കും
- വനത്തിൽ ജീവിക്കുന്ന സമുദായങ്ങൾക്ക് പരിസ്ഥിതിയിലുള്ള മാറ്റങ്ങൾ അവരുടെ ജീവിത രീതി തന്നെ മാറാൻ കാരണമാകും

  ഉദാ: വനത്തിലേക്കുള്ള പ്രവേശനവും വിഭവങ്ങളും നിയമംമൂലം നിഷേധിക്കുന്നത്

  അവരുടെ ജീവിതരീതിയെ ബാധിക്കും.

- വടക്കുകിഴക്കേ ഇന്ത്യയിലെയും മധ്യേഷ്യയിലെയും ഗോത്ര സമുദായങ്ങളെ വനവിഭവങ്ങളുടെ നഷ്ടം രൂക്ഷമായി ബാധിച്ചിട്ടുണ്ട്

**വിപ്ലവകരമായ മാറ്റങ്ങൾ**

- പരിണാമപരമായ മാറ്റങ്ങളോടൊപ്പം വിപ്ലവകരമായ മാറ്റങ്ങളും സംസ്കാരത്തിൽ മാറ്റം വരുത്തുന്നു
- ഒരു സംസ്കാരത്തിന് പെട്ടെന്ന് പരിവർത്തനം ഉണ്ടാകുമ്പോൾ, അതിന്റെ മൂല്യങ്ങളും അർത്ഥ വ്യവസ്ഥകളും സമൂലമായ മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുന്നു
- രാഷ്ട്രീയ ഇടപെടൽ, സാങ്കേതിക മാറ്റങ്ങൾ, പാരിസ്ഥിതിക മാറ്റം എന്നിവയെല്ലാം വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നു
- ഉദാ: ഫ്രഞ്ച് വിപ്ലവം

**ഫ്രഞ്ച് വിപ്ലവം ഫ്രഞ്ച് സമൂഹത്തിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവന്നു..**

- ഫ്രാൻസിലെ എസ്റ്റേറ്റ് വ്യവസ്ഥയെ ഇല്ലായ്മ ചെയ്തു
- രാജവാഴ്ച അവസാനിപ്പിച്ചു
- സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ മൂല്യങ്ങൾ ജനങ്ങൾക്കിടയിൽ വളർത്തിയെടുക്കാൻ സാധിച്ചു
- ഇലക്ട്രോണിക് അച്ചടിമാധ്യമങ്ങളുടെ പുരോഗതിയും ഇത്തരത്തിലുള്ള വിപ്ലവകരമായ സാംസ്കാരിക മാറ്റങ്ങൾക്ക് മാറ്റങ്ങൾക്ക് ഉദാഹരണമാണ്

**<u>സാമൂഹ്യവൽക്കരണം (സാമൂഹീകരണം)</u>**

- ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയയാണ് സാമൂഹ്യവൽക്കരണം
- മനുഷ്യന്റെ ജനനം മുതൽ മരണം വരെ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണത്
- ഒരു കുട്ടി ജനിച്ചു വളർന്നുവരുമ്പോൾ ചുറ്റുപാടുമുള്ള കാര്യങ്ങളെക്കുറിച്ച് സ്വയം ബോധവാനായി തീരുകയും അറിവുള്ള വ്യക്തിയായി തീരുകയും സംസ്കാരത്തിന്റെ രീതികളിൽ പരിശീലനം നേടുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹ്യവൽക്കരണം
- മനുഷ്യൻ ഒരു സാമൂഹിക ജീവി ആകുന്നത് സാമൂഹ്യവൽക്കരണം മൂലം ആണ്

  ഉദാ: മിഡ്നാപൂരിലെ ചെന്നായ് കുട്ടികൾ
- സാമൂഹ്യവൽക്കരണം പടിപടിയായുള്ള ഒരു പഠന പ്രക്രിയയാണ്
- മറ്റുള്ളവരുമായി ഇടപഴകി കൊണ്ടുള്ള ഒരു പഠന പ്രക്രിയയാണ് സാമൂഹ്യവൽക്കരണം

- കുട്ടി വളരുന്നതോടൊപ്പം കുടുംബത്തിലെയും സമൂഹത്തിലെയും പെരുമാറ്റരീതികളും മൂല്യങ്ങളും പഠിക്കുന്നു
- കുട്ടി പഠിക്കുന്നത് മറ്റുള്ളവരുടെ സഹായത്തോടെയാണ്
- സാമൂഹ്യ രീതികൾ പഠിക്കുന്നതിലൂടെ കുട്ടി ഒരു സാമൂഹ്യ ജീവിയായി മാറുന്നു
- ഒരു ജൈവ വ്യക്തിയിൽ നിന്ന് ഒരു സാമൂഹ്യ വ്യക്തിയിലേക്കുള്ള പരിണാമ പ്രക്രിയയാണ് സാമൂഹ്യവൽക്കരണം എന്ന് പറയുന്നത്
- സാമൂഹ്യവൽക്കരണം ഒരു ആജീവനാന്ത പ്രക്രിയയാണ്
- സാമൂഹ്യവൽക്കരണം രണ്ട് ഘട്ടങ്ങളായി തരംതിരിക്കാം- **പ്രാഥമിക ഘട്ടവും ദ്വിതീയ ഘട്ടവും**

**പ്രാഥമിക ഘട്ടം:**

- സാമൂഹ്യവൽക്കരണത്തിന്റെ ആദ്യ വർഷങ്ങളാണ് പ്രാഥമിക ഘട്ടം എന്ന് പറയുന്നത്
- മനുഷ്യ ജീവിതത്തിലെ ഏറ്റവും നിർണായകമായ പ്രക്രിയകൾ സംഭവിക്കുന്നത് ഈ കാലഘട്ടത്തിലാണ്

**ദ്വിതീയ ഘട്ടം:**

- ദ്വിതീയ സാമൂഹ്യവൽക്കരണം ഒരു വ്യക്തിയുടെ ജീവിതാവസാനം വരെ നീളുന്നതാണ്

**സാമൂഹ്യവൽക്കരണത്തിന്റെ സ്വാധീനം**

- പദവി, പങ്ക്, സാമൂഹികനിയന്ത്രണം, സംഘങ്ങൾ, സാമൂഹിക ശ്രേണീകരണം, സംസ്കാരം, വഴക്കങ്ങൾ, മൂല്യങ്ങൾ തുടങ്ങിയ സങ്കല്പങ്ങൾ എല്ലാം സാമൂഹ്യവൽക്കരണ പ്രക്രിയയെ മനസ്സിലാക്കാൻ സഹായിക്കുന്നു
- ഈ സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും അംഗത്വം ചില പെരുമാറ്റരീതികളും മൂല്യങ്ങളും അവരെ പഠിപ്പിക്കുന്നു. ഈ അംഗങ്ങളെല്ലാം നിർവഹിക്കേണ്ട ചില ധർമ്മങ്ങൾ ഉണ്ട്
- ഈ മൂല്യങ്ങളും ധർമങ്ങളും പെരുമാറ്റരീതികളും പഠിക്കുന്ന പ്രക്രിയയാണ് സാമൂഹ്യവൽക്കരണം

**<u>സാമൂഹികവൽക്കരണത്തിന്റെ ഏജൻസികൾ</u>**

- ഒരു കുട്ടിയെ സാമൂഹികവൽക്കരിക്കുന്ന ധാരാളം ഏജൻസികളും സ്ഥാപനങ്ങളുമുണ്ട്

- കുടുംബം, വിദ്യാലയം, സമപ്രായക്കാരുടെ സംഘം, അയൽവക്കം, തൊഴിൽ സംഘം, സാമൂഹ്യ വർഗ്ഗങ്ങൾ, ജാതി, പ്രദേശം, മതം എന്നിവ അതിൽ ഉൾപ്പെടുന്നു

**സാമൂഹ്യ വൽക്കരണ ഏജൻസികൾ**

- **കുടുംബം**
- **സമപ്രായക്കാരുടെ സംഘം**
- **സ്കൂളുകൾ**
- **ബഹുജന മാധ്യമം**
- **തൊഴിൽ മണ്ഡലങ്ങൾ**
- **മതം, നിയമം, ആചാരങ്ങൾ**

**<u>കുടുംബം</u>**

- സാമൂഹ്യവൽക്കരണ പ്രക്രിയ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്
- ചില കുട്ടികൾ അണുകുടുംബങ്ങളിലും മറ്റുചിലർ വിസ്തൃത കുടുംബങ്ങളിലും താമസിക്കുന്നു
- അണുകുടുംബങ്ങളിൽ മാതാപിതാക്കന്മാർ ആണ് പ്രധാന സാമൂഹ്യവൽക്കരണ ഏജന്റ്മാർ എന്നാൽ മറ്റു കുടുംബങ്ങളിൽ മുത്തശ്ശൻ മുത്തശ്ശി തുടങ്ങിയവരെല്ലാം സാമൂഹ്യവൽക്കരണ ഏജന്റ്മാരാണ്
- ഒരു വ്യക്തി ജനിക്കുന്ന കുടുംബവും കുടുംബത്തിന്റെ പ്രദേശവും സാമൂഹ്യ വർഗ്ഗവും സാമൂഹിക വൽക്കരണത്തെ സ്വാധീനിക്കുന്നു
- കുട്ടികൾ പെരുമാറ്റരീതികൾ സ്വീകരിക്കുന്നത് മാതാപിതാക്കന്മാരിൽ നിന്നോ അയൽപക്കത്തെ സമുദായത്തിലുള്ളവരിൽ നിന്നോ ആണ്

**<u>സമപ്രായക്കാരുടെ സംഘങ്ങൾ</u>**

- മറ്റൊരു സാമൂഹ്യവൽക്കരണ ഏജൻസിയാണ് സമപ്രായക്കാരുടെ സംഘം
- സമപ്രായക്കാരായ കുട്ടികളുടെ ചങ്ങാതി കൂട്ടത്തെയാണ് സമപ്രായക്കാരുടെ സംഘം എന്ന് പറയുന്നത്
- നാലോ അഞ്ചോ വയസ്സിന് മുകളിലുള്ള കുട്ടികൾ ധാരാളം സമയം അവരുടെ സമപ്രായക്കാരായ സുഹൃത്തുക്കളുമൊത്ത് ചെലവിടുന്നു
- പിയർ എന്ന പദത്തിന് 'തുല്യത' അഥവാ സമന്മാർ എന്നാണ് അർത്ഥം
- ചെറിയ കുട്ടികൾക്ക് ഇടയിലുണ്ടാവുന്ന സൗഹൃദബന്ധങ്ങൾ തുല്യമായിരിക്കും
- സമപ്രായക്കാരുമായുള്ള ബന്ധം ഒരു കുട്ടിയുടെ ജീവിതത്തിലുടനീളം വലിയ സ്വാധീനം ചെലുത്തുന്നു
- ഒരു വ്യക്തിയുടെ സ്വഭാവം, ജീവിതശൈലി, മനോഭാവങ്ങൾ, പെരുമാറ്റങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു

**<u>വിദ്യാലയങ്ങൾ</u>**

- വിദ്യാലയങ്ങളിലെ പഠനം ഒരു ഔപചാരിക പ്രക്രിയയാണ്
- അവിടെ നിർദ്ദിഷ്ടമായ ഒരു പാഠ്യപദ്ധതി ഉണ്ടെങ്കിലും സ്കൂളുകൾ സാമൂഹ്യവൽക്കരണത്തിന്റെ ഒരു പ്രധാന ഏജൻസിയാണ്
- അധ്യാപകർ പകർന്നുകൊടുക്കുന്ന അറിവുകളും മൂല്യങ്ങളും കുട്ടികളെ സാമൂഹ്യ വൽക്കരിക്കാൻ സഹായിക്കുന്നു
- ഔപചാരിക പാഠ്യപദ്ധതിയോടൊപ്പം അനൗപചാരിക പാഠ്യപദ്ധതികൾ കൂടി വിദ്യാലയങ്ങളിൽ നടത്താറുണ്ട്. ഇവയും സാമൂഹ്യവൽക്കരണത്തിൽ പ്രധാന പങ്കുവഹിക്കുന്നു

**<u>ബഹുജന മാധ്യമം</u>**

- ബഹുജന മാധ്യമം നമ്മുടെ സാമൂഹ്യവൽക്കരണത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു
- ഇലക്ട്രോണിക് മാധ്യമങ്ങളുടെയും അച്ചടി മാധ്യമങ്ങളുടെ പ്രാധാന്യം ഇന്ന് വളരെയേറെ വർധിച്ചിട്ടുണ്ട്
- മാധ്യമങ്ങൾ വിവരങ്ങൾ നൽകാനുള്ള മാർഗ്ഗങ്ങൾ കൂടുതൽ ജനാധിപത്യം ആകുന്നു
- സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം ടെലിവിഷൻ പോലുള്ള മാധ്യമങ്ങളും കുട്ടികളുടെ സാമൂഹിക വൽക്കരണത്തിന് വളരെയേറെ സ്വാധീനം ചെലുത്തുന്നു
- പത്രങ്ങൾ, മാസികകൾ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ ബഹുജനമാധ്യമങ്ങൾ വിവരങ്ങൾ ശേഖരിക്കുന്നതിന് നമ്മെ സഹായിക്കുന്നു
- നമ്മുടെ മനോഭാവങ്ങളെയും വീക്ഷണങ്ങളെയും അത് സ്വാധീനിക്കുന്നു
  ഉദാ: ശക്തിമാൻ സീരിയൽ

**<u>മറ്റു സാമൂഹ്യവൽക്കരണ ഏജൻസികൾ</u>**

- വ്യക്തികൾ അവരുടെ ജീവിതത്തിൽ നല്ലൊരുപങ്കും ചെലവഴിക്കുന്ന മറ്റ് സംഘങ്ങളും സാമൂഹ്യ പശ്ചാത്തലങ്ങളും ഉണ്ട്
- എല്ലാ സംസ്കാരങ്ങളിലെയും തൊഴിൽ മണ്ഡലങ്ങളിൽ സാമൂഹ്യവൽക്കരണം നടക്കുന്നുണ്ട്
- വ്യവസായിക സമൂഹങ്ങളിൽ ജനങ്ങൾ വീട്ടിനു പുറത്താണ് ജോലി ചെയ്യുന്നത്
- എന്നാൽ പരമ്പരാഗത സമൂഹങ്ങളിൽ വീടുകളിലെ അല്ലെങ്കിൽ വീടിനു സമീപമുള്ള പണിശാലകളിലായിരുന്നു ജോലി ചെയ്തിരുന്നത്
- മതം, നിയമം, ആചാരങ്ങൾ എന്നിവയാണ് മറ്റ് സാമൂഹ്യവൽക്കരണ ഏജൻസികൾ

## അധ്യായം 5

## സമൂഹ ശാസ്ത്രത്തിലെ ഗവേഷണ രീതികൾ

**എന്താണ് ഗവേഷണം?**

- പുതിയ കാര്യങ്ങളെ കുറിച്ച് പഠിക്കാനും കണ്ടെത്താനും ശാസ്ത്രീയമായി സഹായിക്കുന്നതാണ് ഗവേഷണം
- പുതിയ പരീക്ഷണങ്ങൾ നടത്തുക, പുതിയവ കണ്ടുപിടിക്കുക, പഴയ കാര്യങ്ങളെ വിശദമായി പരിശോധിക്കുകയും അതിൽ നിന്ന് പുതിയവ കണ്ടുപിടിക്കുകയും ചെയ്യുക, പരസ്പര ബന്ധങ്ങൾ വിശകലം ചെയ്യുക, പുതിയ ഗവേഷണ രീതികൾ കണ്ടുപിടിക്കുക, പുതിയ ആശയങ്ങളും സങ്കല്പങ്ങളും സൃഷ്ടിക്കുക തുടങ്ങിയവയാണ് ഗവേഷണത്തിൽ അടങ്ങിയിരിക്കുന്നത്

**നിർവ്വചനം**

- **വാലസ് ആൻഡ് വാലസ്** - - "സാമൂഹ്യ പെരുമാറ്റത്തെക്കുറിച്ചുള്ള ഘടനാപരമായ നിരീക്ഷണമാണ് ഗവേഷണം"

**സാമൂഹ്യ ശാസ്ത്ര ഗവേഷണത്തിന്റെ പ്രാധാന്യം**

- ജനങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള നേരനുഭവങ്ങൾ ആണ് സമൂഹ ശാസ്ത്രം പഠിക്കുന്നത്. പഠന വിധേയമാക്കുന്ന ജനങ്ങളുടെ കാഴ്ചപ്പാടിലൂടെ ലോകത്തെ വീക്ഷിക്കാൻ സമൂഹശാസ്ത്രജ്ഞർ ശ്രമിക്കുന്നു

**ഗവേഷണത്തിന്റെ വിവിധ തരത്തിലുള്ള ഉദ്ദേശങ്ങൾ ....**

- സാമൂഹ്യ ശാസ്ത്ര ഗവേഷണം വിവിധ തരത്തിലുള്ള ഗവണ്മെന്റ് പരിപാടികളെക്കുറിച്ചു അറിയാൻ സഹായിക്കുന്നു

  ഉദാ: സാമൂഹ്യ ക്ഷേമ പദ്ധതികളുടെ യഥാർത്ഥ ഉപഭോക്താക്കളെ കണ്ടെത്താൻ
- സാമൂഹ്യ പ്രശനങ്ങളെ കുറിച്ച് മനസിലാക്കാൻ

  ഉദാ: ദാരിദ്ര്യം, നിരക്ഷരത, കുറ്റകൃത്യം
- ആധുനിക വ്യാവസായിക സമൂഹത്തിന്റെ ആവശ്യങ്ങൾ മനസിലാക്കാൻ

  ഉദാ: വിപണി സമ്പദ് വ്യവസ്ഥ
- പരിസ്ഥിതി ആഘാത പഠനം. വലിയ വികസനപ്രവർത്തനങ്ങളായ ഡാം, റെയിൽവേ, എയർ പോർട്ട്, തുറമുഖം തുടങ്ങിയവയുടെ സാമൂഹ്യ, പാരിസ്ഥിതിക ആഘാതത്തെകുറിച്ചു പഠിക്കാൻ സഹായിക്കുന്നു

**രീതിശാസ്ത്രപരമായ ചില പ്രശ്നങ്ങൾ**

- രീതിശാസ്ത്രം എന്ന പദം സൂചിപ്പിക്കുന്നത് രീതിയുടെ പഠനം എന്നാണ്
- ശാസ്ത്രീയ വിവരശേഖരണം ഒരു പ്രത്യേക രീതിയെയോ പ്രക്രിയയെയോ ആശ്രയിച്ചു നിൽക്കുന്നതല്ല.

- ശാസ്ത്രീയ വിവര ശേഖരണവുമായി ബന്ധപെട്ടു നേരിടുന്ന ചില ബുദ്ധിമുട്ടുകൾ ആണ് രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ

**<u>വസ്തു നിഷ്ഠതയും ആത്മ നിഷ്ഠതയും (Objectivity and Subjectivity)</u>**

- **വസ്തുനിഷ്ഠം:** മുൻവിധികളില്ലാതെ നിഷ്പക്ഷമായി വസ്തുതകളെ മാത്രം അടിസ്ഥാനമാക്കിയ ഒന്നിനെയാണ് **വസ്തുനിഷ്ഠം (Objective)** എന്നു പറയുന്നത്.
- നാം വസ്തുനിഷ്ഠമായ ഒരു സമീപനം സ്വീകരിക്കുമ്പോൾ അതിൽ നമ്മുടെ വികാരവിചാരങ്ങൾക്കു സ്ഥാനം നൽകാൻ പാടില്ല.
- **ആത്മനിഷ്ഠം:** വ്യക്തിഗത മൂല്യങ്ങളും പരിഗണനകളും മുൻനിർത്തിയുള്ള ഒരു നിലപാടിനെയാണ് **ആത്മനിഷ്ഠം (Subjective)** എന്നു പറയുന്നത്. വ്യക്തിയുടെ വികാരങ്ങളും താൽപര്യങ്ങളും അതിൽ പ്രതിഫലിക്കും.
- എല്ലാ ശാസ്ത്രങ്ങളും വസ്തുനിഷ്ഠമായിരിക്കണം. അവ വസ്തുതകൾ മാത്രം അടിസ്ഥാനമാക്കിയിട്ടുള്ള നിഷ്പക്ഷമായ അറിവ് സൃഷ്ടിക്കണം എന്നാണ് ഇതിനു അർത്ഥം.
- എന്നാൽ, പ്രകൃതിശാസ്ത്രങ്ങളി (Natural science) ലേതുപോലെ സമൂഹ ശാസ്ത്രത്തിൽ വസ്തുനിഷ്ഠതയിൽ മാത്രം ഊന്നിയ പഠനങ്ങൾ നടത്താൻ ബുദ്ധിമുട്ടാണ്.
- കാരണം സമൂഹശാസ്ത്രജ്ഞർ അവരുൾപ്പെടുന്ന ലോകത്തെക്കുറിച്ചുതന്നെയാണ് പഠനം നടത്തുന്നത്. ഇവിടെ മാനുഷിക ബന്ധങ്ങളുടെ സാമൂഹികാവസ്ഥ സാമൂഹ്യശാസ്ത്രങ്ങളുടെ വസ്തുനിഷഠതയെ ബാധിക്കുന്നു.
- ഇതിനു കാരണമായ ഏറ്റവും പ്രധാന പ്രശ്നമാണ് പക്ഷപാതം (Bias)

**സ്വയം പ്രതിഫലനം (Self reflexivity)**

- വസ്തുനിഷ്ഠത കൈവരിക്കാനുള്ള ഒരു പ്രധാന മാർഗം ഗവേഷണവിഷയത്തെക്കുറിച്ചുള്ള സ്വന്തം ആശയങ്ങളും വികാരങ്ങളും കൃത്യമായും തുടർച്ചയായും പരിശോധനയ്ക്കു വിധേയമാക്കുക എന്നതാണ്.
- സമൂഹ ശാസ്ത്രജ്ഞർ, തന്നെയും തന്റെ ഗവേഷണത്തെയും മറ്റുള്ളവരുടെ കണ്ണിലൂടെ കാണാൻ ശ്രമിക്കണം. ഇതിനെ **സ്വയം പ്രതിഫലനം (Self reflexivity)** എന്നു വിളിക്കുന്നു.
- സമൂഹശാസ്ത്രജ്ഞർക്ക് സ്വന്തം മനോഭാവങ്ങളെയും അഭിപ്രായങ്ങളെയും ആത്മപരി ശോധനയ്ക്ക് വിധേയമാക്കാനാവണം.

**പ്രമാണവൽക്കരണം**

- സ്വയം പ്രതിഫലനം ഫലപ്രദമാക്കാനും മുൻവിധികൾ ഒഴിവാക്കാനും സാധിക്കുന്ന ഒരു രീതിയാണ് പ്രമാണവൽക്കരണം (Documentation).

- ഗവേഷണത്തിന്റെ ഭാഗമായി ഗവേഷകർ ചെയ്യുന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തുന്ന പ്രക്രിയയാണിത്. ഗവേഷണപ്രവർത്തനത്തിൽ ഉൾപ്പെട്ട എല്ലാ നടപടിക്രമങ്ങളും (Procedures) എല്ലാ തെളിവുകളും സ്രോതസ്സുകളും (Sources) ഉദ്ധരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു
- ഗവേഷണരീതിയുടെ മികവിന്റെ ലക്ഷണമായി ഇതിനെ കരുതുന്നു. ഇതുവഴി ഗവേഷകർ കൈക്കൊണ്ടിട്ടുള്ള നിഗമനങ്ങളുടെ ഉത്ഭവം തിരയാനും അതു ശരിയാണോ എന്നു പുനഃപരിശോധിക്കാനും സാധിക്കുന്നു.

**ബഹുവിധരീതികളും അവയുടെ തിരഞ്ഞെടുപ്പും (Multiple methods and choice of methods)**

- സമൂഹശാസ്ത്രത്തിൽ ബഹുവിധ കാഴ്ചപ്പാടുകളുണ്ട്. അതുപോലെ സമൂഹശാസ്ത്ര ഗവേഷണത്തിലും ബഹുവിധരീതികളുണ്ട്.
- ഗവേഷണപ്രശ്നങ്ങളുടെ സവിശേഷ സ്വഭാവമനുസരിച്ചു വ്യത്യസ്ത രീതികളാണ് സമൂഹശാസ്ത്രം സ്വീകരിക്കുന്നത്. ഓരോ രീതിക്കും അതിന്റേതായ മേന്മകളും ന്യൂനതകളുമുണ്ട്.
- ഗവേഷണത്തിനായി തിരഞ്ഞെടുത്തിട്ടുള്ള രീതി ഉചിതമാണോ? വിഷയത്തിന് ഉതകുന്നതാണോ? എന്നിവയാണ് പ്രധാനം

  ഉദാ: ഇന്ത്യയിൽ കൂടുതൽ കൂട്ടുകുടുംബങ്ങൾ ആണോയെന്ന് കണ്ടുപിടിക്കാൻ സെൻസസ് അഥവാ സർവേ ആണ് ഏറ്റവും ഉചിതമായ രീതി. എന്നാൽ കൂട്ടുകുടുംബങ്ങളിലും അണുകുടുംബങ്ങളിലും സ്ത്രീകളുടെ പദവികൾ താരതമ്യം ചെയ്യുകയാണ് പഠന ഉദ്ദേശ്യമെങ്കിൽ അതിന് കൂടിക്കാഴ്ചകൾ,കേസ് സ്റ്റഡി, പങ്കാളിത്ത നിരീക്ഷണം തുടങ്ങിയവയാണ് സ്വീകരിക്കുന്നത്.

**<u>വ്യത്യസ്ത ഗവേഷണ രീതികൾ</u>**

ഗവേഷണരീതികളെ തരംതിരിക്കുന്നതിനു പല മാർഗങ്ങൾ ഉണ്ട്..

**a. പരിമാണാത്മകരീതി (Quantitative Method), ഗുണാത്മകരീതി (Qualitative Method)**

- **പരിമാണാത്മകരീതി (Quantitative Method):** ഗവേഷണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന വിഭേദങ്ങളെ (Variables) അളക്കാനോ എണ്ണിത്തിട്ടപ്പെടുത്താനോ സാധിക്കുമെങ്കിൽ അതിനെ പരിമാണാത്മകം എന്നു പറയുന്നു

  (ഉദാ: ശരാശരി, അനുപാതം തുടങ്ങിയവ)

- **ഗുണാത്മകരീതി (Qualitative Method):** മനോഭാവങ്ങൾ, വികാരങ്ങൾ തുടങ്ങിയ അമൂർത്തവും അളന്നു തിട്ടപ്പെടുത്താനാവാത്തതുമായ കാര്യങ്ങളെ ഗുണാത്മകം എന്നു പറയുന്നു

**b. പ്രാഥമികവും (Primary) ദ്വിതീയവും (Secondary)**

- പ്രാഥമികവും ദ്വിതീയവുമായ ദത്തത്തെ (Data) അടിസ്ഥാനമാക്കി ഗവേഷണരീതികൾ തരംതിരിക്കാം.
- **പ്രാഥമികം:** പുതിയതും മൗലികവുമായ ദത്തമാണ് പ്രാഥമിക (Primary) ദത്തം. അഭിമുഖങ്ങൾ, സർവേ എന്നിവ പ്രാഥമിക വിവരങ്ങൾ സൃഷ്ടിക്കുന്നു. സമൂഹശാസ്ത്ര ഗവേഷണങ്ങൾ ഈ ഗണത്തിൽ വരും.
- **ദ്വിതീയം:** മുൻപേ തന്നെ നിലനിൽക്കുന്ന ദത്തമാണ് ദ്വിതീയ (Secondary) ദത്തം. പ്രമാണ രേഖകൾ, ശേഖ രിക്കുന്ന വിവരങ്ങൾ, ഗ്രന്ഥങ്ങൾ, മനുഷ്യനിർമിതമായ ഉപകരണങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു
  ചരിത്രപരമായ പഠനരീതികൾ രേഖാലയങ്ങളിലെ (Archives) ദ്വിതീയ വസ്തുതകളെയാണ് ആശ്രയിക്കുന്നത്.

**c. സൂക്ഷ്മരീതി (Micro Method), സ്ഥൂല രീതി (Macro Method)**

- ഗവേഷണരീതിയെ സൂക്ഷ്മരീതി (Micro Method), സ്ഥൂല രീതി (Macro Method) എന്നിങ്ങനെയും തരംതിരിക്കാറുണ്ട്.
- **സൂക്ഷ്മരീതി (Micro Method):** ഒരു ചെറിയ ചുറ്റുപാടിൽ, കുറച്ചു ആളുകളുടെ ഇടയിൽ ഉപയോഗിക്കുന്ന പഠനരീതികളാണ് സൂക്ഷ്മ രീതിയിൽ ഉൾപ്പെടുന്നത്.
  ഉദാ: അഭിമുഖം (Interview), പങ്കാളിത്ത നിരീക്ഷണം (Participant observation)
- **സ്ഥൂല രീതി (Macro Method):** നിരവധി അന്വേഷകരും പ്രതികർത്താക്കളും ഉൾപ്പെടുന്ന വലിയതോതിലുള്ള ഗവേഷണത്തിന് ഉപയോഗിക്കുന്ന രീതിയാണ് സ്ഥല രീതി
  ഉദാ: സർവേ (Survey) ചരിത്രപരമായ രീതികൾ (Historical method)

**d. നിരീക്ഷിക്കാവുന്ന (Observable) പെരുമാറ്റം, നിരീക്ഷിക്കാനാവാത്ത (Non Observable) പെരുമാറ്റം**

- ഗവേഷണരീതിയെ നിരീക്ഷിക്കാവുന്ന (Observable) പെരുമാറ്റം,
  നിരീക്ഷിക്കാനാവാത്ത
  (Non Observable) പെരുമാറ്റം എന്നും തരം തിരിക്കാറുണ്ട്.
- **നിരീക്ഷിക്കാവുന്ന (Observable) പെരുമാറ്റം:** ഇത് മനുഷ്യന്റെ നിരീക്ഷിക്കാവുന്ന പെരുമാറ്റങ്ങൾ പഠിക്കാൻ ഉപയോഗിക്കുന്നു

- **നിരീക്ഷിക്കാനാവാത്ത (Non Observable) പെരുമാറ്റം:** ഇത് നിരീക്ഷിക്കാൻ സാധിക്കാത്ത മൂല്യങ്ങൾ, വിശ്വാസങ്ങൾ, വ്യാഖ്യാനങ്ങൾ എന്നിവ പഠിക്കാൻ ഉപയോഗിക്കുന്നു

**<u>ത്രികോണമാപനം (Triangulation)</u>**

- ഗവേഷകർ ഗവേഷണരീതി തിരഞ്ഞെടുക്കുന്നത് ചില മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. ഗവേഷകന്റെ മുൻഗണന, ഗവേഷണവിഷയത്തിന്റെ സ്വഭാവം, സമയ പരിമിതി, സ്രോതസ്സുകളുടെ ലഭ്യത എന്നിവയെല്ലാം ഗവേഷണരീതിയെ നിശ്ചയിക്കുന്ന പ്രധാന മാനദണ്ഡങ്ങളാണ്
- ഗവേഷണത്തിനായി ഒന്നിലധികം രീതികൾ ഒരുമിച്ച് ഉപയോഗിക്കുന്നതിനാണ് **ത്രികോണമാപനം (Triangulation)** എന്നു പറയുന്നത്
- ഒരു വിഷയത്തെ പല ദിശകളിൽനിന്നു നോക്കി കണ്ടെത്താൻ ഇത് സഹായിക്കുന്നു.
- ഒന്നിലധികം ഗവേഷണരീതികൾ ഉപയോഗിക്കുമ്പോൾ അവ പരസ്പരപൂരകമായി മാറുകയും ഒരൊറ്റ രീതി ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ഫലം ലഭിക്കുകയും ചെയ്യുന്നു.

**<u>വിവിധ തരം സാമൂഹ്യ ഗവേഷണ രീതികൾ</u>**

- ഗവേഷകന് ഒരു രീതിയോ ഒന്നിലധികം രീതികൾ ഒരുമിച്ചോ ഗവേഷണം നടത്താൻ സാധിക്കും.

**അതിൽ പ്രധാനപ്പെട്ട ചില രീതികളാണ് ....**

- പങ്കാളിത്തനിരീക്ഷണം
- സർവേ
- അഭിമുഖം

**<u>a.പങ്കാളിത്തനിരീക്ഷണം (Participant Observation)</u>**

- സമൂഹശാസ്ത്രത്തിലും സാമൂഹ്യ നരവംശശാസ്ത്രത്തിലും ഉപയോഗിക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം.
- ഗവേഷകൻ താൻ പഠനവിധേയമാക്കുന്ന സംഘത്തിലോ സമുദായത്തിലോ താമസിച്ച് അവരുടെ സംസ്കാരം, ഭാഷ, ജീവിതം എന്നിവയെക്കുറിച്ച് നേരിട്ടു പഠിക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം
- ആദ്യകാലങ്ങളിൽ മറ്റുള്ളവർ എഴുതിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആണ് നരവംശ ശാസ്ത്രജ്ഞർ പഠനങ്ങൾ നടത്തിയത്
- **ജെയിംസ് ഫ്രേസർ**-ന്റെ **"ദ് ഗോൾഡൻ ബൗ" (The Golden Bough)**
- **എമിൽ ദുർഖേം**-ന്റെ **"പ്രാചീന മതം" (Primitive Religion)** എന്നിവ അതിനു ഉദാഹരണങ്ങളാണ്

- പഠനവിധേയമാക്കുന്ന ജനങ്ങളുടെ കൂടെ അവരിലൊരാളായി ദീർഘകാലം താമസിച്ചുകൊണ്ടാണ് ഇത്തരം പഠനം നടത്തുന്നത്.
- സമൂഹശാസ്ത്രജ്ഞൻ പ്രദേശവാസികളുടെ സംസ്കാരവുമായി ഇഴുകിച്ചേരാൻ ശ്രമിക്കുകയും ആ സമൂഹത്തിന്റെ ഭാഷ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു.
- ഇങ്ങനെ അവരുടെ പ്രകടവും (Explicit) അന്തർലീനവുമായ (Implicit) അറിവുകളും അനുഭവങ്ങളും മനസിലാക്കുന്നു
- പങ്കാളിത്ത നിരീക്ഷണത്തിന്റെ മൊത്തത്തിലുള്ള ലക്ഷ്യം, പഠനവിധേയമാക്കുന്ന സമുദായത്തിന്റെ സമ്പൂർണ ജീവിതരീതി പഠിക്കുക എന്നതാണ്.
- പങ്കാളിത്തനിരീക്ഷണത്തെ 'ഫീൽഡ് വർക്ക്' എന്നും വിളിക്കുന്നു .
- **ബ്രോണിസ്ലോ മനിലോസ്കി** ആണ് ഫീൽഡ് വർക്കിന്റെ സ്ഥാപകൻ ആയി അറിയപ്പെടുന്നത്
- അദ്ദേഹം **ട്രോബ്രിയാൻ ദ്വീപിലെ** ഗോത്ര സമുദായത്തിന്റെ കൂടെ താമസിച്ചു അവരുടെ ജീവിതരീതിയും ഭാഷയും പഠിക്കുകയും ഒരു പങ്കാളിത്ത നിരീക്ഷകനായി പഠനം നടത്തുകയും ചെയ്തു

**സാമൂഹ്യ നരവംശ ശാസ്ത്രത്തിലെ ഫീൽഡ് വർക്ക്**

- സാമൂഹ്യ നരവംശ ശാസ്ത്രം വളർന്നു വന്നത് ശാസ്ത്രീയമായ ഫീൽഡ് വർക്കിൽ നിന്നാണ്
- 19 -)o നൂറ്റാണ്ടിന്റെ അവസാനത്തിലും 20 -)o നൂറ്റാണ്ടിന്റെ ആരംഭത്തിലും നരവംശ ശാസ്ത്രജ്ഞർ ആദിവാസികളുടെ ഇടയിലെ ഗോത്രഭാഷകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയെക്കുറിച്ചു സർവ്വേ നടത്തുകയും ചിട്ടയായ നിരീക്ഷണം ആരംഭിക്കുകയും ചെയ്തു

**ഫീൽഡ് വർക്ക് ചെയുമ്പോൾ ഉൾപ്പെടുന്ന പ്രധാന രീതികൾ ...**

1. പഠന വിധേയമാക്കുന്ന സമുദായത്തിന്റെ **സെൻസസ്** എടുക്കുന്നു
   ഉദാ: സമുദായത്തിലെ ജനങ്ങളുടെ ലിംഗം, വയസ്സ്, കുടുംബം എന്നിവ
2. പഠന പ്രദേശത്തെ വീടുകളുടെ സ്ഥാനവും മറ്റു പ്രധാന സ്ഥലങ്ങളും അടയാളപ്പെടുത്തി ആ ഗ്രാമത്തിന്റെ അല്ലെങ്കിൽ അധിവാസ കേന്ദ്രത്തിന്റെ **ഭൂപടം** തയ്യാറാക്കുന്നു
3. സെൻസസിൽ കിട്ടിയ വിവരങ്ങൾ ഉപയോഗിച്ച് സമുദായത്തിന്റെ ഒരു **വംശപാരമ്പര** (ജീനിയോളജി) നിർമിക്കുന്നു. ഇതിൽ കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കുടുംബ വൃക്ഷവും **(ഫാമിലി ട്രീ)** നിർമിക്കുന്നു

4. ഒരു വ്യക്തിയെക്കുറിച്ചുള്ള കാര്യങ്ങൾ മറ്റു ബന്ധുക്കളോടോ വ്യക്തികളോടോ ചോദിച്ചു ലഭിച്ച വിവരങ്ങളെ പരിശോധിക്കുകയും അതിന്റെ ആധികാരികത ഉറപ്പാക്കുകയും ചെയ്യുന്നു

- ഗവേഷകന് വിവരങ്ങൾ നൽകുന്ന വ്യക്തികളെ വിവര ദാതാക്കൾ (Informants) അഥവാ മുഖ്യ വിവരദാതാക്കൾ (Principal Informants) എന്ന് വിളിക്കുന്നു

**സാമൂഹ്യ നരവംശ ശാസ്ത്രത്തിലെ ഫീൽഡ് വർക്ക്**

| **ഗവേഷകൻ** | **പഠന മേഖല** |
|---|---|
| ബ്രോനിസ്ലോ മലിനൊസ്കി | ട്രോബ്രിയാൻ ദ്വീപുകൾ |
| റാഡ്ക്ലിഫ് ബ്രൗൺ | ആൻഡമാൻ നിക്കോബാർ ദ്വീപുകൾ |
| ഇവാൻസ് പ്രിച്ചാർഡ് | സുഡാനിലെ ന്യൂവർ |
| ഫ്രാൻസ് ബോസ് | വിവിധ അമേരിക്കൻ ദ്വീപുകൾ |
| മാർഗരറ്റ് മീഡ് | സമോവ |
| ക്ലിഫൊഡ് ഗീറ്റ്സ് | ബാലി |

**സമൂഹ ശാസ്ത്രത്തിലെ ഫീൽഡ് വർക്ക്**

- ഫീൽഡ് വർക്കിന്റെ പശ്ചാത്തലത്തിലും എവിടെയാണത് നടത്തേണ്ടത് എന്ന കാര്യത്തിലും ഗവേഷണ വിഷയത്തിലുള്ള ഊന്നലിലും സമൂഹശാസ്ത്രജ്ഞരുടെയും നരവംശശാസ്ത്രജ്ഞരുടെയും രീതികളിൽ വ്യത്യാസങ്ങളുണ്ട്.
- നരവംശശാസ്ത്രജ്ഞർ ഒറ്റപ്പെട്ട ഗോത്രസമുദായങ്ങളിലാണ് ഫീൽഡ് വർക്ക് ചെയ്യുന്നത്. എന്നാൽ സമൂഹശാസ്ത്രജ്ഞർ, എല്ലാ തരത്തിലുമുള്ള സമുദായങ്ങൾക്കിടയിൽ പഠനങ്ങൾ നടത്തുന്നു.
- ഉദാ: **വില്യം ഫൂട്ട് വൈറ്റ് (William Foote White)** എന്ന അമേരിക്കൻ സമൂഹശാസ്ത്രജ്ഞൻ ഒരു വൻനഗരത്തിലുള്ള ഇറ്റാലിയൻ അമേരിക്കൻ ചേരിയിലെ തെരുവുകുറ്റവാളി സംഘത്തിനിടയിൽ ഫീൽഡ് വർക്ക് ചെയ്ത് എഴുതിയ **"സ്ട്രീറ്റ് കോർണർ സൊസൈറ്റി"** (Street Corner Society) എന്ന പ്രശസ്തമായ ഗ്രന്ഥം.
- മൂന്നരവർഷത്തോളം സംഘാംഗങ്ങളോടൊപ്പം താമസിച്ചാണ് ഈ പഠനം നടത്തിയത്
- ഉദാ: അമേരിക്കൻ ശാസ്ത്രജ്ഞനായ **മൈക്കിൾ ബുരാവേ** (Michael Burawoy) ഷിക്കാഗോയിലെ ഫാക്ടറിത്തൊഴിലാളികൾക്കിടയിൽ നടത്തിയ പഠനം.

- ഇതിനായി അദ്ദേഹം ആ ഫാക്ടറിയിൽ മെഷീനിസ്റ്റായി നിരവധി മാസങ്ങൾ ജോലിചെയ്യുകയും തൊഴിലാളികളുടെ വീക്ഷണകോണിലൂടെ ജോലിയിലെ അനുഭവങ്ങളെക്കുറിച്ച് എഴുതുകയും ചെയ്തു.

**ഇന്ത്യയിൽ...**

- ഇന്ത്യയിലെ സമൂഹശാസ്ത്രം ഗ്രാമ പഠനങ്ങളിലാണ് ഫീൽഡ് വർക്ക് രീതികൾ ഉപയോഗിച്ചത്.
- 1950-കളിൽ ഇന്ത്യയിൽ ഗ്രാമ ജീവിതത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും പഠനങ്ങൾ ആരംഭിച്ചു.
- ഗോത്ര സമുദായങ്ങൾക്ക് തുല്യമായാണ് ഇന്ത്യൻ ഗ്രാമങ്ങളെ അവർ കണ്ടത്. കാരണം ഗ്രാമം ഒരു നിയന്ത്രിത സമുദായ (Bounded Community) മായിരുന്നു.
- ഇന്ത്യയിലെ ആദ്യ കാല സാമൂഹ്യ ശാസ്ത്രജ്ഞരായ എം.എൻ. ശ്രീനിവാസ്, എസ്. സി. ദുബേ തുടങ്ങിയവർ ആണ് ഫീൽഡ് വർക്ക് ആദ്യമായി ഇന്ത്യയിൽ ആരംഭിച്ചത്

**സമൂഹ ശാസ്ത്രത്തിലെ ഫീൽഡ് വർക്ക്**

| ഗവേഷകൻ | ബുക്ക്, പഠന മേഖല |
|---|---|
| • എം. എൻ. ശ്രീനിവാസ് | • ദി റിമെംബേർഡ് വില്ലേജ് (രാംപുര, മൈസൂർ) |
| • എസ്. സി. ദുബെ | • ഇന്ത്യൻ വില്ലേജ് (ഷാമിർപേട്ട്, സെക്കന്തരാബാദ്) |
| • വില്യം ആൻഡ് ചാർലെറ്റ് വൈസർ | • ബിഹൈൻഡ് മഡ് വാൾസ് |
| • വില്യം വൈസർ | • ജാജ്മാനി സമ്പ്രദായം (കുടിയായ്മ) |
| • വില്യം ഫൂട്ട് വൈറ്റ് | • സ്ട്രീറ്റ് കോർണർ സൊസൈറ്റി (ഇറ്റാലിയൻ അമേരിക്കൻ സ്ലം) |
| • മൈക്കിൾ ബുറാവേ | • മാനുഫാക്റ്ററിങ് കൺസെന്റ് (ചിക്കാഗോ ഫാക്ടറി) |

**പങ്കാളിത്ത നിരീക്ഷണത്തിന്റെ ചില പരിമിതികൾ (Some limitations of participant observation)**

**നേട്ടങ്ങൾ**

- തുടക്കത്തിൽ ഉണ്ടാകുന്ന ധാരണകൾ തിരുത്താനും ഫീൽഡ് വർക്ക് സഹായിക്കുന്നു. ആദ്യധാരണകൾ തെറ്റായതും മുൻവിധികളുള്ളതുമായിരിക്കും.

- തന്റെ വിഷയങ്ങളിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കാനും അത് ഗവേഷകനെ സഹായിക്കുന്നു.
- വ്യത്യസ്ത സാഹചര്യങ്ങളുടെയും പശ്ചാത്ത ലങ്ങളുടെയും സ്വാധീനം മനസ്സിലാക്കുന്നതിനും അത് സഹായകമാണ്.
- പങ്കാളിത്ത ഗവേഷണരീതിയിലൂടെ ഗവേഷകർക്കു സർവേ (ചോദ്യാവലി), ഹ്രസ്വ നിരീക്ഷണം എന്നിവയിലെ പല തെറ്റുകളും മുൻവിധികളും മറികടക്കാൻ സാധിക്കുന്നു.

**പരിമിതികൾ**

1. ഫീൽഡ് വർക്കിന് ദീർഘകാലം ആവശ്യമാണ്
2. എല്ലാ ജോലിയും ഗവേഷകൻ തനിയെ ചെയ്യേണ്ടി വരുന്നു. ചെറിയൊരു ഭാഗം മാത്രമേ ഫീൽഡ് വർക്ക് ചെയ്യാൻ സാധിക്കു
3. ഒരു ഗ്രാമത്തിലോ പ്രദേശത്തോ നിരീക്ഷിച്ച കാര്യങ്ങൾ, മറ്റു ഗ്രാമങ്ങൾക്കോ പ്രദേശങ്ങൾക്കോ സമുദായത്തിനോ ബാധകമാക്കാനാവില്ല. ഇതാണ് ഫീൽഡ് വർക്കിന്റെ ഏറ്റവും വലിയ പരിമിതി
4. ഫീൽഡ് വർക്കിലൂടെ ലഭിക്കുന്നത് ഗവേഷകന്റെ വീക്ഷണമാണോ പഠന വിധേയമാക്കുന്ന ജനങ്ങളുടെ വീക്ഷണമാണോ എന്ന് ഉറപ്പാക്കാൻ സാധിക്കില്ല.
5. ഗവേഷകരുടെ മുൻവിധികളും ചായ്‌വുകളും ഗവേഷണം എഴുതുമ്പോൾ കടന്നു വരാം
6. ഫീൽഡ് വർക്കിന്റെ അടിസ്ഥാനമായ ഏക പക്ഷീയ ബന്ധവും ഇതിന്റെ പ്രധാന പരിമിതിയാണ്

**സംവാദന ഘടന രൂപം**

- ഫീൽഡ് വർക്കിന്റെ പോരായ്മ ഇല്ലാതാക്കാൻ സ്വീകരിക്കുന്ന മാർഗ്ഗമാണ് ഇത്
- ജനങ്ങളെയും പ്രതികർത്താക്കളെയും ഫീൽഡ് വർക്കിൽ ഉൾപ്പെടുത്തി അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചു ഗവേഷണത്തിൽ മാറ്റം വരുത്തുകയും കൂടുതൽ ശാസ്ത്രീയമായി ഗവേഷണ വിഷയം അവതരിപ്പിക്കാൻ സാധിക്കുകയും ചെയ്യുന്നു
- ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് ഗവേഷണത്തിൽ തിരുത്തലുകൾ വരുത്തി കൂടുതൽ കൃത്യമായ അറിവ് ശേഖരിക്കാൻ ഇത് സഹായിക്കുന്നു

**b.സർവ്വേ (Survey)**

- സമൂഹശാസ്ത്രത്തിൽ ഏറ്റവും അധികം ഉപയോഗിക്കുന്ന ഗവേഷണരീതിയാണ് സർവേ

- പ്രത്യേകം തിരഞ്ഞെടുത്ത ഒരു സംഘം ആളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും അതുവഴി ആ വിഷയത്തെക്കുറിച്ച് വിശദമായ കാഴ്ചപ്പാട് ലഭിക്കുകയും ചെയ്യും
- വിവരശേഖരണത്തിനായി തിരഞ്ഞെടുക്കുന്ന ജനങ്ങളെ പ്രതികർത്താക്കൾ (Respondents) എന്നു വിളിക്കുന്നു.

സർവേയുടെ ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരങ്ങൾ സ്വീകരിക്കുന്നതിനും പല മാർഗങ്ങളുണ്ട്.

- ഗവേഷകൻ നേരിട്ട് പ്രതികർത്താക്കളോട് ചോദിക്കുന്നത്
- ടെലിഫോണിലൂടെ ചോദ്യം ചോദിക്കുന്നത്
- ഗവേഷകൻ ചോദ്യാവലി ഫീൽഡിൽ കൊണ്ടുപോയി പ്രതികരണങ്ങൾ എഴുതി വാങ്ങുന്നത്
- ഇ-മെയിൽ, ഇന്റർനെറ്റ്, ഫേസ്ബുക്ക്, വാട്സാപ്പ് എന്നിവയിലൂടെ ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ അയക്കുകയും ചെയ്യുന്നത്

**സർവേക്ക് മറ്റു ഗവേഷണരീതികളെ അപേക്ഷിച്ച് ഉള്ള പ്രധാന മേന്മ...**

- ജനസംഖ്യയിൽ ഒരു ചെറിയ വിഭാഗത്തെയെടുത്ത് പഠിച്ചുകൊണ്ട് അവയിലൂടെ ലഭ്യമാകുന്ന നിഗമനങ്ങളെ വലിയ ജനസംഖ്യയിലേക് (Population) സാമാന്യവൽക്കരിക്കാൻ സർവേയിലൂടെ സാധിക്കുന്നു.
- കുറഞ്ഞ സമയം കൊണ്ട്, കുറഞ്ഞ അധ്വാനത്തിലും ചെലവിലും വലിയ കൂട്ടത്തെക്കുറിച്ച് പഠിക്കാൻ സർവകൊണ്ട് സാധിക്കുന്നു.

**സാമ്പിൾ സർവേ**

- ഗവേഷകർ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിൽ നിന്നുമാത്രം വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് സാമ്പിൾ സർവ്വേ
- പഠനവിധേയമാക്കുന്ന മൊത്തം ഗ്രൂപ്പിനെ - സമഷ്ടി അഥവാ ജനസംഖ്യ എന്നു പറയുന്നു. ഇവരിൽ നിന്ന് പഠനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ അടങ്ങിയ ഗ്രൂപ്പിനെയാണ് സാമ്പിൾ (Sample) അല്ലെങ്കിൽ പ്രതിരൂപം എന്നു പറയുന്നത്.
- സ്റ്റാറ്റിസ്റ്റിക്സിലെ സാംപ്ലിങ് സിദ്ധാന്തം (Sampling theory) ഉപയോഗിച്ചുകൊണ്ടാണ് സാമ്പിൾ സർവേ നടത്തുക.

**സാമ്പിൾ തിരഞ്ഞെടുക്കാൻ അനേകം രീതികളുണ്ട്**

**ഇത് പ്രധാനമായും രണ്ടു തത്ത്വങ്ങളെ ആശ്രയിച്ചിരിക്കുന്നു.**

1. സ്ഥരിത സാമ്പ്ളിങ് (Stratified sampling)
2. യാദൃച്ഛിക സാമ്പ്ളിങ് (Random Sampling)

**1.സ്ഥരിത സാമ്പ്ളിങ്** (Stratified sampling)

- സാമ്പിൾ തിരഞ്ഞെടുപ്പിന്റെ ഒന്നാമത്തെ തത്ത്വം സ്ഥരിത സാമ്പ്ളിങ് ആണ്
- ജനസംഖ്യയിലെ പ്രസക്തമായ എല്ലാ വിഭാഗങ്ങളെയും സാമ്പിളിൽ പ്രതിനിധീകരിക്കുന്ന രീതിയാണ് സ്ഥരിത സാമ്പ്ളിങ്.
- പല ഉപവിഭാഗങ്ങളിൽപ്പെട്ട ജനങ്ങളെ സാമ്പ്ലിങ്ങിൽ ഉൾപ്പെടുത്തുന്നു. ഇതിനെ ശ്രേണീകരണം എന്നു വിളിക്കുന്നു.
- ഇതിൽ സാമ്പിൾ എടുക്കേണ്ട ജനസംഖ്യയെ വർഗം, ജാതി, മതം, ലിംഗം,വയസ്സ് എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ പലതട്ടുകളായി തരംതിരിക്കുന്നു. ഈ തട്ടുകളിൽ നിന്നാണ് സാമ്പിളുകൾ തിരഞ്ഞെടുക്കുന്നത്.
- സ്ഥരിതാ സാമ്പിൾ തിരഞ്ഞെടുക്കുമ്പോൾ മുഴുവൻ ജനസംഖ്യയെയും അതിന്റെ സവിശേഷതകളെയും പ്രതിനിധീകരിക്കാൻ കഴിയുന്നവയായിരിക്കണം സാമ്പിൾ.
- എങ്കിൽ മാത്രമേ അതിൽനിന്നു ലഭിക്കുന്ന ഫലങ്ങൾ മൊത്തം ജനസംഖ്യയിലേക്ക് സാമാന്യവൽക്കരിക്കാൻ സാധിക്കുകയുള്ളൂ.

**2.യാദൃച്ഛിക സാമ്പ്ളിങ് (Random Sampling)**

- സാമ്പിൾ തിരഞ്ഞെടുപ്പിന്റെ രണ്ടാമത്തെ തത്ത്വം യാദൃശ്ചികതയാണ്.
- തിരഞ്ഞെടുത്ത സാമ്പിളിൽ നിന്ന് യഥാർഥ ഏകകം (Unit) - തിരഞ്ഞടുക്കുന്നത് വ്യക്തി, ഗ്രാമം, ഗൃഹം തുടങ്ങിയവ ഏതെങ്കിലും ആകാം.
- ഇത് ആകസ്മികതയെ ആശ്രയിച്ചിരിക്കുന്നു എങ്കിൽ ഇതിനെ യാദൃച്ഛികവൽക്കരണം (Randomisation) അല്ലെങ്കിൽ യാദൃച്ഛിക സാമ്പിളിങ് (Random Sampling) എന്നു പറയുന്നു

സാമ്പിൾ തിരഞ്ഞെടുക്കുന്നതിന് പല രീതികൾ ഉപയോഗിക്കുന്നുണ്ട്.

- നറുക്കെടുപ്പ്, പ്രത്യേകം തയാറാക്കിയ പട്ടിക, ക്രമരഹിത പട്ടിക ഉപയോഗിക്കൽ, കമ്പ്യൂട്ടറുകൾ തിരഞ്ഞെടുക്കുന്ന ക്രമരഹിത നമ്പറുകൾ എന്നിവ ഉപയോഗിച്ച് യാദൃച്ഛിക സാമ്പ്ളിങ് നടത്താം.

**പ്രതിരൂപ പിശക് അഥവാ സാമ്പ്ലിങ് പിശക് (Sampling Error)**

- പഠിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ജനസംഖ്യയുടെ സവിശേഷതകളുമായി വളരെ അടുത്ത സാമ്യമുള്ള സാമ്പിളുകൾ പഠനത്തിനായി കണ്ടെത്തിയാലും റിസൽട്ടിൽ ചെറിയ വ്യതിയാനങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്.
- ഇതിനെ സാമ്പിൾ തിരഞ്ഞെടുപ്പിന്റെ "പിഴവിലൂടെ വരുന്ന വ്യത്യാസങ്ങൾ അഥവാ പ്രതിരൂപ പിശക് (Sampling Error) എന്നു പറയുന്നു.
- ഒരു വലിയ ജനസംഖ്യയെ പ്രതിനിധീകരിക്കാൻ ഒരു ചെറിയ സാമ്പിൾ ഉപയോഗിക്കുന്നതുകൊണ്ടാണ് ഈ പിഴവ് സംഭവിക്കുന്നത്

**സർവേയുടെ നേട്ടങ്ങൾ**

- സർവ്വേ പഠന മേഖലയെക്കുറിച്ചു സമഗ്രമായൊരു ചിത്രം നൽകുന്നു
- ഒരു സമൂഹത്തിന്റെയോ ഒരു കൂട്ടം സംഘങ്ങളുടെയോ കൂട്ടായ ഒരു വിവരം നൽകുന്നു
- സാമൂഹിക പ്രശ്നങ്ങൾ സമഗ്രമായി പഠിക്കാൻ സർവ്വേ സഹായിക്കുന്നു
- ഇത് വ്യക്തിയുടെ പ്രശ്നങ്ങൾക്കു പ്രാധാന്യം കൊടുക്കാതെ സമൂഹത്തിന്റെ കൂട്ടായ പഠനം സാധ്യമാക്കുന്നു

**സർവേയുടെ പരിമിതികൾ**

- പ്രതികർത്താക്കളിൽനിന്ന് ആഴത്തിലുള്ള വിവരങ്ങൾ ലഭിക്കാൻ സർവേയിലൂടെ സാധിക്കുന്നില്ല
- പ്രതീകർത്താക്കളുടെ എണ്ണം കൂടുതലായതിനാൽ ഓരോരുത്തരുമായി ചെലവഴിക്കാനുള്ള സമയം കുറവായിരിക്കും
- സർവേയുടെ ചോദ്യാവലി പ്രതികർത്താക്കളിലേക്ക് എത്തിക്കുന്നത് മറ്റു ആളുകൾ ആയിരിക്കും. അതിനാൽ സങ്കീർണമായ ചോദ്യങ്ങളും വിശദമായതോ കൃത്യത ആവശ്യമുള്ളതോ ആയ ചോദ്യങ്ങളും ഉൾപ്പെടുത്തുന്നത് ഉചിതമല്ല.
- ചോദ്യങ്ങൾ ചോദിക്കുന്നതിലും ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിലും സംഭവിക്കാവുന്ന വ്യത്യാസങ്ങൾ സർവേയിൽ തെറ്റുകൾ വരുത്തും
- സർവേക്ക് ആവശ്യമായ ചോദ്യാവലി ശ്രദ്ധാപൂർവം തയ്യാറാക്കണം
- അന്വേഷകരും പ്രതികർത്താക്കളും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിലൂടെ മാത്രമേ ഒരു സർവ്വേ വിജയകരമായി പൂർത്തീകരിക്കാൻ കഴിയു

**പ്രതിരൂപേതര പിശകുകൾ (Non Sampling Errors)**

- സർവേയിൽ അന്വേഷകരും പ്രതികർത്താക്കളും തമ്മിൽ മുൻകാല ബന്ധം ഇല്ലാത്തതിനാൽ രണ്ട് അപരിചിതർ തമ്മിൽ ചോദിക്കാവുന്നതും ഉത്തരം ലഭിക്കാവുന്ന തരത്തിലുമുള്ളവയായിരിക്കണം ചോദ്യങ്ങൾ.
- വ്യക്തിപരവും പ്രകോപനപരവുമായ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല.
- അത്തരത്തിലുള്ള ചോദ്യങ്ങളോട് പ്രതികരിക്കുന്നവർ സത്യസന്ധമായ ഉത്തരം നൽകില്ല. പകരം, അവർക്ക് സുരക്ഷിതം' എന്നു തോന്നുന്ന ഉത്തരങ്ങൾ നൽകുകയും ചെയ്യും.
- അത്തരത്തിലുള്ള പ്രശ്നങ്ങളെ പ്രതിരൂപേതര പിശകുകൾ (Non Sampling Errors) എന്നു പറയുന്നു.
- സാമ്പ്ളിങ് പ്രക്രിയ മൂലമല്ല ഈ തെറ്റുകൾ സംഭവിക്കുന്നത്. ഗവേഷണത്തിന്റെ രൂപകല്പനയിലും നടപ്പാക്കുന്ന രീതിയിലുള്ള പിശകുകളാണ് ഇതിനു കാരണം.

**c.അഭിമുഖം (ഇന്റർവ്യൂ)**

- സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് ഉപയോഗിക്കുന്ന മറ്റൊരു രീതിയാണ് അഭിമുഖം
- ഗവേഷകരും പ്രതികർത്താക്കളും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം.
- വാമൊഴിയായി വിവരം ശേഖരിക്കുന്ന രീതിയാണിത്.

**അഭിമുഖം രണ്ടു തരത്തിലുണ്ട്.**

1. ചിട്ടപ്പെടുത്തിയതും (Structured)
2. ചിട്ടപ്പെടുത്താത്തതും (Unstructured)

**ചിട്ടപ്പെടുത്തിയ അഭിമുഖം**

- ഇത് ഔപചാരികമായ അഭിമുഖമാണ്.
- ചോദിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും അതിന്റെ ക്രമവും ഗവേഷകൻ മുൻകൂട്ടി തയാറാക്കുകയും ആ ക്രമമനുസരിച്ച് പ്രതികർത്താക്കളോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു.
- ചിട്ടപ്പെടുത്തിയ അഭിമുഖത്തിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ കൂടുതൽ വിശ്വാസയോഗ്യമായി കരുതുന്നു.

**ചിട്ടപ്പെടുത്താത്ത അഭിമുഖം**

- ഇത് അനൗപചാരികമായ അഭിമുഖമാണ്.
- ഗവേഷകന് ഇഷ്ടമുള്ള ചോദ്യങ്ങൾ ചോദിക്കാനും ചോദ്യങ്ങളിൽ മാറ്റങ്ങൾ വരുത്താനും ഇതിൽ സ്വാതന്ത്ര്യമുണ്ട്.
- വ്യത്യസ്തമായ രീതിയിൽ വീണ്ടും ചോദിച്ച് കാര്യങ്ങൾ ഉറപ്പുവരുത്താനും സംഭാഷണത്തിന്റെ പുരോഗതിക്കനുസരിച്ച് വിഷയത്തിന്റെയും ചോദ്യങ്ങളുടെയും രീതികളിൽ മാറ്റങ്ങൾ വരുത്താനും സാധിക്കും

**അഭിമുഖം രേഖപ്പെടുത്തുന്ന രീതിയിലും വ്യത്യാസങ്ങളുണ്ട്....**

- സാഹചര്യങ്ങൾക്കും മുൻഗണന അനുസരിച്ചുമാണ് അഭിമുഖം രേഖപ്പെടുത്തുന്നത്.
- അഭിമുഖങ്ങളുടെ വീഡിയോ ഓഡിയോ റെക്കോർഡിങ് നടത്തുകയോ അഭിമുഖസമയത്ത് വിശദമായ കുറിപ്പുകൾ എടുക്കുകയോ അഭിമുഖത്തിനുശേഷം അതിന്റെ റിപ്പോർട്ട് ഓർമയിൽ നിന്ന് എടുത്തെഴുതുകയോ ചെയ്യാം

- അഭിമുഖം വിവരശേഖരണത്തിന് മാത്രമല്ല ഉപയോഗിക്കുന്നത്. നിരീക്ഷണം, സർവേ തുടങ്ങിയ മറ്റു രീതികളുടെ അനുബന്ധമായും അത് ഉപയോഗിക്കപ്പെടുത്താറുണ്ട്.
- പങ്കാളിത്തനിരീക്ഷണത്തിൽ പ്രധാന വിവരദാതാവുമായി നടത്തുന്ന ദീർഘമായ അഭിമുഖം പലപ്പോഴും വസ്തുതകൾക്ക് വ്യക്തത വരുത്താൻ സഹായിക്കുന്നു.
- അതുപോലെ സർവേയിലൂടെ കണ്ടെത്തുന്ന കാര്യങ്ങൾക്ക് അഭിമുഖങ്ങൾ ആഴവും വ്യക്തതയും വിശദാംശങ്ങളും നൽകുന്നു.
- ഒരു അഭിമുഖത്തിന്റെ വിജയം ഗവേഷകരും പ്രതികർത്താവും തമ്മിലുള്ള വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു

## അധ്യായം 6

## സാമൂഹ്യ ഘടന, ശ്രേണീകരണം, സമൂഹത്തിലെ സാമൂഹ്യ പ്രക്രിയകൾ

### സാമൂഹ്യ ഘടനയുടെ നിർവ്വചനം

- സമൂഹത്തിൽ ജനങ്ങൾ എങ്ങനെ പെരുമാറണം, മറ്റുള്ളവരുമായി എങ്ങനെ ബന്ധപ്പെടണം തുടങ്ങിയ അടിസ്ഥാന നിഷ്ഠകളും മാതൃകകളും നിലനിൽക്കുന്നു. ഈ നിഷ്ഠകളെ അഥവാ ക്രമങ്ങളെയാണ് സാമൂഹ്യ ഘടന എന്ന് പറയുന്നത്
- സമൂഹം ക്രമപ്പെടുത്തിയതും സംഘടിക്കപ്പെട്ടതുമാണെന്നു മനസിലാക്കാൻ സാമൂഹ്യ ഘടന എന്ന ആശയം സഹായിക്കുന്നു
- സമൂഹത്തിന്റെ വിവിധ ഭാഗങ്ങളായ കുടുംബം, ഗണങ്ങൾ, സമുദായം, ആചാരങ്ങൾ, മൂല്യങ്ങൾ എന്നിവ ചേർന്നതാണ് ഒരു സാമൂഹ്യ ഘടന
- സാമൂഹ്യ ഘടനയെ നിർമ്മിക്കുന്നത് മനുഷ്യ പ്രവർത്തികളും ബന്ധങ്ങളുമാണ്. ഇവ വ്യത്യസ്ത സ്ഥലങ്ങളിലും കാലങ്ങളിലും ആവർത്തിക്കപ്പെടുമ്പോഴാണ് സാമൂഹ്യ ഘടന ഉണ്ടാവുന്നത്

### സാമൂഹ്യ ശ്രേണീകരണം

- സമൂഹത്തിലെ ഗ്രൂപ്പുകൾക്കിടയിലുള്ള ഘടനാപരമായ അസമത്വങ്ങളെയാണ് ശ്രേണീകരണം എന്ന് പറയുന്നത്
- സമൂഹത്തിലെ ജനങ്ങളെ അസമമായ പല ഗ്രൂപ്പുകളായി അഥവാ തട്ടുകളായി വിഭജിക്കപ്പെടുന്ന പ്രക്രിയയാണ് ശ്രേണീകരണം
- ഇതിൽ സമൂഹം ഉയർന്നതും താഴ്ന്നതുമായ ഗ്രൂപ്പുകളായി വിഭജിക്കപ്പെടുന്നു
- എല്ലാ സമൂഹത്തിലും ശ്രേണീകരണം നിലനിൽക്കുന്നു
- ആധുനിക സമൂഹത്തിൽ സമ്പത്തിലും അധികാരത്തിലും നിലനിൽക്കുന്ന വ്യത്യാസങ്ങൾ ശ്രേണീകരണത്തിനു കാരണമാകുന്നു
- വർഗ്ഗ വിഭജനങ്ങൾ, വംശവും ജാതിയും, പ്രദേശവും സമുദായവും, ഗോത്രവും ലിംഗ ഭേദവും തുടങ്ങിയവയെല്ലാം ആധുനിക സമൂഹത്തിലെ സാമൂഹിക ശ്രേണീകരണത്തിന്റെ അടിസ്ഥാന രൂപങ്ങളാണ്
- സാമൂഹ്യ ശ്രേണീകരണം സാമൂഹ്യ ഘടനയുടെ ഭാഗമാണ്
- ഇതിന്റെ മുഖ്യ സവിശേഷത അസമത്വമാണ്
- വ്യത്യസ്ത സാമൂഹ്യ ഗ്രൂപ്പുകളിൽ ഉള്ള അംഗങ്ങൾക്കിടയിലാണ് ഈ അസമത്വം നിലനിൽക്കുന്നത്

**<u>അസമമായി വിതരണം ചെയ്യപ്പെട്ട ആനുകൂല്യങ്ങൾ</u>**

- സമൂഹത്തിലെ വിശേഷാവകാശങ്ങൾ ഉള്ള വിഭാഗങ്ങൾ അനുഭവിക്കുന്ന നേട്ടങ്ങളും ആനുകൂല്യങ്ങളും

**<u>a.ജീവിതവസരങ്ങൾ (Life Chances):</u>**

- ജീവിതത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്ന ഭൗതിക നേട്ടങ്ങളെയാണ് ജീവിതവസരങ്ങൾ എന്ന് പറയുന്നത്
- സമ്പത്ത്, വരുമാനം, എന്നീ സാമ്പത്തിക നേട്ടങ്ങളും ആരോഗ്യം, തൊഴിൽ സുരക്ഷ, വിനോദ മാർഗ്ഗം എന്നിവയും ഇതിൽ ഉൾപ്പെടുന്നു

**<u>b.സാമൂഹ്യ പദവി (Social Status):</u>**

- വിശേഷാവകാശങ്ങൾ ഉള്ളവർക്ക് സമൂഹത്തിൽ ഉന്നതമായ പദവിയോ സ്ഥാനമോ ഉണ്ടായിരിക്കും

**<u>c.രാഷ്ട്രീയ സ്വാധീനം (Political Influence):</u>**

- മറ്റു ഗ്രൂപ്പുകളുടെ മേൽ ആധിപത്യം സ്ഥാപിക്കാനും തീരുമാനമെടുക്കുന്നതിനെ സ്വാധീനിക്കാനും തീരുമാനങ്ങളിൽ നിന്ന് നേട്ടമുണ്ടാക്കാനും ഉള്ള കഴിവാണ് രാഷ്ട്രീയ സ്വാധീനം

**<u>സാമൂഹ്യ പ്രക്രിയകൾ</u>**

- സഹകരണം, മത്സരം, സംഘർഷം, എന്നിവയാണ് സാമൂഹ്യ പ്രക്രിയകൾ എന്ന് അറിയപ്പെടുന്നത്
- സാമൂഹ്യ ഘടനയുടെ അടിസ്ഥാനത്തിലാണ് ഇവയെ വിശകലനം ചെയ്യേണ്ടത്

**നിർവ്വഹണ വാദ വീക്ഷണം**

- മനുഷ്യന് അവന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹകരണം ആവശ്യമാണ്. ഈ സഹകരണത്തിലൂടെ ആളുകൾ അവരുടേതായ ലോകത്തെ ഉത്പാദിപ്പിക്കുകയും പുനഃ സൃഷ്ടിക്കുകയും ചെയ്യുന്നു
- സമൂഹത്തിന്റെ വ്യവസ്ഥയുടെ നിലനിൽപ്പിനു ചില ഉപാധികൾ ആവശ്യമാണ്

1. പുതിയ അംഗങ്ങളുടെ സാമൂഹ്യ വൽക്കരണം
2. പങ്ക് വയ്ക്കപ്പെട്ട ഒരു വാർത്താവിനിമയ സമ്പ്രദായം
3. വ്യക്തികൾക്ക് അവരുടെ പങ്കുകൾ ഏല്പിക്കുന്ന രീതികൾ

- മത്സരം, സംഘർഷം, സഹകരണം എന്നിവ എല്ലാ സമൂഹങ്ങളുടെയും സവിശേഷത ആണെന്നു ഈ വീക്ഷണം പറയുന്നു

**സംഘട്ടന വാദ വീക്ഷണം**

- ചരിത്രപരമായി സഹകരണമാണ് സാമൂഹ്യ പ്രക്രിയയ്ക്ക് വന്നിരിക്കുന്ന മാറ്റങ്ങൾക്കു കാരണമെന്നു ഈ വീക്ഷണം അഭിപ്രായപ്പെടുന്നു

- സമൂഹം ജാതി, വർഗ്ഗം, പുരുഷാധിപത്യം എന്നിവയാൽ വിഭജിക്കപ്പെട്ടിരിക്കുന്നതിനാൽ ചില ഗ്രൂപ്പുകൾ വിവേചനവും അസമത്വവും നേരിടുന്നു
- പ്രബല വിഭാഗങ്ങൾ താഴ്ന്ന വിഭാഗങ്ങളുടെ മേൽ അധീശത്വം സ്ഥാപിക്കുന്നു
- ഇത് സാമൂഹ്യ പ്രക്രിയകൾക്കു വഴി തെളിക്കുന്നു

**3.സഹകരണം**

- സഹകരണം സാമൂഹ്യ ജീവിതത്തിന്റെ അടിസ്ഥാനമാണ്
- എല്ലാ സമൂഹത്തിലും സഹകരണം നിലനിൽക്കുന്നു എന്ന് ദുർഖിം അഭിപ്രായപ്പെടുന്നു
- സമൂഹത്തിലെ ധാർമിക ബലത്തിലൂടെ ഉള്ള ഐക്യ ദാർഢ്യമാണ് സാമൂഹ്യ സഹകരണത്തിന്റെ അടിസ്ഥാനം എന്ന് അദ്ദേഹം പറയുന്നു
- സഹകരണത്തിന്റെ ഒരു പ്രധാന സവിശേഷതയാണ് തൊഴിൽ വിഭജനം. ഇത് സമൂഹത്തിന്റെ ചില ആവശ്യങ്ങൾ നിറവേറ്റുന്നു

**എമിൽ ദുർഖൈം**

- എമിൽ ദുർഖൈം സാമൂഹിക ഐക്യത്തെ രണ്ടായി തിരിക്കുന്നു
- **യാന്ത്രിക ഐക്യ ദാർഢ്യം, ജൈവിക ഐക്യ ദാർഢ്യം**

| യാന്ത്രിക ഐക്യ ദാർഢ്യം | ജൈവിക ഐക്യ ദാർഢ്യം |
|---|---|
| • ഏകതയുടെ ഐക്യമാണ്<br>• വ്യാവസായിക പൂർവ സമൂഹങ്ങളിൽ കാണപ്പെടുന്നു<br>• ഒരുമയും സമാധാനവും ആണ് അടിസ്ഥാനം<br>• ലളിതമായ വൈദഗ്ധ്യ വൽക്കരണം<br>• പ്രായത്തിന്റെയും ലിംഗത്തിന്റെയും അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനം<br>• സമാന ജീവിത രീതി<br>• അംഗങ്ങൾ തമ്മിൽ പൊതു ധാരണയും വിശ്വാസവും വൈകാരിക ബന്ധങ്ങളും ഉണ്ടായിരിക്കും | • വ്യത്യസ്തതയുടെ ഐക്യമാണ്<br>• സങ്കീർണ്ണ വ്യാവസായിക സമൂഹങ്ങളിൽ കാണപ്പെടുന്നു<br>• സങ്കീർണ്ണമായ തൊഴിൽ വിഭജനം<br>• പരസ്പരാശ്രയത്വം<br>• വൈവിധ്യവൽക്കരണം |

**കാൾ മാർക്സ്**

- കാൾ  മാക്സിന്റെ അഭിപ്രായത്തിൽ സഹകരണം സ്വമേധയാ ഉണ്ടാകുന്നതല്ല
- ബാഹ്യമായി നിലകൊള്ളുന്ന ഉല്പാദന ശക്തിയുടെ  അടിസ്ഥാനത്തിൽ നിർബന്ധിതമായി സംഭവിക്കുന്ന പ്രക്രിയയാണ്  സഹകരണം
- അന്യവൽക്കരണം എന്ന സങ്കല്പത്തിലൂടെ ആണ് മാർക്സ് നിർബന്ധിത സഹകരണത്തെ വിശദീകരിക്കുന്നത്

**അന്യവൽക്കരണം വഴി..**

1. ഒരു തൊഴിലാളി സ്വന്തം തൊഴിലിൽ നിന്നു അകലുന്നു
2. തൊഴിലിൽ താല്പര്യക്കുറവ്
3. ഉല്പാദന പ്രക്രിയയിലെ പങ്കാളിത്തമില്ലായ്മ
4. ഉല്പാദനത്തിൽ മേലുള്ള  നിയന്ത്രണം നഷ്ടമാകൽ എന്നിവ ഉണ്ടാകുന്നു

- ഈ സാഹചര്യത്തിൽ സഹകരണം അടിച്ചേൽപ്പിക്കുകയാണെന്നു മാർക്സ് അഭിപ്രായപ്പെടുന്നു

**b.മത്സരം**

- മത്സരം സാർവത്രികമായ പ്രതിഭാസമാണ്
- മത്സരം ഒരു സമൂഹ ശാസ്ത്രപരമായ പ്രക്രിയയാണ്
- ആധുനിക സമൂഹവും മുതലാളിത്ത സമ്പദ് വ്യവസ്ഥയും മത്സരാധിഷ്ഠിതമാണ്
- വ്യക്തിപരതയ്ക്കാണ് ആധുനിക സമൂഹം പ്രാധാന്യം നൽകുന്നതെന്ന് ദുർഖിം അഭിപ്രായപ്പെടുന്നു
- എന്നാൽ മാർക്സ് മത്സരത്തിനാണ് പ്രാധാന്യം നൽകുന്നത്
- കൂടുതൽ ലാഭത്തിനും കാര്യക്ഷമതക്കും ആണ് മുതലാളിത്തം പ്രാധാന്യം നൽകുന്നത്

മുതലാളിത്തത്തിന്റെ പ്രധാന സങ്കൽപ്പങ്ങൾ ...

- വ്യാപാരത്തിന്റെ വ്യാപനം
- തൊഴിൽ വിഭജനം
- വൈദഗ്ധ്യ വൽക്കരണം
- ഉല്പാദന ക്ഷമത വർദ്ധിപ്പിക്കൽ
- മുതലാളിത്ത വ്യവസ്ഥയുടെ അടിസ്ഥാനം മത്സരമാണ്

- യുക്തിപരമായി ചിന്തിക്കുന്ന വ്യക്തികൾ, വിപണിയിലെ തുറന്ന മത്സരം, പരമാവധി ലാഭം എന്നിവ ഇതിന്റെ സവിശേഷതയാണ്
- എന്നാൽ ഇത്തരം മത്സരം അസമത്വം സൃഷ്ടിക്കുന്നു എന്ന് കാണുന്നു

**c.സംഘർഷം**

- സമൂഹത്തിലെ വിഭവങ്ങളുടെ ദൗർലഭ്യമാണ് സംഘട്ടനത്തിലേക്കു നയിക്കുന്നത്
- വിഭവങ്ങൾ നേടിയെടുക്കാനും നിയന്ത്രിക്കാനുമുള്ള ശ്രമം സംഘട്ടനത്തിനു കാരണമാകുന്നു
- വ്യത്യസ്തങ്ങളായ താല്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തെ സംഘർഷം എന്ന് വിളിക്കുന്നു
- വിഭവങ്ങളുടെ അഭാവം സംഘട്ടനത്തിനു കാരണമാകുന്നു
- വർഗ്ഗം, ജാതി, ഗോത്രം, ലിംഗം, വംശീയത, മതം, സമുദായം ഇവയെല്ലാം സംഘട്ടനത്തിനു കാരണമാകുന്നു
- സംഘർഷങ്ങളുടെ കാരണവും സ്വഭാവവും ഓരോ സമൂഹത്തിലും വ്യത്യസ്തമായിരിക്കും
- പുറമെ പ്രകടമാകുമ്പോൾ മാത്രമേ സംഘർഷം വ്യക്തമാകുകയുള്ളു

ഉദാ: കർഷക പ്രസ്ഥാനം

## അധ്യായം 7

## ഗ്രാമ-നഗര സമൂഹങ്ങളിലെ സാമൂഹ്യ മാറ്റവും സാമൂഹ്യ ക്രമവും

**എന്താണ് സാമൂഹ്യ മാറ്റം?**

- ഒരു നിശ്ചിത കാലഘട്ടത്തിൽ ഒരു വസ്തുവിന്റെ അടിസ്ഥാനപരമായ ഘടനയെ അല്ലെങ്കിൽ സാഹചര്യത്തെ രൂപാന്തരപ്പെടുത്തുന്ന മാറ്റങ്ങളാണ് സാമൂഹ്യ മാറ്റങ്ങൾ. അടിസ്ഥാനപരമായ പരിവർത്തനങ്ങൾ കൊണ്ട് വരുന്ന മാറ്റങ്ങളെ ആണ് സാമൂഹ്യ മാറ്റം ആയി കണക്കാക്കുന്നത്
- ഒരു മാറ്റത്തിന്റെ വലുപ്പം അളക്കുന്നത് എത്രമാത്രം മാറ്റം കൊണ്ട് വന്നു, അത് ഒരു വിഭാഗത്തെ എത്ര മാത്രം സ്വാധീനിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ്
- മാറ്റങ്ങൾ തീവ്രവും വ്യാപകവും ആയിരിക്കണം. സമൂഹത്തിലെ വലിയൊരു മേഖലയിൽ സ്വാധീനിക്കുമ്പോൾ മാത്രമാണ് അതിനെ സാമൂഹ്യ മാറ്റം എന്ന് പറയുന്നത്

**സാമൂഹ്യ മാറ്റത്തിന്റെ തരങ്ങൾ**

- സാമൂഹിക മാറ്റത്തെ വേർതിരിക്കുന്നത് മാറ്റത്തിന്റെ സ്വഭാവം, സമൂഹത്തിലുള്ള സ്വാധീനം, മാറ്റത്തിന്റെ വേഗം എന്നിവ അടിസ്ഥാനമാക്കിയാണ്

**a).പരിണാമപരമായ മാറ്റങ്ങൾ**

- ദീർഘ കാലം കൊണ്ട് ഉണ്ടാകുന്നതും സാവധാനത്തിൽ സംഭവിക്കുന്നതുമായ മാറ്റത്തെയാണ് പരിണാമം എന്ന് പറയുന്നത്
- ജീവ വർഗ്ഗത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ചാൾസ് ഡാർവിന്റെ സിദ്ധാന്തം ആണ് പരിണാമം എന്ന പദം മാറ്റത്തിന്റെ സിദ്ധാന്തമായി ആവിഷ്കരിച്ചത്
- ജീവ ജാലങ്ങൾ ചുറ്റുപാടുമായി ഇണങ്ങി സാവധാനം മാറ്റം ഉണ്ടാകുമെന്നും അർഹതയുള്ളവർ അതിജീവിക്കും എന്നും ഡാർവിൻ പറയുന്നു
- ഡാർവിന്റെ പരിണാമ സിദ്ധാന്തം പ്രകൃതിയിലെ പരിണാമത്തെക്കുറിച്ചു പഠിക്കുന്നതോടൊപ്പം സാമൂഹ്യ മാറ്റങ്ങൾ പഠിക്കുന്നതിനും ഉപയോഗിച്ചു. ഇതിനെ 'സോഷ്യൽ ഡാർവിനിസം' എന്ന് പറയുന്നു

**b).വിപ്ലവകരമായ മാറ്റങ്ങൾ**

- വേഗത്തിലും പെട്ടെന്നും ഉണ്ടാകുന്ന മാറ്റങ്ങളെയാണ് വിപ്ലവകരമായ മാറ്റങ്ങൾ എന്ന് പറയുന്നത്

- ഇത് പ്രധാനമായും രാഷ്ട്രീയ പശ്ചാത്തലത്തിലാണ് നടക്കുന്നത്
- ഭരണ പക്ഷത്തെ അട്ടിമറിച്ചു എതിരാളികൾ നടത്തുന്ന മാറ്റങ്ങൾ ആണ് ഇവ
  ഉദാ: ഫ്രഞ്ച് വിപ്ലവം, റഷ്യൻ വിപ്ലവം
- സമൂഹത്തിലെ തീവ്രവും പെട്ടെന്നുള്ളതും സമ്പൂർണവുമായ പരിവർത്തനങ്ങളെയും വിപ്ലവകരമായ മാറ്റങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു
  ഉദാ: വ്യവസായിക വിപ്ലവം, വാർത്താവിനിമയ വിപ്ലവം

**c).ഘടനാപരമായ മാറ്റങ്ങൾ**

- സാമൂഹിക ഘടന, ആശയങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ എന്നിവയെ സ്വാധീനിക്കുന്ന മാറ്റങ്ങൾക്കാണ് ഘടനാപരമായ മാറ്റം എന്ന് പറയുന്നത്
- സമൂഹത്തിന്റെ ഘടനയിൽ ഉണ്ടാകുന്ന പരിവർത്തനങ്ങൾ ആണ് ഇവ
- ഇത് സമൂഹത്തിലെ സ്ഥാപനങ്ങളിലും അവയെ നിയന്ത്രിക്കുന്ന ചട്ടങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കുന്നു
  ഉദാ: കടലാസുപണത്തിന്റെ ആവിർഭാവം

**d).മൂല്യങ്ങളിലെയും വിശ്വാസങ്ങളിലെയും മാറ്റങ്ങൾ**

- മൂല്യങ്ങളിലും വിശ്വാസങ്ങളിലും ഉണ്ടായ മാറ്റങ്ങൾ സാമൂഹ്യ മാറ്റത്തിലേക്ക് നയിക്കുന്നു
  ഉദാ: ബാല്യകാലത്തെകുറിച്ചുള്ള ആശയങ്ങളിലെ മാറ്റം

**<u>സാമൂഹ്യ മാറ്റത്തിന്റെ ഉറവിടങ്ങൾ/ കാരണങ്ങൾ</u>**

- സാമൂഹ്യ മാറ്റങ്ങളെ അവയുടെ സ്രോതസ്സിന്റെ/കാരണങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കാം. കാരണങ്ങൾ ആന്തരികമോ ബാഹ്യമോ ആകാം
- സാമൂഹ്യ മാറ്റത്തിന്റെ കാരണങ്ങളെ a).പാരിസ്ഥിതികം, b).സാങ്കേതികം, c).സാമ്പത്തികം, d).രാഷ്ട്രീയം, e).സാംസ്കാരികം എന്നിങ്ങനെ തരം തിരിക്കാം

**a).പാരിസ്ഥിതിക കാരണങ്ങൾ**

- സമൂഹത്തിന്റെ ഘടനയിലും രൂപത്തിലും പ്രകൃതിയും പരിസ്ഥിതിയും സ്വാധീനം ചെലുത്തുന്നു
- മുൻപ് കാലങ്ങളിൽ ജനങ്ങളുടെ ഭക്ഷണരീതി, വസ്ത്രധാരണ രീതി, ഉപജീവന മാർഗ്ഗങ്ങൾ, സാമൂഹികമായ പരസ്പര പ്രവർത്തനങ്ങൾ തുടങ്ങിയവ

നിർണ്ണയിച്ചിരുന്നത് അവരുടെ പരിസ്ഥിതിയിലെ ഭൈതിക അവസ്ഥയും കാലാവസ്ഥയുമായിരുന്നു

- എന്നാൽ സാങ്കേതിക വിദ്യയുടെ വികസനത്തോടെ സമൂഹത്തിനു മേൽ പരിസ്ഥിതിക്കുള്ള സ്വാധീനം മാറിക്കൊണ്ടിരിക്കുകയാണ്
- പരിസ്ഥിതി സാമൂഹ്യ മാറ്റങ്ങൾ കൊണ്ട് വരാനും കാരണമാകുന്നു

  ഉദാ: പ്രകൃതിദുരന്തങ്ങൾ
- സുനാമി പോലെ ഉള്ള പ്രകൃതി ദുരന്തങ്ങൾ മൂലം സമൂഹം പൂർണമായി മാറുകയും പഴയ അവസ്ഥയിലേക്ക് തിരിച്ചു പോകാൻ സാധിക്കാതെ വരികയും ചെയ്യുന്നു
- ഇവ നിർമാണാത്മകവുമാകാറുണ്ട്

  ഉദാ: കാലിഫോർണിയയിൽ സ്വർണം കണ്ടെത്തിയത്
- പ്രകൃതി ദുരന്തങ്ങൾ സമൂഹത്തിന്റെ സമ്പൂർണ്ണ മാറ്റത്തിനോ നാശത്തിനോ കാരണമാകുന്നു

**b).സാങ്കേതികവിദ്യയും സമ്പദ് ഘടനയും (സാങ്കേതിക കാരണങ്ങൾ)**

- സാങ്കേതിക മാറ്റത്തിന്റെയും സാമ്പത്തിക മാറ്റത്തിന്റെയും സംയോജനം സാമൂഹ്യ മാറ്റങ്ങൾക്കു കാരണമാകുന്നു
- പ്രകൃതിയെ നിയന്ത്രിക്കാനും ചെറുത്തു നിൽക്കാനും സാങ്കേതിക വിദ്യ സഹായിക്കുന്നു
- സാങ്കേതിക വിദ്യ കൊണ്ട് ഉണ്ടായ വലിയ മാറ്റമാണ് വ്യവസായ വിപ്ലവം
- ആവിയന്ത്രം, ആവിശക്തി എന്നിവയുടെ ഉപയോഗത്തോടെ ഉത്പാദനത്തിലും സമ്പദ് ഘടനയിലും വലിയ മാറ്റങ്ങൾ ഉണ്ടായി
- റയിൽ ഗതാഗതം, സമുദ്ര ഗതാഗതം എന്നിവ അന്താരാഷ്ട്ര വാണിജ്യത്തിനും കുടിയേറ്റത്തിനും കാരണമായി
- ഇവ മൂലം ഉണ്ടായ മാറ്റങ്ങൾ ലോകത്തിൽ സാമൂഹികവും സാംസ്കാരികവും ജനസംഖ്യാ പരമായ തലങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കി
- സാങ്കേതികവിദ്യയുടെ സാമൂഹിക സ്വാധീനം വളരെ സാവധാനം മാത്രമേ കാണാൻ കഴിയു
- പ്രത്യക്ഷമായി സാങ്കേതികമല്ലാത്ത സമ്പദ് ഘടനയിലെ മാറ്റങ്ങളും സമൂഹ മാറ്റത്തിനു കാരണമാകും

  ഉദാ: തോട്ടകൃഷി മൂലം ഉണ്ടായ തൊഴിലാളികളുടെ ആവശ്യകത

**c.രാഷ്ട്രീയ കാരണങ്ങൾ**

- രാഷ്ട്രീയ ശക്തികൾ സാമൂഹ്യ മാറ്റത്തിന്റെ പ്രധാന കാരണങ്ങളാണ്

- യുദ്ധങ്ങളും ആക്രമണങ്ങളും മൂലം പെട്ടെന്നുള്ള സാമൂഹ്യ മാറ്റങ്ങൾ സംഭവിക്കുന്നു

  ഉദാ: രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള അമേരിക്ക, ജപ്പാൻ എന്നീ രാജ്യങ്ങളുടെ മാറ്റം
- രാഷ്ട്രീയ മാറ്റങ്ങൾ ദേശീയ അന്തർദേശീയ തലങ്ങളിൽ മാറ്റം ഉണ്ടാക്കുന്നു
- ഇന്ത്യൻ സ്വാതന്ത്ര്യ സമരം മൂലം ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കുകയും ഇന്ത്യൻ സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ട് വരികയും ചെയ്തു
- വിവിധ സാമൂഹ്യ ഗ്രൂപ്പുകൾക്കും വർഗ്ഗങ്ങൾക്കുമിടയിൽ അധികാര പുനർവിതരണം നടത്തി കൊണ്ടുള്ള സാമൂഹ്യ മാറ്റമാണ് രാഷ്ട്രീയ മാറ്റങ്ങൾ മൂലം നടന്നത്

  ഉദാ: സാർവ്വത്രിക പ്രായ പൂർത്തി വോട്ടവകാശം

**d).സാംസ്കാരിക കാരണങ്ങൾ**

- ജനജീവിതത്തെ രൂപപ്പെടുത്തുന്ന ആശയങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവയിൽ സംഭവിക്കുന്ന മാറ്റത്തെ സാംസ്കാരിക മാറ്റം എന്ന് പറയുന്നു

  ഉദാ: മതത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ
- സമൂഹത്തെ സംഘടിപ്പിക്കുന്ന മത വിശ്വാസങ്ങളും വഴക്കങ്ങളും മാറുമ്പോൾ സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുന്നു
- എന്നാൽ മതം മൂലമുള്ള മാറ്റങ്ങളും സാന്ദർഭികമാണ്
- സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങൾ കൊണ്ട് വരുന്നതിൽ സാംസ്കാരിക മൂല്യങ്ങൾക്കുള്ള സ്വാധീനം എടുത്തു കാണിക്കുന്നതാണ് **മാക്സ് വെബറിന്റെ ദി പ്രൊട്ടസ്റ്റന്റ് എത്തിക്സ് ആൻഡ് ദി സ്പിരിറ്റ് ഓഫ് ക്യാപിറ്റലിസം** എന്ന പഠനം
- സാംസ്കാരിക മാറ്റം സാമൂഹ്യ മാറ്റത്തിന് വഴി തെളിക്കുന്നതിനുള്ള ഉദാഹരണങ്ങൾ:
- സ്ത്രീകൾക്ക് സമൂഹത്തിലുള്ള സ്ഥാനം എന്ന ആശയം-സ്ത്രീകളുടെ തൊഴിൽ, വിദ്യാഭ്യാസം, ഉപഭോക്തൃ പരസ്യങ്ങൾ etc..

- സാമൂഹ്യ മാറ്റത്തിന്റെ കാരണങ്ങൾ വ്യത്യസ്തമാണ്
- ഒരു പ്രത്യേക ഘടകത്തിനോ സിദ്ധാന്തത്തിനോ മാത്രം സാമൂഹ്യ മാറ്റം വിശദീകരിക്കാൻ കഴിയില്ല
- അവയുടെ കാരണം ആന്തരികമോ ബാഹ്യമോ ആകാം
- അവ ബോധപൂർവ്വമോ യാദൃശ്ചികമോ ആകാം. ഈ മാറ്റത്തിന്റെ കാരണങ്ങൾ പരസ്പര ബന്ധിതമാണ്

**സാമൂഹ്യക്രമം (SOCIAL ORDER)**

- സുസ്ഥാപിതമായ സാമൂഹ്യ വ്യവസ്ഥകൾക്കുള്ളിൽ മാറ്റങ്ങളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള പ്രവണതയുണ്ട്. ഇതിനെയാണ് സാമൂഹ്യക്രമം എന്നു പറയുന്നത്
- സാമൂഹ്യക്രമം മാറ്റങ്ങളെ തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

**സാമൂഹ്യക്രമം കൈവരിക്കാൻ രണ്ടു മാർഗ്ഗങ്ങളുണ്ട്.**

1) ജനങ്ങൾ നിയമങ്ങളും വഴക്കങ്ങളും സ്വമേധയാ അനുസരിക്കുമ്പോൾ

2) നിയമങ്ങളും വഴക്കങ്ങളും അനുസരിക്കാൻ ജനങ്ങൾ നിർബ്ബന്ധിതരാകുമ്പോൾ

- ഓരോ സമൂഹവും സാമൂഹ്യക്രമം നിലനിർത്തുന്നതിന് ഈ രണ്ടു രീതികളുടേയും ഒരു സംയോജനം ഉപയോഗപ്പെടുത്തുന്നു.
- ജനങ്ങൾ നിയമങ്ങളും വഴക്കങ്ങളും സ്വമേധയാ അനുസരിക്കുന്നത് (സാമൂഹ്യക്രമം കൈവരിക്കാൻ സ്വമേധയാ തയ്യാറാവുന്നത് സാമൂഹ്യവൽക്കരണ പ്രക്രിയയിലൂടെയാണ്.
- വ്യക്തികളേയും സ്ഥാപനങ്ങളേയും സാമൂഹ്യനിയമ ങ്ങൾ അനുസരിപ്പിക്കാൻ സാമൂഹ്യ വൽക്കരണം കൊണ്ടു മാത്രം സാധ്യമല്ല. അതിനാൽ മിക്ക ആധു നിക സമൂഹങ്ങളും ഇതിനായി അധികാരമോ ബലപ യോഗമോ ഉപയോഗിക്കുന്നു.
- നിങ്ങളാഗ്രഹിക്കുന്നത് മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കാനുള്ള കഴിവിനെയാണ് അധികാരം എന്നു പറയുന്നത്. അധികാരം ഉപയോഗിക്കുന്നവർ മറ്റുള്ളവരുടെ താല്പര്യങ്ങൾ പരിഗണിക്കാറില്ല.
- അധികാരം സുസ്ഥിരമാവുകയും മറ്റുള്ളവർക്ക് അതിനോടുള്ള അനുസരണ ശീലമാവുകയും ചെയ്യു
  മ്പോൾ ഉണ്ടാകുന്ന അവസ്ഥയാണ് ആധിപത്യം അഥവാ മേധാവിത്വം

**നിയമസാധുത്വം**

- സമൂഹ ശാസ്ത്രത്തിലെ ഒരു പ്രധാന സങ്കല്പമാണ് നിയമ സാധുത്വം
- സ്വീകാര്യമായതിനെ ആണ് നിയമാനുസൃതം എന്ന് പറയുന്നത്
- ഉചിതവും യോജിച്ചതും നീതിയുക്തവുമായി സ്വീകരിക്കപ്പെടുന്ന ഒന്നിനെയാണ് നിയമാനുസൃതം എന്ന് പറയുന്നത്
- നിയമാനുസൃതമായി നിലനിൽക്കുന്ന വഴക്കങ്ങളുടെ ശക്തിയോടും നീതിയോടുമുള്ള യോജിപ്പിനെയാണ് ഇത് സൂചിപ്പിക്കുന്നത്

**അധികാരം**

- അധികാരം നിയമാനുസൃതമോ അല്ലാത്തതോ ആകാം
- നിയമാനുസൃത ശക്തിയെയാണ് മാക്സ് വെബർ 'അധികാരം' എന്ന് പറയുന്നത്

- അധികാരം എന്നത് നിയമാനുസൃത ശക്തിയാണ്
- അതിനാൽ അധികാരം നീതിയുക്തവും ഉചിതവുമാണ്
- അധികാരം തീരുമാനിക്കുന്നത് ലിഖിത പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ്
- ഉദാ: പോലീസ്, ജഡ്ജ് തുടങ്ങിയവരുടെ അധികാരം
- കൃത്യമായി നിർവ്വചിക്കപ്പെടാത്തതും ജനങ്ങളുടെ സമ്മതവും സഹകരണവും നേടിയെടുക്കുന്നതുമായ അധികാര രൂപങ്ങൾ ഉണ്ട്
- ഉദാ: മത മേധാവിയുടെ അധികാരം

**നിയമം**

- വ്യക്തമായി ക്രോഡീകരിച്ച ചട്ടങ്ങളെയാണ് നിയമ എന്ന് പറയുന്നത്
- നിയമങ്ങൾ ലിഖിത രൂപത്തിലുള്ളവയാണ്. അവ എങ്ങനെ നിർമ്മിക്കണം, എങ്ങനെ മാറ്റണം, നിയമലംഘനം നടത്തിയാൽ എന്ത് ചെയ്യണം എന്നിവയ്ക്കെല്ലാം കൃത്യമായ ചട്ടങ്ങളുണ്ട്
- ആധുനിക സമൂഹത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെട്ട നിയമനിർമ്മാണ സഭ ആണ് നിയമങ്ങൾ നിർവ്വഹിക്കുന്നത്
- ഔപചാരികമായ ഈ നിയമങ്ങൾക്കനുസരിച്ചാണ് സമൂഹം ഭരിക്കുന്നത്
- ഈ നിയമങ്ങൾ എല്ലാ പൗരന്മാർക്കും ബാധകമാണ്

**ആധിപത്യം**

- ആധിപത്യം പ്രാവർത്തികമാക്കുന്നത് ശക്തിയിലൂടെയോ അധികാരത്തിലൂടെയോ ആണ്
- ഈ അധികാരമാണ് നിയമപരമായ അധികാരം. അവയിൽ പലതും ക്രോഡീകരിച്ചതുമാണ്
- നിയമാനുസൃത ഘടനയുടെയും ഔപചാരിക സ്ഥാപനങ്ങളുടെയും പിന്തുണ ഉള്ളതിനാലാണ് ജനങ്ങളുടെ സമ്മതവും സഹകരണവും നേടിയെടുക്കാൻ കഴിയുന്നത്
- നിയമസാധുത്വം അധികാരത്തെയോ ആധിപത്യത്തെയോ തളർത്തുന്നില്ല

**<u>ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും സാമൂഹ്യ ക്രമവും സാമൂഹ്യ മാറ്റവും</u>**

<u>എന്താണ് സാമൂഹിക ക്രമം?</u>

- സുസ്ഥാപിതമായ സാമൂഹ്യ വ്യവസ്ഥകൾക്കുള്ളിൽ മാറ്റങ്ങളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള പ്രവണതയുണ്ട്.
- ഇതിനെയാണ് സാമൂഹ്യ ക്രമം എന്ന് പറയുന്നത്
- സാമൂഹ്യ ക്രമം മാറ്റങ്ങളെ തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നു
- സാമൂഹ്യ ക്രമം നേടാൻ രണ്ടു മാർഗങ്ങൾ ഉണ്ട്

1. ജനങ്ങൾ നിയമങ്ങളും വഴക്കങ്ങളും സ്വമേധയാ അനുസരിക്കുമ്പോൾ
2. നിയമങ്ങളും വഴക്കങ്ങളും അനുസരിക്കാൻ ജനങ്ങൾ നിർബന്ധിതരാകുമ്പോൾ

**ഗ്രാമങ്ങളിലെ സാമൂഹ്യ ക്രമവും സാമൂഹ്യ മാറ്റവും**

- സമൂഹങ്ങളെ ഗ്രാമീണം, നാഗരികം എന്ന് രണ്ടായി തിരിച്ചിരിക്കുന്നു. ഈ മേഖലകളിലെ ജീവിതവും സാമൂഹ്യ സംഘടനകളും സാമൂഹ്യ ക്രമവും വ്യത്യസ്തമാണ്
- നാടോടി ജീവിതത്തിൽ നിന്ന് സ്ഥിരവാസത്തിലേക്കുള്ള പരിണാമത്തിന്റെ ഫലമായി സാമൂഹ്യ ഘടനയിൽ വന്ന മാറ്റങ്ങളാണ് ഗ്രാമങ്ങളുടെ വളർച്ചയ്ക്ക് കാരണമായത്
- ഒരിടത്തു സ്ഥിരമായി താമസിച്ചു കൃഷി ആരംഭിച്ചതോടെ സാമൂഹ്യ ഘടനയിൽ മാറ്റം വന്നു
- ജനങ്ങൾ മിച്ചോല്പാദനം നടത്തിയത് വഴി സമ്പത്തു കൂട്ടി വയ്ക്കുകയും സാമൂഹ്യ വേർതിരിവുകൾ സൃഷ്ടിക്കുകയും ചെയ്തു
- തൊഴിൽ വിഭജനം പുരോഗതി പ്രാപിക്കുകയും തൊഴിലിൽ സവിശേഷ വൽക്കരണം വർദ്ധിക്കുകയും ചെയ്തു
- ഈ മാറ്റങ്ങൾ എല്ലാം ഗ്രാമങ്ങളുടെ ആവിർഭാവത്തിനു കാരണമായി

**നഗരങ്ങളിലെ സാമൂഹ്യ ക്രമവും സാമൂഹ്യ മാറ്റവും**

- ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസത്തിന്റെ അടിസ്ഥാനം രണ്ടു ഘടകങ്ങളാണ്

1. ജനസാന്ദ്രത
2. കൃഷിയുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളുടെ അനുപാതം

- നഗരങ്ങളിലും പട്ടണങ്ങളിലും ജനസാന്ദ്രത ഗ്രാമങ്ങളെക്കാൾ കൂടുതലായിരിക്കും
- ഗ്രാമങ്ങളിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിയാണ്.
- ജനങ്ങൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കു കുടിയേറുന്ന പ്രക്രിയയാണ് നഗരവൽക്കരണം. രാജ്യത്തിലെ ജനസംഖ്യയുടെ വലിയൊരു ഭാഗം നഗര പ്രദേശങ്ങളിൽ ജീവിക്കുന്നു. ഇത് നഗരങ്ങളിലെ സാമൂഹ്യ മാറ്റത്തിനു കാരണമാകുന്നു

**<u>ഏക സമുദായവൽക്കരണം</u>**

- എല്ലാ നഗരങ്ങളിലെയും വാസസ്ഥലങ്ങൾ വർഗ്ഗം, വംശം, മതം, വംശീയത എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിക്കപ്പെട്ടിരിക്കുന്നു
- ഇവയ്ക്കിടയിലെ സംഘർഷങ്ങളും വേർതിരിവുകളും സാമൂഹ്യമാറ്റങ്ങൾ സൃഷ്ടിക്കുന്നു
- ഇന്ത്യയിലെ മത സമുദായങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ അയല്പക്കങ്ങളെ ഒരു ഏക സമുദായമാക്കി മാറ്റുന്നു
- വർഗ്ഗീയ കലാപങ്ങളും ഇതിനു കാരണമാകുന്നു
- സാമുദായിക പ്രശ്നങ്ങൾ മൂലം ഒരു പ്രദേശത്തു ഒരു സമുദായത്തിലെ അംഗങ്ങൾ മാത്രം ജീവിക്കുകയും മറ്റു സമുദായങ്ങളെ അകറ്റി നിർത്തുകയും ചെയ്യുന്ന പ്രക്രിയയാണ് ഏകസമുദായവൽക്കരണം

ഉദാ: 2002 -ലെ ഗുജറാത്ത് കലാപം

**<u>ബന്ധിത സമുദായം</u>**

- സമ്പന്നമായ അയല്പക്കങ്ങൾ മതിലുകളും കവാടങ്ങളും നിർമ്മിച്ചു അവരുടെ ചുറ്റുപാടുകളിൽ നിന്ന് വേർതിരിഞ്ഞു നിൽക്കുന്നു
- അവിടെ അകത്തേക്ക് കടക്കാനും പുറത്തേക്കു ഇറങ്ങാനും നിയന്ത്രിതമായ സംവിധാനങ്ങൾ ഉണ്ടായിരിക്കും
- ഇങ്ങനെ ജീവിക്കുന്ന സമുദായങ്ങൾ ആണ് ബന്ധിത സമുദായം എന്ന് അറിയപ്പെടുന്നത്
- ഇത്തരം സമുദായങ്ങൾക്ക് സ്വന്തമായ ജലവിതരണം, വൈദ്യതി, സുരക്ഷാ സംവിധാനം എന്നിവ ഉണ്ടായിരിക്കും

ഉദാ: നഗരങ്ങളിലെ ഫ്ലാറ്റ്, വില്ല എന്നിവ

**<u>കുലീനവൽക്കരണം</u>**

- താഴ്ന്ന വർഗ്ഗത്തിൽ പെട്ട ഒരു സമൂഹം മധ്യവർഗ്ഗമായോ ഉപരിവർഗ്ഗമായോ പരിവർത്തനം ചെയ്യുന്നതിനെയാണ് കുലീനവൽക്കരണം എന്ന് പറയുന്നത്
- ഇത് നഗര പ്രദേശങ്ങളിൽ കാണുന്ന പ്രതിഭാസമാണ്
- ഭൂമി വില വർദ്ധിക്കുമ്പോൾ താഴ്ന്ന വർഗ്ഗത്തിൽ പെട്ടവർ അതിൽ നിന്ന് ലാഭമുണ്ടാക്കുന്നു. ഇത് അവരെ ഉയർന്ന വർഗ്ഗമാകാൻ സഹായിക്കുന്നു

## അധ്യായം 8
## പരിസ്ഥിതിയും സമൂഹവും

### പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധം

എന്താണ് പരിസ്ഥിതി?

- മനുഷ്യനും മൃഗങ്ങളും മരങ്ങളും എല്ലാം ഉൾപ്പെടുന്ന മനുഷ്യന്റെ ചുറ്റുപാടിനെയാണ് പരിസ്ഥിതി എന്ന് പറയുന്നത്
- എല്ലാ സമൂഹത്തിനും പാരിസ്ഥിതിക അടിത്തറ ഉണ്ട്
- നാം ഉപയോഗിക്കുന്ന എല്ലാ വസ്തുക്കൾക്കും പാരിസ്ഥിതിക ബന്ധമുണ്ട്
- ജൈവികവും അജൈവീകവുമായ എല്ലാ വസ്തുക്കളും അടങ്ങുന്നതാണ് പരിസ്ഥിതി

### പരിസ്ഥിതി വിജ്ഞാനം, സാമൂഹ്യ പരിസ്ഥിതി, സാമൂഹ്യ സംഘാടനം, സാമൂഹ്യ മൂല്യങ്ങളും വഴക്കങ്ങളും, അപകട സാധ്യതയുള്ള സമൂഹം

### പരിസ്ഥിതി വിജ്ഞാനം

- ഭൗതികവും ജീവശാസ്ത്ര പരവുമായ വ്യവസ്ഥകളുടെയും പ്രക്രിയകളുടെയും ശൃംഖലയാണ് പരിസ്ഥിതി എന്ന് പറയുന്നത്
- പർവ്വതങ്ങളും നദികളും, സമതലങ്ങളും സമുദ്രങ്ങളും സസ്യങ്ങളും ജീവജാലങ്ങളും പരിസ്ഥിതിയുടെ ഭാഗമാണ്
- ഒരു സ്ഥലത്തിന്റെ പരിസ്ഥിതിയെ അതിന്റെ ഭൂമിശാസ്ത്രവും ജലലഭ്യതയും സ്വാധീനിക്കുന്നു
- പരിസ്ഥിതിയിലെ ജൈവ-ഭൗതിക പ്രക്രിയകൾക്ക് മനുഷ്യ പ്രവർത്തി മൂലം മാറ്റങ്ങൾ സംഭവിക്കുന്നു
- അത്പോലെ പാരിസ്ഥിതിക ഘടകങ്ങൾ മനുഷ്യ ജീവിതത്തെയും സ്വാധീനിക്കുന്നു

### സാമൂഹ്യ പരിസ്ഥിതി

- ജൈവ-ഭൗതിക പരിസ്ഥിതിയും മനുഷ്യന്റെ ഇടപെടലുകളും തമ്മിലുള്ള പരസ്പര പ്രവർത്തനത്തിൽ നിന്നാണ് സാമൂഹ്യ പരിസ്ഥിതി ഉണ്ടാകുന്നത്
- ഇത് അങ്ങോട്ടും ഇങ്ങോട്ടുമുള്ള പ്രക്രിയയാണ്
- പ്രകൃതി സമൂഹത്തെ രൂപപ്പെടുത്തുന്നത് പോലെ സമൂഹം പ്രകൃതിയെയും രൂപപ്പെടുത്തുന്നു
- ഉദാ: സിന്ധു-ഗംഗാ സമതലത്തിലെ ഫല ഭൂയിഷ്ഠമായ മണ്ണ് കൃഷിയുടെ വളർച്ചയെ സഹായിക്കുകയും ജനവാസ കേന്ദ്രമായി മാറുകയും ചെയ്തു.

എന്നാൽ രാജസ്ഥാൻ മരുഭൂമിയിൽ ഇടയ സമൂഹത്തെ മാത്രമേ പരിപാലിക്കാൻ സാധിക്കുന്നുള്ളൂ

- ഇതിൽ നിന്നും പ്രകൃതി സമൂഹത്തെ എങ്ങനെ ആണ് രൂപപ്പെടുത്തുന്നത് എന്ന് മനസിലാക്കാം

**<u>സാമൂഹ്യ സംഘാടനം</u>**

- പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള പരസ്പര പ്രവർത്തനത്തെ രൂപപ്പെടുത്തുന്നത് സാമൂഹിക സംഘടനയാണ് പ്രകൃതി വിഭവങ്ങൾ ആറു എങ്ങനെ ഉപയോഗിക്കണം എന്ന് തീരുമാനിക്കുന്നത് സ്വത്തുക്കളുടെ മേലുള്ള ഉടമസ്ഥാവകാശമാണ്
- ഉദാ: മുതലാളിത്തത്തിന്റെ സാമൂഹ്യ സംഘടന മൂലം സ്വകാര്യ വാഹനങ്ങൾ ജീവിതത്തെയും പ്രകൃതിയെയും മാറ്റി മറിച്ചു
- മനുഷ്യന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതിയെ ശാശ്വതമായി മാറ്റാനുള്ള കഴിവുള്ളവയാണ്
- വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങൾക്ക് പരിസ്ഥിതിയുമായുള്ള ബന്ധം രൂപപ്പെടുത്തുന്നതിൽ സാമൂഹിക സംഘടനാ പ്രധാന പങ്കു വഹിക്കുന്നു

**<u>സാമൂഹ്യ മൂല്യങ്ങളും വഴക്കങ്ങളും</u>**

- പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധത്തിൽ സാമൂഹ്യ മൂല്യങ്ങളും വഴക്കങ്ങളും പ്രധാന പങ്കു വഹിക്കുന്നു
- മുതലാളിത്ത മൂല്യങ്ങൾ പ്രകൃതിയെ വില്പന ചരക്കാക്കി മാറ്റി
- ഉദാ: ഒരു നദിക്കു പാരിസ്ഥിതികവും പ്രയോജനപരവും ആത്മീയവും ആയ പ്രാധാന്യം ഉണ്ട്. എന്നാൽ മുതലാളിത്തം ജലവില്പനയിലെ ലാഭം മാത്രം ആണ് നോക്കുന്നത്
- സോഷ്യലിസ്റ്റ് മൂല്യങ്ങളായ സമത്വവും നീതിയും പിന്തുടർന്ന സ്ഥലങ്ങളിൽ ഭൂരഹിതരായ കർഷകർക്ക് ഭൂമി വിതരണം ചെയ്യപ്പെട്ടു
- മതപരമായ മൂല്യങ്ങൾ വിശുദ്ധ വനങ്ങളെയും ജീവജാലങ്ങളെയും സംരക്ഷിക്കുന്നതിന് പ്രാധാന്യം നൽകി
- പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധം രൂപപ്പെടുത്തുന്നതിൽ മുതലാളിത്ത, സോഷ്യലിസ്റ്റ്, മത മൂല്യങ്ങൾ പ്രധാന പങ്കു വഹിച്ചു

**<u>അപകട സാധ്യതയുള്ള സമൂഹം</u>**

- പരിസ്ഥിതിയും മനുഷ്യനുമായുള്ള ബന്ധം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു
- വ്യവസായവൽക്കരണം മൂലം വിഭവ ചൂഷണം വർദ്ധിക്കുകയും ഇത് പരിസ്ഥിതിയെ നശിപ്പിക്കുകയും ചെയ്യുന്നു

- മനുഷ്യന് പൂർണ്ണമായി മനസിലാക്കാൻ കഴിയാത്ത സാങ്കേതികവിദ്യകളും ഉല്പന്നങ്ങളും ആണ് ഇന്ന് മനുഷ്യൻ ഉപയോഗിക്കുന്നത്
- അതിനാൽ ഇന്നത്തെ സമൂഹം അപകട സാധ്യതയുള്ള ഒരു സമൂഹമാണെന്നു പറയുന്നു. ഉദാ: ചെർണോബിൽ ആണവ ദുരന്തം, ഭോപ്പാൽ ദുരന്തം

**<u>പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ: വിഭവ ശോഷണം, വായു, ജല, ശബ്ദ, മലിനീകരണം, ആഗോള താപനം, ജനിതകമായി മാറ്റം വരുത്തിയ ജീവജാലങ്ങൾ, പ്രകൃതി ദത്തവും മനുഷ്യ നിർമ്മിതവുമായ ദുരന്തങ്ങൾ</u>**

**a. <u>വിഭവ ശോഷണം</u>**

- പുതുക്കാനും പുനർസൃഷ്ടിക്കാനും കഴിയാത്ത പ്രകൃതി വിഭവങ്ങളുടെ അമിതമായ ഉപയോഗമാണ് വിഭവ ശോഷണം
- ഭൂമിക്കടിയിൽ നിന്ന് കുഴിച്ചെടുക്കുന്ന പെട്രോളിയം ഉല്പന്നങ്ങൾ അതിവേഗം തീർന്നു പോകുന്നു
- ജലം, ഭൂമി എന്നിവയുടെ ശോഷണവും ഭൂഗർഭ ജലനിരപ്പിന്റെ താഴ്ചയും തീവ്രമായ വിഭവ ശോഷണം ഉണ്ടാക്കുന്നു
- അനേകം വർഷങ്ങൾ കൊണ്ട് രൂപപ്പെട്ട മേൽമണ്ണ് നഷ്ടപ്പെടുന്നത് മണ്ണൊലിപ്പ്, വെള്ളക്കെട്ട്, ലവണവൽക്കരണം എന്നിവയ്ക്ക് കാരണമാകുന്നു
- ജൈവവൈവിദ്ധ്യ ആവാസ കേന്ദ്രങ്ങളുടെ ശോഷണവും വന-സസ്യ-ജന്തു വർഗ്ഗങ്ങളുടെ നാശത്തിനും കാരണമായി

**<u>b).വായു, ജല, ശബ്ദ, മലിനീകരണം</u>**

**<u>വായു മലിനീകരണം</u>**

- നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഒരു പ്രധാന പ്രശ്നമാണ് വായു മലിനീകരണം
- വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറന്തള്ളുന്ന പുകയും വാതകങ്ങളുമാണ് വായു മലിനീകരണത്തിന്റെ ഉറവിടം
- വീടുകളിൽ കത്തിക്കുന്ന വിറകും കൽക്കരിയും ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിക്കുന്ന ഇന്ധനങ്ങളും വായു മലിനീകരണം ഉണ്ടാക്കുന്നു
- ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്കും മരണത്തിനും ഇത് കാരണമാകുന്നു

**<u>ജലമലിനീകരണം</u>**

- ഉപരിതല ജലത്തെയും ഭൂഗർഭ ജലത്തെയും ബാധിക്കുന്ന പ്രശ്നമാണ് ജല മലിനീകരണം

- വീടുകളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തേക്കു ഒഴുക്കുന്ന മലിനജലം, കൃഷിയിടങ്ങളിൽ നിന്നുള്ള രാസവളങ്ങളും കീടനാശിനിയും കലർന്ന ജലം എന്നിവയാണ് ജല മലിനീകരണത്തിന്റെ പ്രധാന സ്രോതസ്സ്
- നദികളിലെയും ജലാശയങ്ങളിലെയും മലിനീകരണവും ഇവ മൂലം ഉണ്ടാകുന്നു
- ജലമലിനീകരണം മൂലം ശുദ്ധജലം ലഭിക്കാതെ വരുമ്പോൾ ഇത് ഭക്ഷ്യോത്പാദനത്തെയും ബാധിക്കുന്നു

<u>**ശബ്ദ മലിനീകരണം**</u>

- നഗര പ്രദേശങ്ങളിൽ കൂടുതലായി കാണുന്നതാണ് ശബ്ദ മലിനീകരണം
- മതപരവും സാംസ്കാരികവുമായ ചടങ്ങുകളിലും രാഷ്ട്രീയ പ്രചാരണങ്ങളിലും ഉപയോഗിക്കുന്ന ഉച്ചഭാഷിണികൾ, വാഹനങ്ങളുടെ ശബ്ദം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയാണ് ശബ്ദ മലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ
- ഇത് പല തരത്തിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു

<u>**ആഗോള താപനം**</u>

- ഹരിത ഗൃഹ വാതകങ്ങൾ ആണ് ആഗോള താപനത്തിനു കാരണം
- അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന ഹരിത ഗൃഹ വാതകങ്ങൾ (കാർബൺഡൈ ഓക്സൈഡ്, മീതൈൻ)
- സൂര്യതാപത്തെ ആഗിരണം ചെയ്യുകയും ഇത് ആഗോള താപനിലയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു
- ഇതുമൂലം കാലാവസ്ഥ മാറ്റം ഉണ്ടാവുകയും ധ്രുവ പ്രദേശങ്ങളിലെ മഞ്ഞുരുകി ജലനിരപ്പ് ഉയരുന്നതിനും തീര പ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയും ചെയ്യുന്നു
- ആഗോള താപനം പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ ബാധിക്കുന്നു

<u>**ജനിതകമായി മാറ്റം വരുത്തിയ ജീവജാലങ്ങൾ**</u>

- ഒരു ജീവജാലത്തിന്റെ ജീനുകളെ മറ്റൊരു ജീവജാലത്തിന്റെ ജീനുകളിലേക്കു പ്രവേശിപ്പിച്ചു പുതിയ സവിശേഷതകളുള്ള സ്പീഷിസിനെ ഉല്പാദിപ്പിക്കുന്ന പ്രക്രിയയാണ് ജനിതകമാറ്റം എന്ന് പറയുന്നത്
- ജനിതക മാറ്റത്തിലൂടെ വിളകളുടെ വളർച്ചാക്കാലം കുറയ്ക്കുന്നതിനും, വലുപ്പം കൂട്ടുന്നതിനും, ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും സാധിക്കും
- എന്നാൽ ഇവയുടെ പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രത്യാഘാതം എന്താകുമെന്ന് തെളിയിക്കപ്പെട്ടിട്ടില്ല

**പ്രകൃതി ദത്തവും മനുഷ്യ നിർമ്മിതവുമായ ദുരന്തങ്ങൾ**

- പാരിസ്ഥിതിക ദുരന്തങ്ങൾ പ്രകൃതി ദത്തവും മനുഷ്യ നിർമ്മിതവും ആകാം
- പ്രകൃതിദത്തം: 2004 -ലെ സുനാമി പോലെയുള്ളവ പ്രകൃതിദത്ത ദുരന്തങ്ങൾ ആണ്. ഇത് വളരെ തീവ്രവും, ധാരാളം പേരുടെ മരണത്തിന് ഇടയാക്കുകയും ചെയ്യുന്നു
- മനുഷ്യനിർമ്മിതം: 1984 -ലെ ഭോപ്പാൽ ദുരന്തം മനുഷ്യനിർമ്മിതമാണ്
- ഇത്തരം ദുരന്തങ്ങളുടെ മേൽ മനുഷ്യന് നിയന്ത്രണങ്ങൾ ഉണ്ടായിരിക്കില്ല

**പരിസ്ഥിതി പ്രശ്നങ്ങൾ സാമൂഹ്യ പ്രശ്നങ്ങൾ കൂടിയാണ്: സാമൂഹ്യ അസമത്വം**

- പരിസ്ഥിതി പ്രശ്നങ്ങൾ സാമൂഹ്യ പ്രശ്നങ്ങൾ ആയി മാറാറുണ്ട്
- സാമൂഹ്യ അസമത്വവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ വ്യത്യസ്ത സാമൂഹ്യ ഗ്രൂപ്പുകളെ വ്യത്യസ്തമായാണ് ബാധിക്കുന്നത്

പരിസ്ഥിതി പ്രശ്നങ്ങളിൽ നിന്ന് രക്ഷപെടാൻ ജനങ്ങളെ സഹായിക്കുന്നത് സാമൂഹ്യ പദവിയും അധികാരവുമാണ്

എന്നാൽ അവർ കണ്ടെത്തുന്ന പരിഹാരങ്ങൾ സാമൂഹ്യ അസമത്വം കൂട്ടാൻ കാരണമാകുന്നു

ചില പാരിസ്ഥിതിക പ്രശ്നങ്ങൾ സാർവ്വത്രികമാണ്. അവ എല്ലാവരെയും ബാധിക്കുന്നു

- ഇത്തരം പ്രശ്നങ്ങളിൽ പൊതു താല്പര്യം ഉണ്ടായിരിക്കും
- ഈ പൊതു താല്പര്യങ്ങൾ രാഷ്ട്രീയ, സാമ്പത്തിക ശക്തികളെ സംരക്ഷിക്കുകയും പാവപ്പെട്ടവരെയും രാഷ്ട്രീയ ശക്തി ഇല്ലാത്തവരെയും അടിച്ചമർത്തുകയും ചെയ്യുന്നു
- സാമ്പത്തികവും രാഷ്ട്രീയവുമായി സ്വാധീനമുള്ള സംഘങ്ങളുടെ താല്പര്യങ്ങൾ സ്വാധീനമില്ലാത്തവരുടെ താല്പര്യങ്ങളെ വേദനിപ്പിക്കുന്നു

**സാമൂഹ്യ പരിസ്ഥിതി വിജ്ഞാനം -മുറെബുക് ചിൻ**

- മുറെബുക് ചിൻ ആണ് **ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ഇക്കോളജിയുടെ** സ്ഥാപകൻ
- നിലവിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ കാരണം ആഴത്തിലുള്ള സാമൂഹ്യ പ്രശ്നങ്ങൾ ആണെന്ന് സാമൂഹിക പരിസ്ഥിതി ശാസ്ത്രം (സോഷ്യൽ ഇക്കോളജി) അഭിപ്രായപ്പെടുന്നു

- സമൂഹത്തിനകത്തു ഉള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ മനസ്സിലാക്കാനോ പരിഹരിക്കാനോ കഴിയില്ല
- ഇന്ന് സമൂഹം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ മൂല കാരണം സാമ്പത്തികവും വംശീയവും സാംസ്കാരികവും ലിംഗപരവുമായ സംഘർഷങ്ങളാണ്
- സാമൂഹ്യ ബന്ധങ്ങൾ പാരിസ്ഥിതിക വീക്ഷണത്തെ രൂപപ്പെടുത്തുമെന്നു സാമൂഹിക പരിസ്ഥിതി ശാസ്ത്രം പറയുന്നു
- വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങൾക്ക് പരിസ്ഥിതിയോട് വ്യത്യസ്ത ബന്ധങ്ങളും സമീപനങ്ങളുമാണുള്ളത്
- ഈ സാമൂഹ്യ അസമത്വം പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു

# അധ്യായം 9

# പാശ്ചാത്യ സമൂഹ ശാസ്ത്രജ്ഞന്മാർ

## സമൂഹ ശാസ്ത്ര ഉത്ഭവം-സന്ദർഭം

- സമൂഹ ശാസ്ത്രത്തെ വിപ്ലവ യുഗത്തിന്റെ ശിശു എന്ന് വിളിക്കുന്നു
- 19 -)o നൂറ്റാണ്ടിൽ പശ്ചിമ യൂറോപ്പിലാണ് സമൂഹ ശാസ്ത്രം ഉത്ഭവിച്ചത്
- സമൂഹ ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കിയത് 3 വിപ്ലവങ്ങളാണ്
  - a) ജ്ഞാനോദയം
  - b) ഫ്രഞ്ച് വിപ്ലവം
  - c) വ്യാവസായിക വിപ്ലവം
- ജ്ഞാനോദയത്തിലെ യുക്തിചിന്ത, ഫ്രഞ്ച് വിപ്ലവത്തിലെ രാഷ്ട്രീയ പരമാധികാരം, വ്യാവസായിക വിപ്ലവത്തിലെ ഉല്പാദന സമ്പ്രദായം എന്നിവയാണ് സമൂഹ ശാസ്ത്രത്തിന്റെ ആവിർഭാവത്തിനു കാരണമായത്

## a).ജ്ഞാനോദയം

- 17 -ഉം 18 -ഉം നൂറ്റാണ്ടിൽ പശ്ചിമ യൂറോപ്പിലുണ്ടായ ഒരു ധൈഷണിക-സാംസ്കാരിക വിപ്ലവത്തെയാണ് ജ്ഞാനോദയം എന്ന് പറയുന്നത്
- മാനവികത, യുക്തി ചിന്ത, മതേതരത്വം, ശാസ്ത്രീയത എന്നിവയാണ് ഇതിന്റെ മുഖ്യ സവിശേഷതകൾ
- ജ്ഞാനോദയം മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്തു നിർത്തുകയും മനുഷ്യന്റെ യുക്തി ചിന്തയ്ക്കു പ്രാധാന്യം നൽകുകയും ചെയ്തു
- യുക്തിപരമായും വിമര്ശനാത്മകമായും ചിന്തിക്കാനുള്ള കഴിവാണ് മനുഷ്യനെ അറിവിന്റെ ഉല്പാദകനും ഉപഭോക്താവുമാക്കി മാറ്റുന്നത്.
- യുക്തി ചിന്ത ഉള്ളവരെ മാത്രമേ സമ്പൂർണ്ണ മനുഷ്യരായി കണ്ടിരുന്നുള്ളൂ
- ജ്ഞാനോദയം സമൂഹത്തെക്കുറിച്ചു പുതിയ കാഴ്ചപ്പാട് നൽകുകയും സമൂഹത്തെ കുറിച്ച് യുക്തിപരമായി മനസിലാക്കാൻ സാധിക്കുകയും ചെയ്തു
- മുൻപ് ലോകത്തെ മനസിലാക്കാൻ ഉപയോഗിച്ച പ്രകൃതി, മതം, ദൈവം എന്നിവയിൽ നിന്നും മതേതരവും ശാസ്ത്രീയവും മാനവികവുമായ മനോഭാവങ്ങൾ വളർത്തിയെടുത്തു
- ജ്ഞാനോദയം ഉയർത്തി പിടിച്ച യുക്തിചിന്തയാണ് സമൂഹ ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് കാരണമായത്

**b).ഫ്രഞ്ച് വിപ്ലവം**

- 1789-ലെ ഫ്രഞ്ച് വിപ്ലവം 'രാഷ്ട്രീയ പരമാധികാരം' (Political Sovereignty) എന്ന സിദ്ധാന്തം ഉയർത്തിപ്പിടിക്കുകയും ഇത് വ്യക്തി ജീവിതത്തിലും ദേശരാഷ്ട്രങ്ങളിലും വലിയ മാറ്റങ്ങൾ കൊണ്ട് വരികയും ചെയ്തു
- ഫ്രഞ്ച് വിപ്ലവം കൊണ്ട് വന്ന 'മനുഷ്യാവകാശ പ്രഖ്യാപനം' (Declaration of Human Rights) എല്ലാ പൗരന്മാരുടെയും സമത്വത്തിനു പ്രാധാന്യം നൽകി
- അടിയാളന്മാരായിരുന്ന കർഷകരുടെ മോചനത്തിനും അവർ പള്ളിയ്ക്കും ഭൂപ്രഭുക്കൾക്കും നൽകിയിരുന്ന അന്യായ നികുതി ഒഴിവാക്കുന്നതിനും വിപ്ലവം കാരണമായി
- വ്യക്തി സ്വാതന്ത്ര്യം, സ്വകാര്യത എന്നിവയ്ക്ക് പ്രാധാന്യം നൽകി
- ദേശരാഷ്ട്രത്തിനു പുതിയ നിർവ്വചനം നൽകി
- ഫ്രഞ്ച് വിപ്ലവം മുന്നോട്ട് വച്ച സ്വാതന്ത്രം, സമത്വം, സാഹോദര്യം എന്നിവ ആധുനിക രാഷ്ട്രത്തിന്റെ ആശയങ്ങളായി മാറി

**c).വ്യാവസായിക വിപ്ലവം**

- 18 -)o നൂറ്റാണ്ടിന്റെ അവസാനത്തിൽ ബ്രിട്ടനിൽ ആണ് വ്യാവസായിക വിപ്ലവം ആരംഭിച്ചത്

അതിനു പ്രധാനപ്പെട്ട 2 തലങ്ങൾ ഉണ്ട്:

a) വ്യവസായിക ഉല്പാദനത്തിൽ ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും പുതിയ യന്ത്രങ്ങളും ഊർജ്ജ സ്രോതസ്സുകളും വികസിപ്പിക്കുകയും ചെയ്തു

b) അധ്വാനത്തെ സംഘടിപ്പിക്കാനും വിപണികൾ വികസിപ്പിക്കുന്നതിനും പുതിയ രീതികൾ കണ്ടെത്തി

- സ്പിന്നിങ് ജെന്നി, ആവി യന്ത്രം എന്നിവയുടെ കണ്ടുപിടിത്തം വൻതോതിലുള്ള ഉല്പാദന പ്രക്രിയയ്ക്ക് കാരണമാകുകയും ലോകത്തുള്ള എല്ലാ വിപണികളിലും സാധനങ്ങൾ കൈമാറുകയും ചെയ്യാൻ തുടങ്ങി
- ഉല്പാദന പ്രക്രിയയിലെ ഈ മാറ്റങ്ങൾ സാമൂഹ്യ ജീവിതത്തിലും മാറ്റങ്ങൾ കൊണ്ട് വന്നു
- ഗ്രാമങ്ങളിൽ നിന്ന് തൊഴിൽ തേടി ആളുകൾ നഗരങ്ങളിലേക്ക് പോകുകയും നഗര പ്രദേശങ്ങൾ വൻ വ്യവസായ നഗരമായി മാറുകയും ചെയ്തു
- നഗരങ്ങളും പട്ടണങ്ങളും മനുഷ്യ വാസത്തിന്റെ പ്രധാന കേന്ദ്രങ്ങളായി മാറി
- ആധുനിക ഭരണ രൂപങ്ങൾ നിലവിൽ വന്നു

- ആരോഗ്യം, ശുചിത്വം, കുറ്റകൃത്യങ്ങളുടെ നിയന്ത്രണം, പൊതു വികസനം എന്നിവ രാഷ്ട്രത്തിന്റെ കീഴിൽ ആയി
- ഇത് പുതിയ അറിവുകളുടെ ആവശ്യകത വർധിപ്പിച്ചു
- ഈ ആവശ്യത്തോടുള്ള പ്രതികണമായാണ് സമൂഹ ശാസ്ത്രം ഉത്ഭവിച്ചത്
- സമൂഹശാസ്ത്രത്തെ **'പുതിയ വ്യവസായ സമൂഹത്തിന്റെ ശാസ്ത്രം'** എന്നാണ് വിശേഷിപ്പിക്കുന്നത്

**<u>കാൾ മാർക്സ് (1818-1883): ജനനം: ജർമ്മനി</u>**

**പ്രധാന കൃതികൾ**

- ❖ ദി കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ -1948
- ❖ എ കോൺട്രിബ്യൂഷൻ ടു ദി ക്രിട്ടിക് ഓഫ് പൊളിറ്റിക്കൽ ഇക്കോണമി - 1859
- ❖ ദാസ് ക്യാപിറ്റൽ - 1867

- മുതലാളിത്ത സമൂഹത്തെ വിമർശിച്ചു കൊണ്ട് ശാസ്ത്രീയ സോഷ്യലിസ സിദ്ധാന്തങ്ങൾ കൊണ്ട് വന്നു
- മനുഷ്യ സമൂഹം ജീവിച്ചത് 4 ഘട്ടങ്ങളിലൂടെയാണ് എന്ന് മാർക്സ് വാദിച്ചു: **പ്രാകൃത കമ്മൂണിസം, അടിമത്തം, നാടുവാഴിത്തം, മുതലാളിത്തം**
- മുതലാളിത്തം സോഷ്യലിസത്തിന് വഴി മാറുമെന്ന് മാർക്സ് വിശ്വസിച്ചു

**<u>അന്യവൽക്കരണം (Alienation)</u>**

- മുതലാളിത്ത സമൂഹത്തിന്റെ ഒരു പ്രധാന സവി ശേഷതയാണ് അന്യവൽക്കരണമെന്ന് മാർക്സ് വിശ്വസിച്ചു. അന്യവൽക്കരണമെന്നാൽ "വേറിടൽ (Separation) എന്നാണർത്ഥം. അന്യവൽക്കരണ പ്രക്രിയ നിരവധി തലങ്ങളിൽ പ്രവർത്തിക്കുന്നു
- പ്രകൃതിയിൽ നിന്നുള്ള അന്യവൽക്കരണം, മനുഷ്യർ പരസ്പരമുള്ള അന്യവൽക്ക രണം, അദ്ധ്വാനഫലത്തിൽ നിന്നുള്ള അന്യവൽക്കരണം, മനുഷ്യർക്ക് അവരവരിൽ നിന്നുള്ള അന്യ വൽക്കരണം എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു.

1. മനുഷ്യർ അവർ ജീവിക്കുന്ന പ്രകൃതിയിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നു.
2. മനുഷ്യർ പരസ്പരം അന്യവൽക്കരിക്കപ്പെടുന്നു. മുതലാളിത്തം പണ്ടത്തെ സാമൂഹ്യകൂട്ടായ്മയെ ഇല്ലാതാക്കുകയും മനുഷ്യരെ വ്യക്തിവൽക്കരിക്കുകയും ചെയ്യുന്നു. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ നിർണ്ണയിക്കുന്നത്. കമ്പോളത്തിന്റെ ഇടപെടലാണ്. ഇതെല്ലാം മനുഷ്യരെ പരസ്പരം വേർപ്പെടുത്തുന്നു.

3. തൊഴിലാളിവർഗ്ഗം അവരുടെ അദ്ധ്വാനഫലത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നു. കാരണം തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ അവരുടെ സ്വന്തമല്ല. മാത്രമല്ല, സ്വന്തം അദ്ധ്വാനത്തിന്റെ മേലും അവർക്ക് യാതൊരു നിയന്ത്രണവുമില്ല. അവരുടെ പ്രവൃത്തിദിവസങ്ങൾ നിർണ്ണയിക്കുന്നത് മുതലാളിയോ, മാനേജുമെന്റോ ആണ്.
4. ഈ അന്യവൽക്കരണങ്ങളുടെയെല്ലാം സംയുക്ത ഫലമായി മനുഷ്യർ അവരവരിൽ നിന്നു തന്നെ അന്യവൽക്കരിക്കപ്പെടുന്നു.

**<u>ഉല്പാദനരീതി (Mode of production)</u>**

- സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള മാർക്സിന്റെ സങ്കൽപത്തിന്റെ അടിസ്ഥാനം "ഉല്പാദനരീതി' എന്ന ആശയമാണ്.
- "ഉല്പാദന സമ്പ്രദായത്തെയാണ് പൊതുവെ ഉല്പാദനരീതി എന്നു പറയുന്നത്.
- ചരിത്രത്തിലെ ഓരോ ഘട്ടത്തിലും വ്യത്യസ്തമായ ഉല്പാദനരീതിയാണ് നിലനിന്നിരുന്നത്.
- പ്രാകൃത കമ്മ്യൂണിസം, അടിമത്തം, നാടുവാഴിത്തം, മുതലാളിത്തം എന്നിവയെല്ലാം ഉല്പാദനരീതികളാണ്.
- ഓരോ ഉല്പാദന രീതിയും അടിത്തറയും മേൽപ്പുരയു മുണ്ട് (ഉപരിഘടന)
- അടിത്തറ മുഖ്യമായും സാമ്പത്തികമാണ്. അതിനാൽ അടിത്തറയെ സാമ്പത്തികാടിത്തറ'-(Economic base) എന്നാണ് പറയുന്നത്. അതിൽ ഉല്പാദനശക്തികളും ഉല്പാദന ബന്ധങ്ങളും ഉൾപ്പെടുന്നു.

**<u>അടിത്തറ (Base or structure):</u>** ഉല്പാദനശക്തികൾ (Productive forces)
ഉല്പാദന ബന്ധങ്ങൾ (Production relations)

**ഉല്പാദനശക്തികൾ:** ഭൂമി, അദ്ധ്വാനം, സാങ്കേതികവിദ്യ, ഊർജ്ജസ്രോതസ്സുകൾ (വൈദ്യുതി, കൽക്കരി, പെട്രോളിയം തുടങ്ങിയവ) തുടങ്ങിയ ഉല്പാദന മാർഗ്ഗങ്ങളെയാണ് അല്ലെങ്കിൽ ഉല്പാദന ഘടകങ്ങളെയാണ് ഉല്പാദന ശക്തികൾ എന്നു പറയുന്നത്.

**<u>ഉല്പാദന ബന്ധങ്ങൾ:</u>** ഉല്പാദനത്തിലെ സാമ്പത്തിക ബന്ധങ്ങൾ, തൊഴിൽ സംഘാടന രീതികൾ എന്നിവയാണ് ഉല്പാദന ബന്ധങ്ങൾ. ഉല്പാദന മാർഗ്ഗങ്ങളുടെ മേലുള്ള നിയന്ത്രണവും ഉടമസ്ഥാവകാശങ്ങളുമാണ് ഈ ബന്ധങ്ങളുടെ അടിസ്ഥാനം.

- സാമ്പത്തികാടിത്തറയിൽ പടുത്തുയർത്തപ്പെടുന്ന മേൽപ്പുരയിൽ സമൂഹത്തിലെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു.
- അതിനാൽ മതം, കല, നിയമം, സാഹിത്യം, വിവിധ തരത്തിലുള്ള വിശ്വാസങ്ങൾ, ആശയങ്ങൾ എന്നിവ അടിത്തറയുടെ മേൽ കെട്ടിപ്പൊക്കിയ മേല്പുരയുടെ ഭാഗമാണ്.

**വർഗ്ഗ സമരം (Class Struggle)**

- ജനങ്ങളെ സാമൂഹ്യ വിഭാഗങ്ങളായി തിരിക്കുന്നത് ഉല്പാദന പ്രക്രിയയുടെ അടിസ്ഥാനത്തിലാകണം എന്ന് മാർക്സ് അഭിപ്രായപ്പെട്ടു
- ഉല്പാദന പ്രക്രിയയിൽ ഒരേ പദവിയിലുള്ളവർ പിന്നീട് ഒരു വർഗ്ഗമായി തീരുമെന്നും ഓരോ വർഗ്ഗത്തിനും അവരുടേതായ താല്പര്യങ്ങളും ലക്ഷ്യങ്ങളും ഉണ്ടായിരിക്കും എന്നും അദ്ദേഹം വാദിച്ചു
- ഉല്പാദന പ്രക്രിയയുമായി ബന്ധപ്പെട്ടവയാണ് ഈ വർഗ്ഗങ്ങൾ
- ഉല്പാദന രീതിയിൽ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ വ്യത്യസ്തത വർഗ്ഗങ്ങൾ തമ്മിൽ സംഘർഷം ആരംഭിക്കുകയും അത് സമരത്തിന് കാരണമാകുകയും ചെയുന്നു
- ഉദാ: മുതലാളിത്ത വ്യവസ്ഥയിലെ തൊഴിലാളി വർഗ്ഗം
- ഈ ഉല്പാദന രീതിയിൽ മുതാളിമാരുടെ ചൂഷണത്തിന് വിധേയരായ തൊഴിലാളികൾ ഒരു വർഗ്ഗമായി മാറി
- മാർക്സ് വർഗ്ഗ സമരത്തിന്റെ വക്താവായിരുന്നു
- സാമൂഹ്യ മാറ്റത്തിന്റെ മുഖ്യ കാരണം വർഗ്ഗ സമരമാണെന്നു അദ്ദേഹം വിശ്വസിച്ചു
- കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മാർക്സും എംഗൽസും വർഗ്ഗസമരത്തെക്കുറിച്ചു പറയുന്നത് - **"നാളിതു വരെയുള്ള സമൂഹങ്ങളുടെ ചരിത്രം വർഗ്ഗ സമരത്തിന്റെ ചരിത്രമാണ്"** എന്നാണ്
- ആധുനിക മുതലാളിത്ത സമൂഹത്തിൽ **2 വർഗ്ഗങ്ങൾ** ഉണ്ട്: ഉല്പാദന ഉടമസ്ഥതയുള്ള **ബൂർഷ്വാ** അഥവാ മുതലാളി, ഉല്പാദന മാർഗ്ഗങ്ങളുടെ ഉടമസ്ഥത നഷ്ടപ്പെട്ട **പ്രോലെറ്റേറിയറ്റ്** അഥവാ തൊഴിലാളി
- വർഗ്ഗങ്ങൾ അവരുടെ വർഗ്ഗതാല്പര്യങ്ങളെക്കുറിച്ചും സ്വത്വങ്ങളെക്കുറിച്ചും ബോധവാന്മാരായി തീരുകയും അവരുടെ ഇടയിൽ ഒരു **'വർഗ്ഗ ബോധം'** (class consciousness) വളരുകയും ചെയ്യുമ്പോഴാണ് വർഗ്ഗ സമരം ഉണ്ടാകുന്നത് എന്നാണ് മാർക്സ് അഭിപ്രായപ്പെട്ടത്

- വർഗ്ഗ സമരത്തിലൂടെ കീഴാള വർഗ്ഗങ്ങൾ ഭരണ വർഗ്ഗത്തെ മറിച്ചിടുകയും ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു. ഇതിനെയാണ് **വിപ്ലവം** എന്ന് പറയുന്നത്

**<u>എമിൽ ദുർഖൈം (1858-1917): ജനനം: ഫ്രാൻസ്</u>**

**പ്രധാന കൃതികൾ**

- ❖ ഡിവിഷൻ ഓഫ് ലേബർ ഇൻ സൊസൈറ്റി -1893
- ❖ റൂൾസ് ഓഫ് സോഷിയോളോജിക്കൽ മെത്തേഡ് -1895
- ❖ സൂയിസൈഡ് - 1897
- ❖ ദി എലിമെന്ററി ഫോംസ് ഓഫ് റിലീജിയസ് ലൈഫ് - 1912
- ❖ ഫ്രാൻസിലെ ആദ്യത്തെ സമൂഹ ശാസ്ത്ര ജേർണൽ 'ആൻ സോഷിയളജിക്ക്' സ്ഥാപിച്ചു - 1897

- സമൂഹ ശാസ്ത്ര വിജ്ഞാന ശാഖയുടെ സ്ഥാപകനായി അദ്ദേഹത്തെ കണക്കാക്കുന്നു

**<u>സാമൂഹ്യ വസ്തുത (Social Fact)</u>**

- സമൂഹത്തെ ഒരു സാമൂഹ്യ വസ്തുതയായാണ് ദുർഖൈം കണ്ടത്
- ഈ സാമൂഹ്യ വസ്തുത വ്യക്തിക്ക് വെളിയിൽ ഒരു ധാർമ്മിക സമുദായമായി നിലനിൽക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു
- സമൂഹ ശാസ്ത്രത്തിന്റെ പ്രധാന പ്രതിപാദ്യ വിഷയം സാമൂഹ്യ വസ്തുതകൾ ആണെന്നും അതുവഴി സമൂഹശാസ്ത്രത്തെ അനുഭവമാത്ര പരമായി പഠിക്കാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു

**<u>തൊഴിൽ വിഭജനം (Division of Labor)</u>**

- **'സമൂഹത്തിലെ തൊഴിൽ വിഭജനം'** അദ്ദേഹത്തിന്റെ ആദ്യ ബുക്കിൽ പ്രാകൃത കാലം മുതൽ ആധുനിക കാലഘട്ടം വരെയുള്ള സമൂഹത്തിന്റെ പരിണാമം വിശദീകരിക്കുന്നു
- സമൂഹത്തെ തരം തിരിച്ചത് ആ സമൂഹത്തിൽ നില നിന്നിരുന്ന സാമൂഹ്യ ഐക്യത്തിന്റെ സ്വഭാവമനുസരിച്ചാണ്
- പ്രാകൃത സമൂഹത്തിൽ യാന്ത്രിക ഐക്യദാർഢ്യവുമാണ് ആധുനിക സമൂഹത്തിൽ ജൈവിക ഐക്യ ദാർഢ്യവുമാണ് നിലന്നിരുന്നത്
- സാമൂഹ്യ ഐക്യത്തെ അദ്ദേഹം രണ്ടായി തിരിച്ചു: യാന്ത്രിക ഐക്യ ദാർഢ്യം ജൈവിക ഐക്യ ദാർഢ്യം

| യാന്ത്രിക ഐക്യ ദാർഢ്യം | ജൈവിക ഐക്യ ദാർഢ്യം |
|---|---|
| • പ്രാകൃത സമൂഹത്തിൽ നിലനിൽക്കുന്നു<br>• സാദൃശ്യത്തിന്റെ ഐഖ്യ രൂപമാണ്<br>• ചെറിയ ജനസംഖ്യയുള്ള സമൂഹത്തിൽ നിലനിൽക്കുന്നു<br>• സ്വയം പര്യാപ്തമായിരിക്കും<br>• അംഗങ്ങൾ ഒരേ പ്രവർത്തനങ്ങൾ ചെയ്യുന്നവരായിരിക്കും<br>• വ്യക്തിബന്ധങ്ങൾ ഉണ്ടായിരിക്കും<br>• സമുദായത്തിനു പ്രാധാന്യം നൽകുന്നു<br>• അടിച്ചമർത്തൽ നിയമങ്ങൾ നിലനിൽക്കുന്നു | • ആധുനിക സമൂഹത്തിൽ നിലനിൽക്കുന്നു<br>• വ്യത്യസ്തതകളുടെ ഐഖ്യ രൂപമാണ്<br>• വലിയ ജനസംഖ്യയുള്ള സമൂഹത്തിൽ കാണപ്പെടുന്നു<br>• സ്വയംപര്യാപ്തത ഉണ്ടായിരിക്കില്ല<br>• തൊഴിൽ വിഭജനം നിലനിൽക്കുന്നു<br>• വ്യക്തി ബന്ധങ്ങൾക്ക് പ്രാധാന്യമില്ല<br>• പരസ്പരാശ്രയത്വമാണ് ഇതിന്റെ സത്ത<br>• വ്യക്തികൾക്കു പ്രാധാന്യം നൽകുന്നു<br>• നിയമങ്ങൾ തിരുത്തൽ സ്വഭാവം ഉള്ളവയാണ് |

**4.മാക്സ് വെബർ (1864-1920): ജനനം: ജർമ്മനി**

**പ്രധാന കൃതികൾ**

- ദി പ്രൊട്ടസ്റ്റന്റ് എത്തിക് ആൻഡ് ദി സ്പിരിറ്റ് ഓഫ് ക്യാപിറ്റലിസം -1904
- സോഷ്യൽ ആക്ഷൻ ഇക്കോണമി ആൻഡ് സൊസൈറ്റി - 1968
- ദി സിറ്റി
- ദി റിലീജിയൻ ഓഫ് ഇന്ത്യ - 1958

**പ്രധാനമായും രണ്ടു വിഷയങ്ങൾക്ക് ഊന്നൽ നൽകി**

1. സാമൂഹ്യ പ്രവർത്തനം, അധികാരം, ആധിപത്യം എന്നിവയുടെ വ്യാഖ്യാനപരമായ സമൂഹ ശാസ്ത്രം വികസിപ്പിച്ചെടുക്കുക
2. ആധുനിക സമൂഹത്തിലെ യുക്തിവൽക്കരണ പ്രക്രിയയെയും ലോകത്തിലെ വിവിധ മതങ്ങൾക്ക് ഇതുമായുള്ള ബന്ധവും

**ആദർശ മാതൃക**

- സാമൂഹ്യ പ്രവർത്തനത്തെ മനസിലാക്കുന്നതിനും അതിന്റെ അർഥം കണ്ടെത്തുന്നതിനുമായി വികസിപ്പിച്ചെടുത്ത അന്വേഷണ രീതി

- ഒരു സാമൂഹ്യ പ്രതിഭാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകൾ എടുത്തു കാണിക്കുന്ന ഒരു മാതൃകയെയാണ് ആദർശ മാതൃക എന്ന് പറയുന്നത്

**അധികാരം**

- അധികാരത്തെ വിശകലനം ചെയ്യാൻ വെബർ ആദർശ മാതൃക ഉപയോഗിച്ചു.
- ഇത് അനുസരിച്ചു അധികാരത്തെ മൂന്നായി തിരിച്ചു - **പരമ്പരാഗത അധികാരം, വ്യക്തി പ്രഭാവ അധികാരം, യുക്തിപരവും നീതിപരവുമായ അധികാരം**

**പരമ്പരാഗത അധികാരം:** പരമ്പരാഗത അധികാരത്തിന്റെ ഉറവിടം ആചാരങ്ങളും കീഴ്വഴക്കങ്ങളുമാണ്. ഈ അധികാരം തലമുറകളിൽ നിന്ന് തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നു.

**വ്യക്തിപ്രഭാവ അധികാരം:** ദിവ്യ സ്രോതസ്സുകളിൽ നിന്നോ അല്ലെങ്കിൽ ദൈവകൃപയിൽ നിന്നോ ലഭിക്കുന്ന അധികാരത്തെയാണ് വ്യക്തിപ്രഭാവ അധികാരം എന്നു പറയുന്നത്. വിശുദ്ധന്മാരും, പ്രവാചകരും, ചില രാഷ്ട്രീയ നേതാക്കന്മാരും ഇതിന് ഉദാഹരണങ്ങളാണ്.

**യുക്തിപരവും നീതിപരവുമായ അധികാരം:** ആധുനിക സമൂഹത്തിൽ കാണുന്ന യുക്തിപരവും നീതിപരവുമായ അധികാരം നടപ്പാക്കുന്ന സംവിധാനമാണ് ഉദ്യോഗസ്ഥവൃന്ദം അഥവാ ബ്യൂറോക്രസി. ലിഖിതമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായാണ് ഈ അധികാരം നിലകൊള്ളുന്ന ത്. അവ നടപ്പിലാക്കുന്നതിനുള്ള ചുമതല ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

**ഉദ്യോഗസ്ഥ വൃന്ദം**

- പൊതുമേഖലയിൽ നിലനിൽക്കുന്ന ഔപചാരികമായ സ്ഥാപനമാണ്
- ഇത് ഉദ്യോഗസ്ഥരുടെ അധികാരത്തെ അവരുടെ ഉത്തരവാദിത്വങ്ങൾക്കു അനുസരിച്ചു പരിമിതപ്പെടുത്തുന്നു
- ഉദ്യോഗസ്ഥർക്ക് പരമാധികാരം ഇല്ല

**ഉദ്യോഗസ്ഥ വൃന്ദത്തിനു 5 സവിശേഷതകൾ ഉണ്ട്**

1. ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം
2. ഔദ്യോഗിക പദവിയുടെ ശ്രേണീകരണം
3. ലിഖിത പ്രമാണങ്ങളിലുള്ള വിശ്വാസം

4. ഓഫീസ് നടത്തിപ്പ്
5. ഓഫീസിലെ പെരുമാറ്റം

**ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം**

- ഉദ്യോഗസ്ഥർക്ക് നിശ്ചിത 'ഔദ്യോഗിക അധികാര മേഖല ഉണ്ട്
- അത് നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിലുള്ളതാണ്
- ഉന്നത അധികാരികളുടെ നിർദ്ദേശങ്ങൾ കീഴുദ്യോഗസ്ഥൻ നടപ്പിലാക്കുന്നു
- നിശ്ചിത യോഗ്യത ഉള്ളവരെ മാത്രമേ നിയമിക്കുകയുള്ളു

**ഔദ്യോഗിക പദവിയുടെ ശ്രേണീകരണം**

- ഉദ്യോഗസ്ഥരുടെ ഇടയിൽ ഔദ്യോഗികമായ ശ്രേണീകരണം ഉണ്ടായിരിക്കും
- അധികാരവും പദവികളും അനുസരിച്ചാണ് ഇത് നിർണ്ണയിക്കുന്നത്
- ഉയർന്ന ഉദ്യോഗസ്ഥർക്ക് താഴ്ന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടം കൊടുക്കുന്നു

**ലിഖിത പ്രമാണങ്ങളിലുള്ള വിശ്വാസം**

- ഉദ്യോഗസ്ഥവൃന്ദത്തിൽ ഭരണനിർവ്വഹണം നടത്തുന്നത് ലിഖിത പ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ്

**ഓഫീസ് നടത്തിപ്പ്**

- ഇത് സവിശേഷവൽക്കരിക്കപ്പെട്ട ആധുനിക പ്രവർത്തനമാണ്
- പരിശീലനം ലഭിച്ച വിദഗ്ധരായ വ്യക്തികളുടെ സേവനം ഇതിനു ആവശ്യമാണ്

**ഓഫീസിലെ പെരുമാറ്റം**

- ഒരു ഉദ്യോഗസ്ഥന്റെ ഓഫീസിലെ പെരുമാറ്റം നിയന്ത്രിക്കുന്ന നിയമങ്ങൾ ഉണ്ട്
- ഈ നിയമങ്ങൾ നിയമാനുസൃതം ആയതിനാൽ ഉദ്യോഗസ്ഥർ അത് ലംഘിച്ചാൽ ഉത്തരം പറയേണ്ടി വരും

## അധ്യായം 10
## ഇന്ത്യൻ സമൂഹ ശാസ്ത്രജ്ഞർ

### എൽ.കെ. അനന്തകൃഷ്ണ അയ്യർ (1861-1937)

- എൽ.കെ. അനന്തകൃഷ്ണ അയ്യർ അദ്ദേഹത്തിന്റെ തൊഴിൽ ജീവിതമാരംഭിച്ചത് ഒരു ഗുമസ്തനായാണ്
- കൊച്ചിരാജ്യത്ത് ഒരു കോളേജ് അദ്ധ്യാപകനായി ജോലി ചെയ്യുന്നതിനിടയിൽ 1902-ൽ കൊച്ചിരാജ്യത്തെ ദിവാൻ രാജ്യത്ത് വംശീയ ശാസ്ത്രപരമായ ഒരു സർവ്വേ നടത്താൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പ്രവൃത്തി ദിവസങ്ങളിൽ എറണാകുളം മഹാരാജാസ് കോളേജിലെ അദ്ധ്യാപകനായും വാരാന്ത്യങ്ങളിൽ വംശീയശാസ്ത്ര സർവ്വേയുടെ സുപ്രണ്ടായും അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞന്മാരും അക്കാലത്തെ ഭരണാധികാരികളും അംഗീകരിച്ചു. പിന്നീട് അത്തരത്തിലുള്ളാരു സർവ്വെയെ സഹായിക്കാൻ അദ്ദേഹത്തെ മൈസൂർ രാജ്യത്തിലേക്കു ക്ഷണിച്ചു
- നരവംശശാസ്ത്രം തന്നത്താൻ പഠിച്ച് ദേശീയവും അന്തർദ്ദേ ശീയവുമായ അംഗീകാരം നേടിയെടുത്ത ആദ്യത്തെ പണ്ഡിതനാണ് അനന്തകൃഷ്ണ അയ്യർ
- കൽക്കത്താ സർവ്വകലാശാലയിലെ റീഡറായി അദ്ദേഹം നിയമിക്കപ്പെട്ടു. അവിടെ ഇന്ത്യയിലെ ആദ്യത്തെ ബിരുദാനന്തരബിരുദ നരവംശശാസ്ത്ര വകുപ്പ് സ്ഥാപിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിക്കുകയും ചെയ്തു.
- 1917 മുതൽ 1932 വരെ അദ്ദേഹം കൽക്കത്താ സർവ്വകലാശാലയിൽ ജോലി നോക്കി.
- ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സിന്റെ നരവംശശാസ്ത്ര വിഭാഗത്തിന്റെ പ്രസിഡന്റായി അനന്തകൃഷ്ണ അയ്യർ തെരഞ്ഞെടുക്കപ്പെട്ടു. യൂറോപ്യൻ സർവ്വകലാശാലകളിൽ പ്രഭാഷണ പര്യ ടനം നടത്തുന്നതിനിടെ ജർമ്മൻ സർവ്വകലാശാല ഡോക്ടറേറ്റ് നൽകി അദ്ദേഹത്തെ ആദരിക്കുകയു ണ്ടായി. കൊച്ചി രാജ്യത്തിൽ നിന്ന് അദ്ദേഹത്തിന് റാവു ബഹദൂർ, ദിവാൻ ബഹദൂർ എന്നീ പട്ടങ്ങൾ ലഭിച്ചു.

### ശരത് ചന്ദ്ര റോയ് (1871–1942)

- യാദൃശ്ചികമായി നരവംശശാസ്ത്രജ്ഞനായിത്തീർന്ന മറ്റൊരു പണ്ഡിതനാണ് ശരത്ചന്ദ്ര റോയ് ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ മുൻഗാമികളിൽ ഒരാളായ അദ്ദേഹം ഒരു അഭിഭാഷകനായിരുന്നു.

- റാഞ്ചിയിലെ ഒരു ക്രൈസ്തവ മിഷനറി സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി ജോലി ആരംഭിച്ച അദ്ദേഹം അടുത്ത 44 വർഷം റാഞ്ചിയിൽ തന്നെ താമസിച്ചു. ഇതിനിടെ അദ്ദേഹം സ്കൂൾ അദ്ധ്യാപകന്റെ ജോലി ഉപേക്ഷിച്ച് റാഞ്ചിയിലെ കോടതിയിൽ നിയമപരിശീലനം തുടങ്ങിയിരുന്നു.
- റോയിക്ക് നരവംശശാസ്ത്രപരമായ വിഷയങ്ങളിൽ താല്പര്യം ജനിച്ചത് അക്കാലത്താണ്. നാഗ്പൂർ പ്രദേശത്തെ (ഇപ്പോഴത്തെ ജാർഖണ്ഡ്) ആദി വാസി ജനതകളുടെ സമൂഹത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും അദ്ദേഹം പഠനങ്ങൾ നടത്തുകയും അതിൽ ആധികാരികത നേടുകയും ചെയ്തു.
- താമസിയാതെ കോടതിയിലെ ഔദ്യോഗിക വ്യാഖ്യാത വായി (Official interpreter) അദ്ദേഹം നിയമിക്കപ്പെട്ടു.
- ഗോത്ര സമൂഹങ്ങളുടെ ആചാരങ്ങളും നിയമങ്ങളും അദ്ദേഹത്തിന് കോടതിയിൽ വ്യാഖ്യാനിക്കണമായിരുന്നു. ഗോത്ര സമുദായങ്ങൾക്കിടയിൽ വ്യാപകമായി സഞ്ചരിച്ച് അവർക്കിടയിൽ ഫീൽഡ് വർക്ക് നടത്തിയാണ് അദ്ദേഹം ഇതിനായുള്ള വിവരങ്ങൾ ശേഖരിച്ചത്.
- അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതകാലത്ത് നൂറിലധികം ലേഖനങ്ങൾ ഇന്ത്യയിലേയും ബ്രിട്ടനിലേയും അക്കാദമിക ജേർണലുകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.
- ഒറാവോൻ, മുണ്ടകൾ, ഖരിയകൾ എന്നീ ഗോത്ര സമൂഹങ്ങളെക്കുറിച്ചും അദ്ദേഹം വിഖ്യാതമായ പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. താമസിയാതെ ഇന്ത്യയിലേയും ബ്രിട്ടനിലേയും നരവംശശാസ്ത്രജ്ഞന്മാർക്കിടയിൽ റോയി പ്രസിദ്ധനായിത്തീർന്നു.
- 1922-ൽ "മേൻ ഇൻ ഇന്ത്യ' (Man in India) എന്ന ജേർണൽ അദ്ദേഹം ആരംഭി ച്ചു. ഇത് ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ ജേർണലായിരുന്നു. ഇതിന്റെ പ്രസിദ്ധീകരണം ഇപ്പോഴും തുടരുന്നുണ്ട്.

<u>ജി.എസ്. ഘുര്യേ (1893-1983)</u>

ഇന്ത്യയിലെ സ്ഥാപനവൽകൃത സമൂഹ ശാസ്ത്രത്തിന്റെ സ്ഥാപകനാണ് ജി.എസ്. ഘുര്യേ

**പ്രധാന കൃതികൾ**

- ❖ കാസ്റ്റ് ആൻഡ് റേസ് ഇൻ ഇന്ത്യ (ഇന്ത്യയിലെ ജാതിയും വംശവും)-1923
- ❖ 1951-ൽ ഇന്ത്യൻ സോഷിയോളജിക്കൽ സൊസൈറ്റി സ്ഥാപിച്ചു
- ❖ 1952 -ൽ സോഷിയോളജിക്കൽ ബുള്ളറ്റിൻ എന്ന ജേർണൽ ആരംഭിച്ചു
- അദ്ദേഹത്തിന്റെ പഠനങ്ങൾ പ്രധാനമായും ജാതി, വംശം, ഗോത്രങ്ങൾ, കുടുംബം, ബന്ധുത്വം, വിവാഹം, സംസ്കാരം, മതം, സംഘർഷത്തിന്റെയും സമന്വയത്തിന്റെയും സമൂഹശാസ്ത്രം എന്നിവയാണ്

**<u>ഇന്ത്യയിലെ ജാതിയും വംശവും: ഘുര്യേയുടെ കാഴ്ചപ്പാട്</u>**

- 'ഇന്ത്യയിലെ ജാതിയും വംശവും' എന്ന ബുക്കിലൂടെ ജാതിയും വംശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു നിലനിന്നിരുന്ന എല്ലാ സിദ്ധാന്തങ്ങളെയും അദ്ദേഹം വിമർശിച്ചു
- ഹെർബർട്ട് റിസ്‌ലിയുടെതായിരുന്നു നിലനിന്നിരുന്ന പ്രബലമായ കാഴ്ചപ്പാട്
- മനുഷ്യരെ അവരുടെ തലയോട്ടിയുടെ ചുറ്റളവ്, മൂക്കിന്റെ നീളം, തലയോടിന്റെ വലുപ്പം, തലച്ചോർ സ്ഥിതി ചെയ്യുന്ന തലയോട്ടിയുടെ ഭാഗം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത വർഗ്ഗങ്ങളായി തിരിക്കാമെന്നു അദ്ദേഹം വാദിച്ചു
- ജാതിയുടെ ഉത്ഭവം വംശത്തിൽ നിന്നാണെന്നു റിസ്‌ലി വാദിച്ചു
- ഉയർന്ന ജാതിക്കാർ ഇൻഡോ-ആര്യൻ വംശജരും, താഴ്ന്ന ജാതിക്കാർ അനാര്യന്മാരായ തദ്ദേശീയരോ, മംഗ ലോയിഡുകളോ ആയിരിക്കും
- ഇന്ത്യയിലെ യഥാർത്ഥ ആദിനിവാസികൾ താഴ്ന്ന ജാതിയിൽ പെട്ടവർ ആയിരുന്നു എന്ന് റിസ്‌ലി വാദിച്ചു
- റിസ്‌ലിയുടെ വാദത്തെ ഘുര്യേ ഭാഗികമായി മാത്രം വിശ്വസിക്കുകയും റിസ് ലിയുടെ വാദം വടക്കേ ഇന്ത്യയിൽ മാത്രമേ സത്യമാകു എന്നും ഘുര്യേ വാദിച്ചു
- സിന്ധു-ഗംഗ സമതലമൊഴികെ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ വംശീയ വ്യത്യാസങ്ങൾ ഇടകലർന്നാണ് ജീവിച്ചു പോകുന്നത്
- അതിനാൽ അവർക്കിടയിൽ വംശീയ വിശുദ്ധി നിലനിന്നിരുന്നില്ല എന്ന് ഘുര്യേ വാദിച്ചു

**<u>ജാതിയുടെ നിർവ്വചനം: ജാതിയുടെ ആറു സവിശേഷതകൾ</u>**

ഘുര്യേ ജാതിക്കു സമഗ്രമായ ഒരു നിർവ്വചനം നൽകി. ഇതിനു പ്രധാനമായും 6 സവിശേഷതകൾ ഉണ്ട്

**<u>1.ഖണ്ഡ വിഭജനം</u>**

- പരസ്പരം ഒഴിച്ചു നിർത്തിയതും അടഞ്ഞതുമായ അനേകം ഖണ്ഡങ്ങളായി അഥവാ കമ്പാർട്ടുമെന്റുകളായി സമൂഹം വിഭജിക്കപ്പെട്ടിരിക്കുന്നു
- ജാതി അടഞ്ഞ വ്യവസ്ഥിതിയാണ് കാരണം ജാതിയെ നിർണ്ണയിക്കുന്നത് ജനനമാണ്

**<u>2.ശ്രേണീ ബന്ധമായ വിഭജനം</u>**

- ജാതികൾക്കിടയിൽ അസമത്വം നിലനിൽക്കുന്നു
- ഓരോ ജാതിയും മറ്റു ജാതികളെക്കാൾ ഉയർന്നതോ താഴ്ന്നതോ ആയിരിക്കും

**<u>3.സാമൂഹ്യമായ പരസ്പര പ്രവർത്തനത്തിന് മേലുള്ള നിയന്ത്രണങ്ങൾ</u>**

- ഭക്ഷണം പങ്കിടുന്ന കാര്യത്തിലും സാമൂഹ്യ സമ്പർക്കങ്ങളിലും ജാതി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു

- ഏതൊക്കെ ഭക്ഷണം ഏതൊക്കെ വിഭാഗങ്ങൾ തമ്മിൽ പങ്കിടാം എന്നത് സംബന്ധിച്ച് നിയമങ്ങളുണ്ട്
- ശുദ്ധ-അശുദ്ധ സങ്കൽപം ആണ് ഇതിനു അടിസ്ഥാനം

**4.വ്യത്യസ്ത അവകാശങ്ങളും കടമകളും**

- പ്രത്യേകമായ അവകാശങ്ങളും കടമകളും ഓരോ ജാതിയിലും നിലനിൽക്കുന്നു.
- ഇത് മതപരമായ കാര്യങ്ങളിലും മതേതര കാര്യങ്ങളിലും നിലനിൽക്കുന്നു

**5.തൊഴിൽ തിരഞ്ഞെടുക്കുന്നതിനുള്ള നിയന്ത്രണം**

- തൊഴിൽ നിർണ്ണയിക്കുന്നത് ജാതി അടിസ്ഥാനത്തിലാണ്
- തൊഴിൽ നിർണ്ണയിക്കുന്നത് ജനനവും പാരമ്പര്യവും ആണ്

**6.വിവാഹത്തിന്മേലുള്ള നിയന്ത്രണങ്ങൾ**

- ജാതിക്കു അകത്തുള്ള വിവാഹത്തെ അഥവാ സ്വഗണ വിവാഹത്തെ മാത്രമേ ജാതി അനുവദിക്കുകയുള്ളു
- ബഹിർഗണ വിവാഹത്തെ അത് എതിർക്കുന്നു

**ഡി.പി.മുഖർജി (1894-1961)**

**പ്രധാന കൃതി**

- ഇന്ത്യൻ സംഗീതത്തിന് ഒരു ആമുഖം

**ജീവിക്കുന്ന പാരമ്പര്യം**

- ഇന്ത്യയുടെ പാരമ്പര്യവും മാറ്റവും ആണ് അദ്ദേഹത്തിന്റെ പഠന മേഖല
- പാരമ്പര്യം എന്ന പദത്തിന്റെ മൂലാർത്ഥം 'പ്രസരണം ചെയ്യുക' എന്നാണ്
- പാരമ്പര്യം ഭൂതകാലത്തിൽ അധിഷ്ഠിതമാണ്
- കഥകളുടെയും മിത്തുകളുടെയും ആവർത്തിച്ചുള്ള ഓർമ്മ പുതുക്കൽ പാരമ്പര്യത്തെ നിലനിർത്തുന്നു
- എന്നാൽ പാരമ്പര്യത്തിന് ഭൂത കാലവുമായുള്ള ബന്ധം മാറ്റത്തെ നിഷേധിക്കുന്നില്ല
- ഇന്ത്യയിലെ സാമൂഹ്യ പാരമ്പര്യങ്ങളെ കുറിച്ച് പഠിക്കുക എന്നതാണ് ഒരു ഇന്ത്യൻ സമൂഹ ശാസ്ത്രജ്ഞന്റെ ആദ്യ ചുമതല എന്ന് ഡി.പി. വാദിച്ചു
- പാരമ്പര്യത്തെക്കുറിച്ചുള്ള പഠനം ഭൂത കാലത്തെക്കുറിച്ചുള്ള പഠനം മാത്രം ആകരുതെന്നും മാറ്റങ്ങളെക്കുറിച്ചു കൂടിയുള്ള പഠനം ആകണമെന്നും ഡി.പി. വാദിച്ചു
- ഡി.പി.യുടെ വീക്ഷണത്തിൽ പാരമ്പര്യം സജീവവും ചലനാത്മകവുമാണ്
- കാരണം ഇത് ഭൂതകാലവുമായുള്ള ബന്ധം നിലനിർത്തുകയും വർത്തമാന കാലവുമായി പൊരുത്തപ്പെട്ടു പോകുകയും ചെയ്യുന്നു

**<u>മാറ്റത്തിന്റെ ഉറവിടങ്ങൾ</u>**

- മാറ്റത്തിനു ആന്തരികവും ബാഹ്യവുമായ ഉറവിടങ്ങൾ നിലനിൽക്കുന്നു
- ആന്തരികവും സാമ്പത്തികേതരവുമായ മാറ്റങ്ങളുടെ കാരണങ്ങൾക്ക് ഒരു വിവരണം നൽകുക എന്നതാണ് ഇന്ത്യൻ സമൂഹ ശാസ്ത്രത്തിന്റെ ആദ്യ ചുമതലയെന്നു ഡി.പി. അഭിപ്രായപ്പെട്ടു

**<u>ഇന്ത്യൻ പാരമ്പര്യത്തിലെ മൂന്ന് പരിവർത്തനതത്വങ്ങൾ</u>**

- *ശ്രുതി, സ്മൃതി, അനുഭവ* എന്നിവയാണ് മാറ്റത്തിന്റെ മൂന്നു തത്വങ്ങൾ

***<u>സ്മൃതിയും ശ്രുതിയും</u>***

- ഉന്നതമായ പാരമ്പര്യങ്ങൾ സ്മൃതിയിലും ശ്രുതിയിലും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു
- എന്നാൽ ഗ്രൂപ്പുകളുടെയും വിഭാഗങ്ങളുടെയും കൂട്ടായ അനുഭവങ്ങൾ അവയെ വെല്ലുവിളിച്ചു
- ഉദാ: ഭക്തി പ്രസ്ഥാനം, സൂഫിസം

***<u>അനുഭവ</u>***

- അനുഭവ അഥവാ വ്യക്തിപരമായ അനുഭവം വിപ്ലവകരമായ ഒരു ആശയമാണ്. ഇന്ത്യയിൽ അത് കൂട്ടായ അനുഭവമായി മാറി
- ഗ്രൂപ്പുകളുടെ കൂട്ടായ അനുഭവം ഇന്ത്യൻ സമൂഹത്തിലെ മാറ്റത്തിന്റെ പ്രധാന തത്വമായി മാറി
- ഇന്ത്യൻ സാഹചര്യത്തിൽ മാറ്റത്തിന്റെ പ്രധാന ശക്തി യുക്തിബോധമല്ലമറിച്ചു, അനുഭവവും സ്നേഹവുമാണെന്ന് ഡി.പി. അഭിപ്രായപ്പെട്ടു

**<u>എ.ആർ. ദേശായി (1915-1994)</u>**

- ❖ ഇന്ത്യൻ ദേശീയതയെക്കുറിച്ചു പഠിച്ച ആജീവനാന്ത മാർക്സിസ്റ്റും സമൂഹ ശാസ്ത്രജ്ഞനുമായിരുന്നു എ.ആർ. ദേശായി

**പ്രധാന കൃതികൾ**

- ❖ ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യ പശ്ചാത്തലം – 1948
- ❖ കർഷക സമരങ്ങൾ - 1979

- കർഷക പ്രസ്ഥാനങ്ങൾ, ഗ്രാമീണ സമൂഹ ശാസ്ത്രം, ആധുനിക വൽക്കരണം, നാഗരിക പ്രശ്നങ്ങൾ, രാഷ്ട്രീയ സമൂഹ ശാസ്ത്രം, രാഷ്ട്രത്തിന്റെ രൂപങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവയാണ് പ്രധാന പഠന മേഖല

- ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റിയുടെ പ്രസിഡന്റ് ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്

**ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യ പശ്ചാത്തലം**

- ഈ ഗഗ്രന്ഥത്തിൽ ഇന്ത്യൻ ദേശീയതയുടെ ഒരു മാർക്സിസ്റ്റ് അവലോകനമാണ് ദേശായി നടത്തിയത്
- സാമ്പത്തിക പ്രക്രിയകൾക്കും വിഭജനങ്ങൾക്കുമാണ് ഇത് പ്രാധാന്യം നൽകിയത് ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ കാലത്തേ പ്രത്യേക അവസ്ഥകളും ഇതിൽ അടങ്ങുന്നുണ്ട്

**ക്ഷേമ രാഷ്ട്രത്തെക്കുറിച്ചു എ.ആർ. ദേശായി**

- ആധുനിക മുതലാളിത്ത രാഷ്ട്രത്തെക്കുറിച്ചു പഠിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചു
- **'ദി മിത്ത് ഓഫ് വെൽഫെയർ സ്റ്റേറ്റ്'** എന്ന ബുക്കിൽ അദ്ദേഹം ക്ഷേമ രാഷ്ട്രത്തെ അദ്ദേഹം വിമർശിച്ചു

**ക്ഷേമ രാഷ്ട്രത്തിന്റെ സവിശേഷതകൾ**

ക്ഷേമ രാഷ്ട്രത്തിനു ചില പ്രത്യേക സവിശേഷതകൾ ഉണ്ട്:

**a).ക്ഷേമ രാഷ്ട്രം ഒരു ക്രിയാത്മക രാഷ്ട്രമാണ്**

- സമൂഹത്തിൽ ക്രമസമാധാനം നിലനിർത്തുന്നതിന് രാഷ്ട്രം ഇടപെടണമെന്നു ഇത് വാദിക്കുന്നു
- സമൂഹ നന്മയ്ക്കു വേണ്ടി സാമൂഹ്യ നയങ്ങൾ രൂപകൽപന ചെയ്യാനും നടപ്പിലാക്കാനും ഉള്ള അധികാരങ്ങൾ പ്രയോഗിക്കുന്നു

**b).ക്ഷേമ രാഷ്ട്രം ഒരു ജനാധിപത്യ രാഷ്ട്രമാണ്**

- ക്ഷേമരാഷ്ട്രത്തിനു ജനാധിപത്യം അത്യാവശ്യമാണ്
- ഔപചാരിക ജനാധിപത്യ സ്ഥാപനങ്ങളായ ബഹുകക്ഷി തിരഞ്ഞെടുപ്പുകൾ ഇതിന്റെ സവിശേഷതയാണ്

**c).ക്ഷേമ രാഷ്ട്രത്തിൽ മിശ്ര സമ്പദ് വ്യവസ്ഥയാണുള്ളത്**

- സ്വകാര്യ മുതലാളിത്ത സംരംഭങ്ങളും പൊതുമേഖലാ സംരംഭങ്ങളും ഒരുമിച്ചു നിൽക്കുന്ന സമ്പദ് വ്യവസ്ഥയാണ് മിശ്ര സമ്പദ് വ്യവസ്ഥ
- അടിസ്ഥാന വസ്തുക്കൾ, സാമൂഹ്യ അന്തർ ഘടന എന്നിവ പൊതുമേഖലയിലും ഉപഭോഗ വസ്തുക്കളുടെ ഉത്പാദനം സ്വകാര്യ മേഖലയിലും നടക്കുന്നു

**<u>ക്ഷേമരാഷ്ട്രത്തിന്റെ മാനദണ്ഡങ്ങൾ</u>**

ക്ഷേമ രാഷ്ട്രത്തിന്റെ പ്രകടനം അളക്കുന്നതിനു ഉള്ള മാനദണ്ഡങ്ങൾ എ.ആർ. ദേശായി നിർദ്ദേശിച്ചിട്ടുണ്ട്

1. എല്ലാ പൗരന്മാർക്കും ദാരിദ്ര്യം, സാമൂഹ്യ വിവേചനം എന്നിവയിൽ നിന്ന് മോചനവും സുരക്ഷയും ഉറപ്പാക്കുക
2. വരുമാനം സമ്പന്നരിൽ നിന്ന് ദരിദ്രരിലേക്കു പുനർവിതരണം നടത്തി വരുമാനത്തിലെ അസമത്വം ഇല്ലാതാക്കുക
3. സമൂഹത്തിന്റെ യഥാർത്ഥ ആവശ്യങ്ങൾക്ക് വേണ്ടി സമ്പത്തു ഉപയോഗിക്കുക
4. സാമ്പത്തിക കുതിപ്പും മാന്ദ്യവും ബാധിക്കാതെ സ്വതന്ത്രമായ സുസ്ഥിര വികസനം ഉറപ്പാക്കുക
5. എല്ലാവർക്കും തൊഴിൽ നൽകുക

**ക്ഷേമ രാഷ്ട്രമെന്ന പൊള്ളത്തരം**

- ആധുനിക രാഷ്ട്രങ്ങൾ പൗരന്മാർക്ക് സാമൂഹ്യ-സാമ്പത്തിക സുരക്ഷിതത്വം നൽകുന്നതിലും സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിലും സുസ്ഥിര വികസനം കൈവരിക്കുന്നതിലും തൊഴിൽ നൽകുന്നതിലും പരാജയപ്പെട്ടു
- ഈ കാരണങ്ങളാൽ ആധുനിക മുതലാളിത്ത രാഷ്ട്രങ്ങളിൽ ക്ഷേമ രാഷ്ട്രം എന്നത് ഒരു മിത്താണെന്നു ദേശായി വാദിച്ചു

**<u>എം.എൻ. ശ്രീനിവാസ് (1916-1999)</u>**

**പ്രധാന കൃതികൾ**

- 'ദക്ഷിണേന്ത്യയിലെ കൂർഗുകൾക്കിടയിലെ മതവും സമൂഹവും'
- ജാതി, ആധുനികവൽക്കരണവും സാമൂഹ്യ മാറ്റത്തിന്റെ മറ്റു പ്രക്രിയകളും, ഗ്രാമ സമൂഹം എന്നിവയാണ് പ്രധാന പഠന മേഖലകൾ

**<u>ഗ്രാമത്തെക്കുറിച്ചു എം.എൻ.ശ്രീനിവാസ്</u>**

- ഇന്ത്യൻ ഗ്രാമവും സമൂഹവും അദ്ദേഹത്തിന്റെ പ്രധാന പഠന മേഖല ആയിരുന്നു
- മൈസൂരിനടുത്തുള്ള ഒരു ഗ്രാമത്തിൽ ഒരു വർഷം ഫീൽഡ് വർക്ക് നടത്തുകയും ഗ്രാമ സമൂഹത്തെക്കുറിച്ചു നേരിട്ടുള്ള അറിവ് ലഭിക്കുകയും ചെയ്തു
- 1950-കളിലും 1960-കളിലും ഗ്രാമ സമൂഹത്തിന്റെ വിശദമായ വംശീയ പഠനങ്ങൾ നടത്താൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു

**<u>ഗ്രാമത്തെകുറിച്ചുള്ള 2 വീക്ഷണങ്ങൾ</u>**

- ഗ്രാമങ്ങളിൽ നടത്തിയ ഫീൽഡ് വർക്കിന്റെ വംശീയ ശാസ്ത്രപരമായ വിവരങ്ങൾ, അവയെക്കുറിച്ചുള്ള ചർച്ചകൾ
- സാമൂഹ്യ വിശകലനത്തിനുള്ള ഒരു യൂണിറ്റ് എന്ന നിലയിൽ ഇന്ത്യൻ ഗ്രാമത്തെക്കുറിച്ചുള്ള ചരിത്രപരവും സങ്കല്പപരവുമായ ചർച്ചകൾ

**<u>ലൂയി ഡ്യുമോണ്ടുമായുള്ള സംവാദം</u>**

- ഒരു സങ്കൽപം എന്ന നിലയിൽ ഗ്രാമത്തെകുറിച്ചുള്ള സംവാദങ്ങൾ നടന്നു
- ലൂയി ഡ്യുമോണ്ടിനെ പോലെയുള്ള ശാസ്ത്രജ്ഞർ ജാതിയാണ് ഗ്രമത്തേക്കാൾ പ്രധാനപ്പെട്ടതെന്നു വാദിച്ചു
- ഗ്രാമത്തെ ഒരു പ്രത്യേക സ്ഥലത്തു താമസിക്കുന്ന ഒരു സഞ്ചയമായാണ് അവർ കണ്ടത്
- ഗ്രാമങ്ങൾ നിലനിൽക്കുകയോ നശിക്കപ്പെടുകയോ ചെയ്യാം എന്നാൽ സാമൂഹ്യ സ്ഥാപനങ്ങളായ ജാതിയും മതവും എന്നും നിലനിൽക്കും
- അതിനാൽ ഗ്രാമത്തിനു വലിയ പ്രാധാന്യം കൊടുക്കുന്നത് സാമൂഹ്യ ശാസ്ത്രജ്ഞരെ വഴി തെറ്റിക്കുമെന്നു ഡ്യുമോണ്ട് വാദിച്ചു

- ശ്രീനിവാസ് ഇതിനെ എതിർക്കുകയും ഗ്രാമം വളരെ പ്രസക്തിയുള്ള ഒരു സാമൂഹ്യ യാഥാർഥ്യം ആണെന്നു വിശ്വസിക്കുകയും ചെയ്തു
- ഗ്രാമങ്ങൾ ഒരു ഏകോപന ശക്തിയായാണ് പ്രവർത്തിച്ചിരുന്നത്
- ഗ്രാമീണ സാമൂഹ്യ ജീവിതത്തിൽ ഗ്രാമ ഐക്യത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് അദ്ദേഹം വാദിച്ചു
- ഗ്രാമങ്ങൾ മാറ്റങ്ങൾ ഇല്ലാത്തതാണെന്ന ധാരണ തെറ്റാണെന്നും ഗ്രാമങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വാദിച്ചു
- ഗ്രാമങ്ങൾ മറ്റു പ്രദേശങ്ങളുമായി സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ബന്ധങ്ങൾ നിലനിർത്തിയിരുന്നു എന്നും ഗ്രാമങ്ങൾ സ്വയം പര്യാപ്തമായിരുന്നില്ലെന്നും അദ്ദേഹം വാദിച്ചു